# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**“ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും” (യാക്കോബ് ൪:൮)**

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.
Printed on 29th of every month.

**വാല്യം 03    ഫെബ്രുവരി–2012    ലക്കം 2**

ഒറ്റപ്രതി 10 രൂപ    വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം


രോഗീദിനസന്ദേശം .................................... 03
സർക്കുലർ (തിരുബാലസഖ്യദിനം) ............................ 11
സർക്കുലർ .......................................... 15
വിജ്ഞാപനം (എംപറർ ഇമ്മാനുവൽ ട്രസ്റ്റ്) ............. 20
സർക്കുലർ (കർഷകദിനം) ................................ 22
ഇടയലേഖനം (മദ്യവിരുദ്ധസമിതി) ......................... 25
ലോകസമാധാനദിന സന്ദേശം .............................. 29
Agreement between the Catholic Church and the Malankara Orthodox Syrian Church on the Sharing of Sacred Places ........................ 38
രൂപതാകച്ചേരി വാർത്തകൾ ................................ 41
ആദരാഞ്ജലികൾ (റവ.ഫാ. അഗസ്റ്റിൻ കീലത്ത്) ........ 43
വിദ്യാഭ്യാസ സഹായനിധി ................................ 47
പ്രേഷിതവർഷം ....................................... 49
ദൈവവിളി ക്യാമ്പുകൾ ................................. 55
മതബോധനരംഗം ....................................... 57
ചെറുപുഷ്പമിഷൻലീഗ് .................................. 61
ബൈബിൾ അപ്പോസ്തലേറ്റ് .............................. 66
കെ. സി. വൈ. എം. ................................... 67
കുടുംബപ്രേഷിതത്വം ................................... 75
സിയോൻ വാർത്തകൾ ..................................... 79
ജീസസ് യൂത്ത്, ക്രിസ്റ്റീൻ ............................... 82
വിൻസെന്റ് ഡി പോൾ സൊസൈറ്റി ....................... 83
കെ.സി.ബി.സി. മദ്യവിരുദ്ധസമിതി ........................ 86
ജയിൽ മിനിസ്ട്രി ...................................... 89
സാമൂഹ്യ സേവനരംഗം (WSSS)............................ 90
കേരള ലേബർ മൂവ്മെന്റ് ................................ 92
റേഡിയോ മാറ്റൊലി ..................................... 93
Mary Matha arts & science college ........................ 94
അറിയിപ്പുകൾ ........................................ 95
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ............................. 96
ബിഷപ്സ് പ്രോഗ്രാം ..................................... 97
പ്രാർത്ഥന ............................................ 99

# ലോകരോഗീദിന സന്ദേശം

## 11 ഫെബ്രുവരി 2012

### ഇരുപതാം ലോകരോഗീദിനത്തോടനുബന്ധിച്ച് പരിശുദ്ധ പിതാവ് ബെനഡിക്ട് പതിനാറാമൻ നല്കുന്ന സന്ദേശം

*"എഴുന്നേറ്റു പൊയ്ക്കൊള്ളുക. നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു" (ലൂക്ക 17:19).*

പ്രിയ സഹോദരീസഹോദരന്മാരേ,

ലോകരോഗീദിനം 2012 ഫെബ്രുവരി 11-ന് ലൂർദ് മാതാവിന്റെ സ്മാരകദിനത്തിൽ ആചരിക്കുകയാണല്ലോ. ഈ അവസരത്തിൽ ആശുപത്രികളിലും വീടുകളിലും ചികിത്സയിലായിരിക്കുന്ന എല്ലാ രോഗികളോടും എനിക്കുള്ള ആത്മീയ അടുപ്പം പുതുക്കാനും അവരിൽ ഓരോരുത്തരോടും മുഴുവൻ സഭയുടെയും ഔത്സുക്യവും വാത്സല്യവും വ്യക്തമാക്കാനും ഞാൻ ആഗ്രഹിക്കുന്നു. ഓരോ മനുഷ്യജീവനെയും – സർവോപരി ദുർബലവും രോഗാതുരവുമായ മനുഷ്യജീവനെ – ഉദാരതയോടും സ്നേഹത്തോടുംകൂടി സ്വാഗതം ചെയ്യുമ്പോൾ ക്രൈസ്തവൻ തന്റെ സുവിശേഷസാക്ഷ്യത്തിന്റെ ഒരു സുപ്രധാനവശം പ്രകാശിപ്പിക്കുകയാണ്. ക്രിസ്തുവിന്റെ മാതൃകയനുസരിച്ചാണ് അങ്ങനെ ചെയ്യുന്നത്. അവിടുന്ന് മനുഷ്യന്റെ ഭൗതികവും ആധ്യാത്മികവുമായ സഹനങ്ങളിൽ അവനെ സുഖപ്പെടുത്തുന്നതിന് കരുണ കാണിച്ചു.

ജർമ്മനിയിൽവച്ച് 2013 ഫെബ്രുവരി 11-ന് ആചരിക്കാനിരിക്കുന്ന ലോകരോഗീദിനത്തിനുള്ള തൊട്ടടുത്ത തയ്യാറെടുപ്പാണ് ഈ വർഷം. നല്ല സമറായന്റെ സുവിശേഷചിത്രമായിരിക്കും ആ ആചരണത്തിൽ ശ്രദ്ധാകേന്ദ്രമായിരിക്കുന്നത് (cf.ലൂക്ക 10:29-37). അതുകൊണ്ട് ഇക്കൊല്ലം സൗഖ്യദാനപരമായ കൂദാശകൾക്ക് ഊന്നൽ നല്കാൻ, അതായത്, പ്രായശ്ചിത്തത്തിന്റെയും അനുരഞ്ജനത്തിന്റെയും കൂദാശ, രോഗീലേപനകൂദാശ എന്നിവയ്ക്ക് പ്രാധാന്യം നല്കാൻ ഞാൻ ആഗ്രഹിക്കുന്നു. ആ കൂദാശകളുടെ സ്വാഭാവികപൂർണത ദിവ്യകാരുണ്യസ്വീകരണത്തിലാണു സംഭവിക്കുന്നത്.

യേശു പത്തു കുഷ്ഠരോഗികളെ കണ്ടുമുട്ടുന്നതായി വിശുദ്ധ

ലൂക്കായുടെ സുവിശേഷത്തിൽ വിവരിക്കുന്നുണ്ട് (cf. ലൂക്കാ 17:11-19). "എഴുന്നേറ്റ് പൊയ്ക്കൊള്ളുക. നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു" (ലൂക്കാ 17:19) എന്ന് കർത്താവ് അവരിൽ ഒരാളോടു പറയുന്നതായും അതിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സഹനത്തിന്റെയും രോഗത്തിന്റെയും ഭാരംവഹിച്ച് കർത്താവിന്റെ അടുത്തേയ്ക്കു പോകുന്നവർക്ക് വിശ്വാസമുണ്ടായിരിക്കുകയെന്നത് എത്രമാത്രം പ്രാധാന്യമർഹിക്കുന്ന കാര്യമാണെന്ന് അറിയാൻ ആ കണ്ടുമുട്ടൽ വിവരണവും കർത്താവിന്റെ ആ വാക്കുകളും നമ്മെ സഹായിക്കുന്നു. വിശ്വസിക്കുന്നവൻ ഒരിക്കലും ഒറ്റപ്പെട്ടവനല്ല എന്ന് കർത്താവുമായുള്ള കണ്ടുമുട്ടലിൽ അവർക്ക് യഥാർത്ഥത്തിൽ അനുഭവിക്കാൻ കഴിയും. യഥാർത്ഥത്തിൽ ദൈവം തന്റെ പുത്രനിൽ, നമ്മെ തീവ്രവേദനയ്ക്കും സഹനങ്ങൾക്കുമായി വിട്ടുകളയുന്നില്ല. പിന്നെയോ അവിടന്ന് നമ്മോട് അടുത്തുനില്ക്കുന്നു, അവയെല്ലാം സഹിക്കാൻ നമ്മെ സഹായിക്കുന്നു, നമ്മുടെ ഹൃദയത്തിന്റെ ആഴങ്ങളിൽ നമ്മെ സുഖപ്പെടുത്താൻ ആഗ്രഹിക്കുകയും ചെയ്യുന്നു (cf. മർക്കോ 2:1-12).

ഒരു കുഷ്ഠരോഗി, താൻ സുഖപ്പെട്ടുവെന്നറിഞ്ഞ് വിസ്മയത്തോടും സന്തോഷത്തോടുംകൂടി - മറ്റുള്ളവരിൽനിന്നു വ്യത്യസ്തനായി - യേശുവിന്റെയടുക്കലേക്ക് പെട്ടെന്ന് തിരിച്ചു ചെന്ന് നന്ദി പറഞ്ഞു. ഒരു വസ്തുത ഗ്രഹിക്കാൻ അത് നമ്മെ സഹായിക്കുന്നു. വീണ്ടും ലഭിക്കുന്ന ആരോഗ്യം കേവലം ശാരീരികസൗഖ്യത്തെക്കാൾ വിലപ്പെട്ടതാണെന്ന വസ്തുതയാണത്. അത് ക്രിസ്തുവിലൂടെ ദൈവം നമുക്കു നല്കുന്ന രക്ഷയുടെ ഒരു അടയാളമാണ്. "നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു" എന്ന ക്രിസ്തുവിന്റെ വാക്കുകളിൽ അത് പ്രകാശിപ്പിക്കപ്പെടുന്നു. സഹനത്തിലും രോഗത്തിലും കർത്താവിനോട് പ്രാർത്ഥിക്കുന്നവന് ഉറപ്പുണ്ട്, ദൈവസ്നേഹം തന്നെ പരിത്യജിക്കുകയില്ലെന്ന്. കർത്താവിന്റെ രക്ഷാകരകർമ്മത്തിന്റെ കാലത്തിലുള്ള ദീർഘിപ്പിക്കലാകുന്ന സഭയുടെ സ്നേഹം ഒരിക്കലും പരാജയപ്പെടുകയില്ലെന്നും ഉറപ്പുണ്ട്. അങ്ങനെ രക്ഷയുടെ അത്യഗാധമായ ബാഹ്യപ്രകടനമായ ശാരീരികസൗഖ്യദാനം കർത്താവിന്റെ മുമ്പിൽ മനുഷ്യനുള്ള പ്രാധാന്യം വെളിവാക്കുന്നു. കർത്താവിന്റെ മുമ്പിൽ ആത്മശരീരങ്ങളോടുകൂടിയ സമഗ്രമനുഷ്യനുള്ള പ്രാധാന്യം വെളിവാകുന്നു. അതിനായി ഓരോ കൂദാശയും ദൈവത്തിന്റെ ഉറ്റസാമീപ്യം വെളിവാക്കുകയും സാക്ഷാത്കരിക്കുകയും ചെയ്യുന്നു. അവിടുന്നു തികച്ചും സൗജന്യപരമായി "ഭൗതികവസ്തുക്കളിലൂടെ നമ്മെ തൊടുന്നു... അവയെ അവിടുന്ന് തന്റെ സേവനത്തിനായി എടുക്കുന്നു. നമ്മൾ അവിടുത്തെ കണ്ടുമുട്ടു

ന്നതിനുള്ള ഉപകരണങ്ങളാക്കുകയും ചെയ്യുന്നു" (*പ്രഭാഷണം, ക്രിസ്സം മാസ്സ്, 1 ഏപ്രിൽ 2010*). "സൃഷ്ടികർമ്മവും രക്ഷാകർമ്മവും തമ്മിലുള്ള ഐക്യം ദൃശ്യമാക്കപ്പെടുന്നു. നമ്മുടെ വിശ്വാസത്തിന്റെ ഭൗതിക സ്വഭാവത്തിന്റെ പ്രകാശനങ്ങളാണ് കൂദാശകൾ. ആ വിശ്വാസം മുഴുവൻ വ്യക്തിയെയും – ശരീരത്തെയും ആത്മാവിനെയും – ആശ്ലേഷിക്കുന്നു" (*പ്രഭാഷണം, ക്രിസ്സം മാസ്സ്, 21 ഏപ്രിൽ 2011*).

സഭയുടെ പ്രധാന ദൗത്യം, തീർച്ചയായും, ദൈവരാജ്യം പ്രഘോഷിക്കുകയെന്നതാണ്. "എന്നാൽ ഈ പ്രഘോഷണംതന്നെ സുഖപ്പെടുത്തൽ പ്രക്രിയ ആയിരിക്കണം. 'ഹൃദയം തകർന്നവരെ ആശ്വസിപ്പിക്കൽ' (ഏശ 61:1) ആയിരിക്കണം". (അവിടെത്തന്നെ) യേശു തന്റെ ശിഷ്യരെ ഏല്പിച്ച കടമയനുസരിച്ച് അപ്രകാരമായിരിക്കണം (cf. ലൂക്കാ 9:1–2; മത്താ 10:1, 5–14; മർക്കോ 6:7–13). അങ്ങനെ, ആത്മാവ് മുറിവേറ്റതിനുശേഷമുണ്ടാകുന്ന ശാരീരികാരോഗ്യം, നവീകരണം എന്നീ രണ്ടു കാര്യങ്ങൾ സൗഖ്യദാനകൂദാശകളെ കൂടുതൽ നന്നായി മനസ്സിലാക്കാൻ നമ്മെ സഹായിക്കുന്നു.

2. മിക്കപ്പോഴും സഭയുടെ അജപാലകരുടെ വിചിന്തനത്തിന്റെ കേന്ദ്രമായിരുന്നു പ്രായശ്ചിത്തക്കൂദാശ. ക്രൈസ്തവയാത്രയിൽ അതിനുള്ള വലിയ പ്രാധാന്യമാണ് അതിന്റെ സവിശേഷകാരണം. എന്തെന്നാൽ "പ്രായശ്ചിത്തക്കൂദാശയുടെ മുഴുവൻ ശക്തിയും നമ്മെ ദൈവത്തിന്റെ കൃപാവരത്തിലേക്കു തിരിച്ചുകൊണ്ടുപോകുന്നതിലും അവിടുത്തോടുള്ള ഉറ്റസൗഹൃദത്തിൽ നമ്മെ ചേർക്കുന്നതിലും അടങ്ങിയിരിക്കുന്നു" (കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം, 1468). യേശുവിന്റെ പാപപ്പൊറുതിയുടെയും അനുരഞ്ജനത്തിന്റെയും സന്ദേശത്തിന്റെ പ്രഘോഷണം തുടർന്നുകൊണ്ടിരിക്കുന്നു. മാനസാന്തരപ്പെടാനും സുവിശേഷത്തിൽ വിശ്വസിക്കാനും മുഴുവൻ മനുഷ്യവംശത്തെയും ക്ഷണിക്കുന്നതിൽനിന്ന് സഭ വിരമിക്കുന്നില്ല. "ഞങ്ങൾ ക്രിസ്തുവിന്റെ സ്ഥാനപതികളാണ്. ഞങ്ങൾ വഴി ദൈവം നിങ്ങളോട് അഭ്യർത്ഥിക്കുന്നു. നിങ്ങൾ ദൈവത്തോടു രമ്യതപ്പെടുവിൻ. ഇതാണ് ക്രിസ്തുവിന്റെ നാമത്തിൽ ഞങ്ങൾ നിങ്ങളോട് അപേക്ഷിക്കുന്നത്" (2 കോറി 5:20) എന്നിങ്ങനെയുള്ള വിശുദ്ധ പൗലോസ് ശ്ലീഹായുടെ ആഹ്വാനം സഭ സ്വന്തമാക്കുന്നു.

യേശു തന്റെ ജീവിതകാലത്ത് പിതാവായ ദൈവത്തിന്റെ കാരുണ്യത്തെക്കുറിച്ചു പ്രഘോഷിക്കുകയും അതിനെ സന്നിഹിതമാക്കുകയും ചെയ്തു. അവിടുന്ന് വന്നത് ശിക്ഷയ്ക്കു വിധിക്കാനല്ല. പിന്നെയോ പൊറുക്കാനും രക്ഷിക്കാനുമാണ്. സഹനത്തിന്റെയും പാപ

ത്തിന്റെയും കൂരിരുട്ടിൽ പ്രത്യാശ നല്കാനും ശാശ്വതജീവൻ നല്കാനുമാണ്. അങ്ങനെ, പ്രായശ്ചിത്തക്കൂദാശയിൽ, "ഏറ്റുപറച്ചിൽ എന്ന ഔഷധത്തിൽ", പാപത്തിന്റെ അനുഭവം നിരാശയായി തരംതാഴുന്നില്ല. പിന്നെയോ ക്ഷമിക്കുകയും രൂപാന്തരപ്പെടുത്തുകയും ചെയ്യുന്ന ദിവ്യസ്നേഹത്തെ കണ്ടുമുട്ടുകയാണ് (cf. ജോൺപോൾ രണ്ടാമൻ, സിനഡാനന്തര അപ്പസ്തോലികാഹ്വാനം, അനുരഞ്ജനവും പ്രായശ്ചിത്തവും, 31).

സുവിശേഷത്തിലെ ഉപമയിൽ കാണുന്ന പിതാവിനെപ്പോലെ (cf. ലൂക്കാ 15:11-32) "കരുണയിൽ സമ്പന്നൻ" (എഫേ 2:4) ആണ് ദൈവം. അവിടുന്ന് തന്റെ മക്കളിൽ ആരുടെയും നേരേ ഹൃദയം അടയ്ക്കുന്നില്ല. മറിച്ച് അവരെ കാത്തിരിക്കുന്നു. അവർ കൂട്ടായ്മ ഉപേക്ഷിക്കയാൽ അനുഭവിക്കുന്ന ഏകാന്തതയുടെയും വിഭജനത്തിന്റെയും തടവിൽ അവരെ അന്വേഷിച്ചു ചെല്ലുന്നു. അവരെ തന്റെ വിരുന്നുമേശയ്ക്കു ചുറ്റും, പാപപ്പൊറുതിയുടെയും അനുരഞ്ജനത്തിന്റെയും മഹോത്സവത്തിന്റെ സന്തോഷത്തിൽ, സമ്മേളിക്കാൻ ക്ഷണിക്കുന്നു. നിരുത്സാഹപ്പെടാനും നിരാശപ്പെടാനും പ്രലോഭിപ്പിക്കപ്പെടാവുന്ന സഹനത്തിന്റെ സമയത്തെ കൃപാവരത്തിന്റെ സമയമാക്കി രൂപാന്തരപ്പെടുത്താൻ കഴിയും. ഒരുവന് തന്നിലേക്കുതന്നെ തിരിയാൻ കഴിയും. ഉപമയിൽ കാണുന്ന ധൂർത്തപുത്രനെപ്പോലെ സ്വന്തം ജീവിതത്തെ സംബന്ധിച്ച് പുതുതായി ചിന്തിക്കാനും അതിലെ തെറ്റുകളും പരാജയങ്ങളും തിരിച്ചറിയാനും പിതാവിന്റെ ആശ്ലേഷം ആഗ്രഹിച്ചുകൊണ്ട് അവിടുത്തെ ഭവനത്തിലേക്കുള്ള വഴിയേ നടക്കാനും കഴിയും. പിതാവായ ദൈവം എപ്പോഴും വലിയ സ്നേഹത്തോടെ എല്ലായ്പ്പോഴും എവിടെയും നമ്മുടെ ജീവിതത്തെ നിരീക്ഷിച്ചുകൊണ്ടിരിക്കുന്നു. തന്നിലേക്കു തിരിച്ചുവരുന്ന ഓരോ വ്യക്തിക്കും പൂർണമായ അനുരഞ്ജനത്തിന്റെയും സന്തോഷത്തിന്റെയും സമ്മാനം നല്കാൻവേണ്ടി നമ്മെ കാത്തിരിക്കുന്നു.

3. യേശു രോഗികളോട് എപ്പോഴും പ്രത്യേക താത്പര്യം കാണിച്ചിരുന്നു. സുവിശേഷങ്ങൾ വായിക്കുമ്പോൾ അക്കാര്യം വ്യക്തമാകുന്നുണ്ട്. മുറിവുകൾ സുഖപ്പെടുത്താൻ ശിഷ്യരെ അയയ്ക്കുക മാത്രമല്ല അവിടുന്ന് ചെയ്തത് (cf. മത്താ 10:8; ലൂക്കാ 9:2; 10:9). പിന്നെയോ രോഗീലേപനമെന്ന ഒരു സവിശേഷക്കൂദാശ സ്ഥാപിക്കുകകൂടി ചെയ്തു. ക്രൈസ്തവസമൂഹം ഉണ്ടാകുന്നതിനുമുമ്പുതന്നെ ഈ കൗദാശിക കർമ്മം നിലനിന്നതായി വിശുദ്ധ യാക്കോബിന്റെ ലേഖനം സാക്ഷ്യം വഹിക്കുന്നു (cf. യാക്കോ 5:14-16). മൂപ്പന്മാരുടെ പ്രാർത്ഥനയോടെ രോഗീ

ലേപനം നടത്തുകയും അങ്ങനെ സഭ രോഗികളെ സഹിക്കുന്നവനും മഹത്ത്വീകൃതനുമായ കർത്താവിന് ഭരമേല്പിക്കുകയും ചെയ്യുന്നു. അവിടുന്ന് അവരുടെ സഹനങ്ങൾ ലഘൂകരിക്കാനും അവരെ രക്ഷിക്കാനും വേണ്ടിയാണത്. ക്രിസ്തുവിന്റെ പീഡാസഹനത്തോടും മരണത്തോടും ആദ്ധ്യാത്മികമായി സ്വയം ഐക്യപ്പെടാൻ സഭ രോഗികളോട് ആഹ്വാനം ചെയ്യുന്നു. ദൈവജനത്തിന്റെ നന്മയ്ക്ക് ഉപകരിക്കാനാണത്.

ഒലിവുമലയിലെ ഇരട്ടരഹസ്യത്തെക്കുറിച്ചു ചിന്തിക്കാൻ ഈ കൂദാശ നമ്മെ പ്രേരിപ്പിക്കുന്നു. അവിടെ പിതാവ് ചൂണ്ടിക്കാണിച്ച പീഡാസഹനത്തിന്റെ പാത യേശു കണ്ടുമുട്ടുന്നു. അത് സ്നേഹത്തിന്റെ പരമമായ പ്രവൃത്തിയാണ്. അവിടുന്ന് അതു സ്വീകരിച്ചു. പരീക്ഷയുടെ ആ സമയത്ത് അവിടുന്ന് മധ്യസ്ഥനാണ്. "അവിടുന്ന് ലോകത്തിന്റെ സഹനങ്ങളും പീഡകളും തന്നിൽതന്നെ വഹിക്കുന്നു. ലോകത്തെ ദൈവത്തിങ്കലേക്കുള്ള നിലവിളിയായി രൂപാന്തരപ്പെടുത്തുന്നു. അതിനെ ദൈവത്തിന്റെ കണ്ണുകളിലേക്കും കൈകളിലേക്കും എത്തിക്കുന്നു. യഥാർത്ഥത്തിൽ രക്ഷയുടെ നിമിഷത്തിലേക്കു കൊണ്ടുവരുന്നു" (ദിവ്യവായന, റോമിലെ ഇടവക വികാരിമാരുമായുള്ള കൂടിക്കാഴ്ച, 18 ഫെബ്രുവരി 2010). എന്നാൽ "അവിടുന്ന് പിതാവിന്റെ അടുക്കലേക്ക് ആരോഹണം ചെയ്ത സ്ഥാനവുമാണ് ഒലിവുതോട്ടം. അതുകൊണ്ട് അത് രക്ഷാകർമ്മത്തിന്റെ സ്ഥാനവുമാണ്.

ഒലിവുമലയുടെ ഈ ഇരട്ടരഹസ്യം സഭയുടെ കൗദാശികതൈലത്തിൽ എപ്പോഴും പ്രവർത്തിക്കുന്നു... നമ്മെ സ്പർശിക്കാൻ വരുന്ന "ദൈവത്തിന്റെ നന്മയുടെ അടയാളം" (*പ്രഭാഷണം, ക്രിസ്സം മാസ്സ്, 1 ഏപ്രിൽ 2010*).

രോഗീലേപനത്തിൽ തൈലമെന്ന കൗദാശികവസ്തു ദൈവം നല്കുന്ന ഔഷധമെന്ന നിലയിൽ നല്കപ്പെടുന്നു. "...അത് അവിടുത്തെ നന്മയെക്കുറിച്ച് നമുക്ക് ഉറപ്പുതരുന്നു. ശക്തിയും ആശ്വാസവും നല്കും. എന്നാൽ രോഗത്തിന്റെ നിമിഷത്തിനപ്പുറത്ത് സുനിശ്ചിതമായ സൗഖ്യദാനത്തെ, ഉത്ഥാനത്തെ, സൂചിപ്പിക്കുകയും ചെയ്യുന്നു (cf. യാക്കോ 5:14)"

ഇന്ന് ഈ കൂദാശ, ദൈവശാസ്ത്രപരമായ ചിന്തയിലും രോഗികളുടെയിടയിലുള്ള അജപാലനശുശ്രൂഷയിലും കൂടുതൽ പരിഗണന അർഹിക്കുന്നുണ്ട്. രോഗത്തോടു ബന്ധപ്പെട്ട വിവിധ മാനുഷികസാഹചര്യങ്ങളോടു പൊരുത്തപ്പെടുത്തിയിട്ടുള്ള ലിറ്റർജിക്കൽ പ്രാർത്ഥനകളുടെ ഉള്ളടക്കം വിലമതിക്കണം. ഒരു വ്യക്തി അയാളുടെ ജീവിത

ത്തിന്റെ അന്ത്യഘട്ടത്തിലെത്തുമ്പോൾ മാത്രമല്ല അത് നടത്തേണ്ടത് (*cf. കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം*, 1514). രോഗീലേപനം മറ്റു കൂദാശകളുമായി താരതമ്യം ചെയ്യുമ്പോൾ "ചെറിയ കൂദാശ" ആയി കരുതാൻ പാടില്ല. രോഗികളെ പരിചരിക്കുന്നതും അവർക്ക് അജപാല നശുശ്രൂഷ നിർവഹിക്കുന്നതും ഒരുവശത്ത്, സഹിക്കുന്നവരോടുള്ള ദൈവത്തിന്റെ വാത്സല്യത്തിന്റെ അടയാളമാണ്. മറുവശത്ത് അത് മുഴുവൻ ക്രൈസ്തവസമൂഹത്തിനും വൈദികർക്കും ആദ്ധ്യാത്മികമായ നേട്ടമുണ്ടാക്കുകയും ചെയ്യുന്നു. ഏറ്റവും എളിയവർക്കുവേണ്ടി ചെയ്യുന്നത് യേശുവിനുവേണ്ടി ചെയ്യുന്നതാണെന്നു നാം അറിയുന്നുവല്ലോ (cf. മത്താ 25:40).

4. സൗഖ്യദായകകൂദാശകളെ സംബന്ധിച്ച് വിശുദ്ധ ആഗസ്തീനോസ് ഇങ്ങനെ ഉറപ്പിച്ചു പറയുന്നു: "നിന്റെ എല്ലാ രോഗങ്ങളും ദൈവം സുഖപ്പെടുത്തുന്നു. അതുകൊണ്ട് ഭയപ്പെടേണ്ടാ. നിന്റെ എല്ലാ രോഗങ്ങളും ശമിപ്പിക്കപ്പെടും. സുഖപ്പെടുത്താൻ നീ അവിടുത്തെ അനുവദിച്ചാൽ മാത്രം മതി. നീ അവിടുത്തെ കൈകളെ തള്ളിക്കളയരുത്" (Exposition on Psalm 102, 5; PL 36, 1319-1320). അവ രണ്ടും ദൈവകൃപയുടെ അമൂല്യങ്ങളായ ഉപകരണങ്ങളാണ്. ക്രിസ്തുവിന്റെ മരണോത്ഥാനരഹസ്യത്തോട് കൂടുതൽ പൂർണമായി അനുരൂപപ്പെടാൻ അവ രോഗിയെ സഹായിക്കുന്നു.

ഈ രണ്ട് കൂദാശകളോടൊപ്പം ദിവ്യകാരുണ്യത്തിന്റെ പ്രാധാന്യം ഊന്നിപ്പറയാനും ഞാൻ ആഗ്രഹിക്കുന്നു. രോഗാവസ്ഥയിൽ ദിവ്യകാരുണ്യം സ്വീകരിച്ചാൽ അത് ഈ രൂപാന്തരീകരണത്തിന് പ്രത്യേകമാം വിധം സഹായം ചെയ്യും. ക്രിസ്തുവിന്റെ ശരീരരക്തങ്ങളിൽ പങ്കുചേരുന്ന വ്യക്തിയെ, എല്ലാവരുടെയും രക്ഷയ്ക്കായി ക്രിസ്തു പിതാവിന് നടത്തിയ ആത്മസമർപ്പണത്തോട് സ്വയം ഐക്യപ്പെടുത്തുന്നു. ആരോഗ്യക്കുറവു മൂലമോ വാർധക്യം മൂലമോ ആരാധനാലയത്തിൽ പോകാൻ സാധിക്കാത്തവർക്ക് കൂടെക്കൂടെ ദിവ്യകാരുണ്യം സ്വീകരിക്കാനുള്ള സാധ്യത ഉറപ്പുവരുത്താൻ മുഴുവൻ സഭാസമൂഹവും പ്രത്യേകിച്ച് ഇടവക സമൂഹങ്ങളും ശ്രദ്ധിക്കണം.

അങ്ങനെ, ക്രൂശിതനും ഉത്ഥിതനുമായ ക്രിസ്തുവുമായിട്ടുള്ള ബന്ധം ദൃഢീകരിക്കാൻ ഈ സഹോദരീസഹോദരന്മാർക്ക് സാധ്യത നല്കുന്നു. ക്രിസ്തുവിനോടുള്ള സ്നേഹത്തിനു സ്വയം സമർപ്പിക്കുന്ന ജീവിതത്തിലൂടെ സഭയുടെ ദൗത്യത്തിൽ അവർ പങ്കുചേരുന്നു. ഈ വീക്ഷണമനുസരിച്ച്, ആശുപത്രികളിലും നേഴ്സിംഗ് ഹോമുകളിലും രോഗീസംരക്ഷണകേന്ദ്രങ്ങളിലും സാന്ദർഭികസേവനം ചെയ്യുന്ന

വൈദികർ "രോഗികളുടെ യഥാർത്ഥശുശ്രൂഷകരായി തങ്ങളെത്തന്നെ കരുതുകയെന്നത് സുപ്രധാന കാര്യമാണ്. അവർ ക്രിസ്തുവിന്റെ സഹ താപത്തിന്റെ അടയാളങ്ങളും ഉപകരണങ്ങളുമായി കരുതണം. സഹി ക്കുന്ന ആരിലേക്കും അവർ എത്തിച്ചേരുകയും വേണം (*Message for the XVIII World Day of the Sick,* 22 November, 2009).

ദിവ്യകാരുണ്യം തിരുപ്പാഥേയമായി നല്കപ്പെടുകയും സ്വീകരി ക്കപ്പെടുകയും ചെയ്യുമ്പോൾ ക്രിസ്തുവിന്റെ പെസഹാരഹസ്യത്തോ ടുള്ള അനുരൂപപ്പെടൽ പ്രത്യേക അർത്ഥം സ്വീകരിക്കുന്നു. ആ അനു രൂപപ്പെടൽ അരൂപിക്കടുത്ത കുർബാന സ്വീകരണം വഴിയും നടത്താ വുന്നതാണ്. ജീവിതത്തിന്റെ ആ ഘട്ടത്തിൽ കർത്താവിന്റെ ഈ വാക്കു കൾക്കു പ്രത്യേകമായ അർത്ഥമുണ്ടാകുന്നു: "എന്റെ ശരീരം ഭക്ഷി ക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവനു നിത്യജീവ നുണ്ട്. അവസാനദിവസം ഞാൻ അവനെ ഉയിർപ്പിക്കും" (യോഹ 6:54). ദിവ്യകാരുണ്യം പ്രത്യേകിച്ച് തിരുപ്പാഥേയമെന്ന രൂപത്തിലുള്ളത് - അന്ത്യോക്യയിലെ വിശുദ്ധ ഇഗ്നേഷ്യസിന്റെ നിർവചനപ്രകാരം - "അമർത്ത്യതയുടെ ഔഷധവും മരണത്തിനുള്ള മറുമരുന്നുമാണ്" (Letter to the Ephesians, 20: PG 5, 661). മരണത്തിൽനിന്നു ജീവ നിലേക്ക്, ഈ ലോകത്തിൽനിന്ന് സ്വർഗീയജറുസലേമിൽ ഓരോ വ്യക്തിയെയും കാത്തിരിക്കുന്ന പിതാവിങ്കലേക്ക് കടന്നുപോകുന്നതിന്റെ കൂദാശയാണത്.

5. ഇരുപതാം ലോകരോഗീദിനസന്ദേശത്തിന്റെ ചിന്താവിഷയം "എഴുന്നേറ്റു പൊയ്ക്കൊള്ളുക, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരി ക്കുന്നു" എന്നതാണല്ലോ. അതിന് 2012 ഒക്ടോബർ 11-ന് തുടങ്ങാനിരി ക്കുന്ന വിശ്വാസവർഷവുമായി ബന്ധപ്പെട്ടിരിക്കുന്നു. വിശ്വാസത്തിന്റെ ശക്തിയും സൗന്ദര്യവും വീണ്ടും കണ്ടെത്താനും അതിന്റെ ഉള്ളടക്ക ങ്ങൾ പരിശോധിക്കാനും അനുദിനജീവിതത്തിൽ അതിനു സാക്ഷ്യം വഹിക്കാനും അനുകൂലവും അമൂല്യവുമായ ഒരു സന്ദർഭമാണത് (cf. *Apostolic Letter Porta Fidei,* 11, October 2011). ദൈവവചന ശ്രവണം, വ്യക്തിപരമായ പ്രാർത്ഥനകൾ, കൂദാശകൾ എന്നിവയാൽ പരിപോഷിപ്പിക്കപ്പെട്ട വിശ്വാസത്തിൽ അഭയം കണ്ടെത്താൻ രോഗിക ളെയും വേദനിക്കുന്നവരെയും പ്രോത്സാഹിപ്പിക്കാൻ ഞാൻ ആഗ്രഹി ക്കുന്നു. രോഗികൾക്കായി കൂദാശകൾ പരികർമ്മം ചെയ്യുന്നതിന് കൂടു തൽ കൂടുതൽ തയ്യാറായിരിക്കാൻ അജപാലകരെ ഞാൻ ക്ഷണിക്കു ന്നു. വൈദികർ നല്ല ഇടയന്റെ മാതൃക അനുകരിച്ചുകൊണ്ട് തങ്ങളെ

ഭരമേല്പിച്ചിരിക്കുന്ന അജഗണത്തിന്റെ മാർഗനിർദ്ദേശകരെന്ന നിലയിൽ സന്തോഷഭരിതരായിരിക്കണം. ഏറ്റവും ദുർബലരായവരെയും ലളിത ഹൃദയരെയും പാപികളെയും ശ്രദ്ധിക്കുന്നവരായിരിക്കണം. പ്രത്യാശയ്ക്ക് ഉറപ്പു നല്കുന്ന വാക്കുകളുള്ളവരും ദൈവത്തിന്റെ അനന്തമായ കാരുണ്യം പ്രകാശിപ്പിക്കുന്നവരും ആയിരിക്കണം (cf. *St. Augustine, Letter 95, 1: PL 33, 351-352*).

ആരോഗ്യപാലനരംഗത്ത് ജോലി ചെയ്യുന്ന എല്ലാവരോടും യേശു ക്രിസ്തുവിന്റെ സഹിക്കുന്ന മുഖം ബന്ധുക്കളിൽ കാണുന്ന കുടുംബങ്ങളോടും എനിക്കും സഭയ്ക്കുമുള്ള കൃതജ്ഞത ഞാൻ നവീകരിക്കുന്നു. കാരണം, അവരുടെ വിദഗ്ധസേവനത്തിലും നിശബ്ദതയിലും പലപ്പോഴും ക്രിസ്തു എന്ന പേര് സൂചിപ്പിക്കാതെ തന്നെ അവർ വസ്തുനിഷ്ഠമായ രീതിയിൽ അവിടുത്തെ വെളിപ്പെടുത്തുന്നുണ്ട് (cf. *പ്രഭാഷണം, ക്രിസ്സം മാസ്സ്, 21 ഏപ്രിൽ 2011*).

കാരുണ്യത്തിന്റെ അമ്മയും രോഗികളുടെ ആരോഗ്യവുമായിരിക്കുന്ന കന്യകാമറിയത്തിലേക്ക് ഞാൻ കണ്ണുകൾ ഉയർത്തുന്നു. കുരിശിൽ മരിക്കുന്ന തന്റെ പുത്രന്റെ സമീപത്തു നില്ക്കുമ്പോൾ വെളിവാക്കിയ തന്റെ മാതൃസഹജമായ കാരുണ്യം രോഗികളോടൊപ്പമുണ്ടായിരിക്കട്ടെ; ആത്മാവിന്റെയും ശരീരത്തിന്റെയും മുറിവുകൾ സുഖപ്പെടുത്താനുള്ള അവരുടെ യാത്രയിൽ അവരുടെ വിശ്വാസത്തെയും പ്രത്യാശയെയും താങ്ങിനിറുത്തട്ടെ.

എന്റെ പ്രാർത്ഥനകളിൽ നിങ്ങളെ ഓർമ്മിക്കാമെന്ന് ഞാൻ ഉറപ്പു പറയുന്നു. നിങ്ങൾക്ക് ഓരോരുത്തർക്കും പ്രത്യേകമായ അപ്പസ്തോലികാശീർവാദം നല്കുന്നു.

വത്തിക്കാനിൽ നിന്ന്, 20 നവംബർ 2011,
പ്രപഞ്ചരാജാവായ ക്രിസ്തുവിന്റെ തിരുനാൾ ദിവസം
**ബെനഡിക്ട് പതിനാറാമൻ മാർപാപ്പ**

---

**NB:- മാർപ്പാപ്പയുടെ ലോകരോഗീദിന സന്ദേശം 2012 ഫെബ്രുവരി മാസം 5–ാം തീയതി വി.കുർബാനമദ്ധ്യേ വായിക്കുകയോ ഇതിലെ പ്രധാന ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ച് കൊടുക്കുകയോ ചെയ്യേണ്ടതാണ്.**

# തിരുബാലസഖ്യദിനം

## 2012 ഫെബ്രുവരി 12

### കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

ഈശോമിശിഹായിൽ ഏറ്റവും പ്രിയപ്പെട്ട മാതാപിതാക്കളേ, സഹോദരീ സഹോദരന്മാരേ, കുഞ്ഞുമക്കളേ,

എല്ലാ വർഷവും ഫെബ്രുവരി രണ്ടാമത്തെ ഞായറാഴ്ച തിരുബാലസഖ്യദിനമായി ആഗോളകത്തോലിക്കാ സഭ ആചരിക്കുകയാണ് . ബാലനായ ഈശോയുടെ ജീവിത ശൈലി ഓരോ കുഞ്ഞും സ്വന്തമാക്കണമെന്ന് നമ്മെ ഓർമ്മപ്പെടുത്തുന്ന ദിനമാണിത്. 1843 – ൽ ഫ്രാൻസിലെ നാൻസി രൂപതാദ്ധ്യക്ഷനായിരുന്ന ബിഷപ് ചാൾസ് ഡി ഫോർബിൻ ജാക്സൺ ആണ് തിരുബാലസഖ്യം എന്ന സംഘടന സ്ഥാപിക്കുന്നത്. 1922–ൽ 10–ാം പീയൂസ് മാർപാപ്പാ ഈ സംഘടനയെ പൊന്തിഫിക്കൽ പദവിയിലേക്ക് ഉയർത്തുകയും 1950–ൽ 11–ാം പീയൂസ് മാർപാപ്പാ എല്ലാ വർഷവും ഫെബ്രുവരി രണ്ടാം ഞായർ തിരുബാലസഖ്യ ദിനമായി ആചരിക്കണമെന്ന് നിഷ്കർഷിക്കുകയുമുണ്ടായി. ഇളംമനസ്സുകളുടെ രൂപീകരണത്തിന് ഇത്തരം ആഘോഷങ്ങൾ സഹായകമാകയാൽ ഈ ദിനം ഉചിതമായ തയ്യാറെടുപ്പുകളോടെ നാം ആചരിക്കേണ്ടതാണ്. നസ്രത്തിലെ തിരുക്കുടുംബത്തിൽ നിറഞ്ഞുനിന്ന ദൈവികമായ ജീവന്റെ വിശുദ്ധ സംസ്കാരത്തിന് പരിശുദ്ധ അമ്മയുടെയും വിശുദ്ധ യൗസേപ്പിതാവിന്റെയും ബോധപൂർവ്വകമായ കരുതലുകൾ ഉണ്ടായിരുന്നു. ബാലനായ ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്നുവന്നതിൽ ഈ കരുതൽ വലിയ പങ്കുവഹിച്ചു.

കുടുംബവും സാഹചര്യങ്ങളുമാണ് ജീവിതനിലപാടുകൾ രൂപീകരിക്കുന്നതിൽ കുഞ്ഞുങ്ങളെ സ്വാധീനിക്കുന്ന ഏറ്റവും വലിയ ഘടകങ്ങൾ. ഒരു ജീവസംസ്കാരം രൂപപ്പെടുത്തണമെങ്കിൽ ഓരോ

കുട്ടിയുടെയും ജീവിതസാഹചര്യങ്ങൾ അറിഞ്ഞേ മതിയാകൂ. കുട്ടികളുടെ ചിന്താമണ്ഡലങ്ങളും അതിൽ നിന്നും ഉയർന്നുവരുന്ന പ്രവർത്തനരീതികളുമൊക്കെ അവരുടെ ജീവിതനിലവാരത്തിന്റെയും ആദ്ധ്യാത്മിക നിലപാടുകളുടെയും സാക്ഷ്യങ്ങളാണ്. അതിനാൽ, കുഞ്ഞുങ്ങളുടെ മേലുള്ള ദൈവപദ്ധതിക്ക് മുതിർന്നവർ കൂട്ടുനിൽക്കണം. അതിന്റെ തിരിച്ചറിവിനും വളർച്ചയ്ക്കും വേണ്ടി സഹകരിക്കുകയും വേണം. ഉപഭോക്തൃസംസ്കാരത്തിന്റെ ഇഷ്ടാനിഷ്ടങ്ങളും പ്രത്യയശാസ്ത്രങ്ങളുടെ മാർഗഭ്രംശവും കുഞ്ഞുങ്ങളെ വഴിതെറ്റിക്കുന്ന ഇക്കാലത്ത് അതു പ്രധാനപ്പെട്ട കാര്യമാണ്.

സാധാരണഗതിയിൽ 12 വയസ്സുവരെ പ്രായമുള്ള കുട്ടികളാണ് തിരുബാലസഖ്യത്തിൽ അംഗങ്ങളാകുന്നത്. ആദ്യകുർബാനസ്വീകണം വരെയുള്ള ഈ കാലഘട്ടത്തിൽ കുരുന്നുമനസ്സുകളുടെ ശരിയായ രൂപീകരണത്തിന് വേണ്ടതെല്ലാം നാം കരുതലോടെ ചെയ്യേണ്ടതുണ്ട്. 12-ാം വയസ്സിൽ ബാലനായ ഈശോ ദൈവാലയത്തിൽ വച്ച്, തന്റെ ജീവിതനിലപാട് വ്യക്തമാക്കി. മന:സ്സാക്ഷി രൂപീകരണത്തിന്റെ ഇളംപ്രായത്തിൽ ശരിയായ നിലപാടുകൾ കാണിച്ചുകൊടുക്കുന്നതിന്റെ ആവശ്യകതയാണ് ഇവിടെ വ്യക്തമാകുന്നത്.

നിലപാടുരൂപീകരണം വളരെ സാവധാനത്തിൽ നടക്കുന്നതായതുകൊണ്ടും സഭയ്ക്കും ക്രൈസ്തവ മൂല്യങ്ങൾക്കും എതിരെയുള്ള അന്ധകാരശക്തികളുടെ പ്രവർത്തനം ശക്തമായതുകൊണ്ടും ധ്യാനത്തോടെയും പരിചിന്തനത്തോടെയും വേണം കുഞ്ഞുങ്ങളുടെ വളർത്തലിലും ദൈവവിളി പ്രോത്സാഹനത്തിലും മുതിർന്നവർ ശ്രദ്ധിക്കുവാൻ. കുടുംബം, ഇടവക, വിദ്യാലയം, സമൂഹം എന്നിവ സഹകരിച്ചു പ്രവർത്തിച്ചെങ്കിലേ ഇതു സാധ്യമാവുകയുള്ളൂ.

"കുഞ്ഞുങ്ങൾ എന്റെ അടുത്തുവരുവാൻ അനുവദിക്കുവിൻ, അവരെ തടയരുത്" (മത്താ. 19:14) എന്ന ഈശോയുടെ നിർദ്ദേശവും, "എന്റെ ഈ എളിയ സഹോദരരിൽ ഒരുവന് നിങ്ങൾ ചെയ്തു കൊടുത്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തു തന്നത്" (മത്താ 25;40) എന്ന അവിടുത്തെ വാക്കുകളും നമ്മുടെ മനസ്സിലുണ്ടാകണം. ദൈവസമ്മാനമായ കുഞ്ഞിന് ജന്മം നൽകി കുടുംബത്തിലേക്കും ഇടവകയിലേക്കും സമൂഹത്തിലേക്കും അതിനെ നയിക്കുമ്പോൾ ദൈവപദ്ധതിയോടാണ് മാതാപിതാക്കൾ സഹകരിക്കുന്നത്. ഇതിന് തടസ്സം നില്ക്കുന്ന ഏത് ശക്തിയും - അത് പാർട്ടി പ്രത്യയശാസ്ത്രമാകട്ടെ, നിരീശ്വരവാദങ്ങളാകട്ടെ, ഉപഭോക്തൃസംസ്കാരമാകട്ടെ, യാഥാസ്ഥിക വാദങ്ങളാകട്ടെ - സ്നേഹത്തെപ്രതി സർവ്വം സൃഷ്ടിച്ച്

കാത്തുപരിപാലിക്കുന്ന കാരുണ്യവാനായ ദൈവത്തോടാണ് മറുതലിക്കുന്നത്. "ഈ എളിയവരിൽ ആർക്കെങ്കിലും ഉതപ്പ് നൽകുന്നവന്റെ കഴുത്തിൽ തിരികല്ല് കെട്ടി ആഴക്കടലിൽ താഴ്ത്തപ്പെടുന്നതാണ് നല്ല"തെന്ന (മത്താ 18:6) ഈശോയുടെ വാക്കുകൾ ഇവർ ഓർക്കുന്നതു നല്ലതാണ്.

തിരുബാലസഖ്യദിനം ആചരിക്കുമ്പോൾ ഓരോ കുഞ്ഞിലും നസ്രത്തിലെ തിരുബാലനെ കണ്ടുകൊണ്ട് അവനെ/അവളെ വളർത്താൻ നമുക്കു കഴിയണം. അതിനായി ചില പ്രായോഗിക നിർദ്ദേശങ്ങൾ വയ്ക്കട്ടെ.

1. കുടുംബത്തിൽ ശാന്തിയും സമാധാനവും ഉറപ്പുവരുത്തുക. കുട്ടികളുടെ മുന്നിൽ പരസ്നേഹത്തിനെതിരായ പ്രവൃത്തികളോ ചർച്ചകളോ ഉണ്ടാകാതെ നോക്കണം. കരുണയില്ലാത്ത നിലപാടുകൾ ഉണ്ടാകരുത്. തിരുസഭയെയും മെത്രാന്മാരെയും വൈദികരെയും സന്യസ്തരെയും കുറിച്ച് ബഹുമാനപൂർവ്വം സംസാരിക്കണം.
2. കുട്ടികൾക്ക് ദൈവവചനവും വിശുദ്ധരുടെ ജീവിതകഥകളും ലഭ്യമാക്കുക. കുട്ടികളോടൊപ്പം പ്രാർത്ഥനകളിലും തിരുനാളുകളിലും തിരുപ്പട്ട - സന്യാസവ്രതസ്വീകരണ വേളകളിലും പങ്കെടുക്കുക.
3. ഇടവക - ഫൊറോനാ-രൂപതാടിസ്ഥാനങ്ങളിൽ കുട്ടികൾക്ക് ആത്മീയ ഉണർവുണ്ടാകുന്ന റാലികൾ, മത്സരങ്ങൾ, സെമിനാറുകൾ, ധ്യാനങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കുക.
4. സിസ്റ്റേഴ്സിനെ തിരുബാലസഖ്യ ആനിമേറ്റേഴ്സായി നിയമിക്കുകയും ആഴ്ചയിലൊരിക്കൽ ഈ ആനിമേറ്ററുടെ നേതൃത്വത്തിൽ മീറ്റിംഗും പ്രാർത്ഥനയും സംഘടിപ്പിക്കുകയും ചെയ്യുക.
5. നമ്മുടെ വിദ്യാലയങ്ങളിൽ പാഠ്യവിഷയങ്ങൾക്കു പുറമേ കുട്ടികളുടെ ആദ്ധ്യാത്മിക വളർച്ചയെ മുന്നിൽ കണ്ട് മാർഗ്ഗനിർദ്ദേശങ്ങൾ ആകർഷകമാക്കി നൽകുക .
6. ദൃശ്യശ്രാവ്യ വാർത്താവിനിമയ മാധ്യമങ്ങളിലൂടെ കുഞ്ഞു മനസ്സിൽ ദൈവചിന്തയെ ഉണർത്തുക. ഉപഭോക്തൃ സംസ്കാരത്തിന്റെ ദോഷവശങ്ങളെ കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കുക.
7. വിദ്യാലയ അന്തരീക്ഷത്തിൽ അദ്ധ്യാപകരുടെയും

അനദ്ധ്യാപകരുടെയും പെരുമാറ്റവും ചർച്ചകളും സഭയ്ക്കും സഭാമേലധികാരികൾക്കും എതിരല്ല എന്നുറപ്പാക്കണം. ചിന്തകളെ സ്വർഗ്ഗോന്മുഖമാക്കുന്ന ചിത്രങ്ങളും, ദൈവവചന ലിഖിതങ്ങളും ഉപയോഗിക്കുക.

8. സുവിശേഷവേലയ്ക്കു വേണ്ടി ജീവിതം ഉഴിഞ്ഞുവയ്ക്കുന്നത് നല്ലതാണെന്നും അഭിമാനിക്കാവുന്നതാണെന്നും അതുവഴി കുടുംബം അനുഗ്രഹിക്കപ്പെടുമെന്നും കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കുക;

9. ദൈവസേവനത്തിനും ദൈവാലയ ശുശ്രൂഷയ്ക്കും കുട്ടികളിൽ ആഗ്രഹം ജനിപ്പിക്കുക, അവരെ അതിന് പ്രോത്സാഹിപ്പിക്കുക.

10. 'ഈശോയ്ക്കുള്ള എന്റെ സമ്മാനം' എന്ന മാതൃകയിലുള്ള പദ്ധതികൾ തുടങ്ങുകയും അതിലൂടെ സുവിശേഷ വേലയും മിഷനറി ചിന്തകളും വളർത്തുകയും ചെയ്യുക.

കുടുംബത്തിൽ ആരംഭിച്ച്, ഇടവകയിലും വിദ്യാലയത്തിലും വളർന്ന്, സഭയിലും സമൂഹത്തിലും പടർന്ന് പന്തലിക്കുന്ന ആത്മീയ വളർച്ചയുടെയും ദൈവവിളി പോഷണത്തിന്റെയും സംസ്കാരമാകട്ടെ രണ്ടായിരത്തിപന്ത്രണ്ടിന്റെ തിരുബാലസഖ്യദിനചിന്തകൾ.

പ്രിയപ്പെട്ട കുഞ്ഞുകൂട്ടുകാരേ, ഈശോയുടെ കൈപിടിച്ച് അവന്റെ കൂടെ നടക്കാൻ നിങ്ങൾക്ക് ഇടയാകട്ടെ. കാരുണ്യവാനായ ദൈവം എല്ലാവരെയും അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട്, സ്നേഹവാത്സല്യങ്ങളോടെ,

**ആർച്ച് ബിഷപ്പ് മാർ ജോസഫ് പെരുംന്തോട്ടം**
ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ് യൂഹാനോൻ മാർ ക്രിസോസ്റ്റോം**
വൈസ് ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ് ഡോ. വിൻസെന്റ് സാമുവേൽ**
വൈസ് ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

---

**NB:- ഈ സർക്കുലർ 2012 ഫെബ്രുവരി മാസം 12-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**



# സർക്കുലർ

***Circular Letter No. 02/2012***
***Prot. No.11784/2012***

കർത്താവിനാൽ സ്നേഹിയ്ക്കപ്പെട്ടവരേ,

കഴിഞ്ഞ ഏതാനും വർഷങ്ങളായി ഫെബ്രുവരി മാസത്തിൽ നമ്മൾ നമ്മുടെ വൈദികവിദ്യാർത്ഥികളെ അനുസ്മരിക്കാറുണ്ടല്ലോ. വൈദികവിദ്യാർത്ഥികളെ അനുസ്മരിക്കുക വഴി നാം നമ്മുടെ വൈദി കരെത്തന്നെയാണ് ഓർക്കുന്നത്. കത്തോലിക്കരുടെ വിശ്വാസജീവിതം ആദ്യന്തം വൈദികനുമായി ബന്ധപ്പെട്ടു നിൽക്കുന്നതാണ്. കർത്താ വിന്റെ ശുശ്രൂഷാ പൗരോഹിത്യത്തിൽ പങ്കുപറ്റുന്ന അവർ വഴിയാണ് നമ്മുടെ വിശ്വാസജീവിതം ഫലമണിയുന്നത്.

നിങ്ങൾക്കറിയാവുന്നതുപോലെ വൈദികജീവിതത്തിലേയ്ക്ക് പ്രവേശിക്കുന്നവരുടെ എണ്ണം ഇന്ന് വളരെയധികം കുറഞ്ഞിരിക്കുന്നു. ആ ജീവിതത്തിലേയ്ക്ക് മക്കളെ പറഞ്ഞയയ്ക്കുന്നതിൽ പല മാതാ പിതാക്കളും മടിക്കുകയും ചെയ്യുന്നു. കാരണങ്ങൾ പലതാകാം. ഇന്ന് പൊതുവേ മക്കളെ പഠിപ്പിച്ച് ഏതെങ്കിലും ഉദ്യോഗത്തിൽ ആക്കണം എന്നുള്ളതാണ് ഏറിയ പങ്കും മാതാപിതാക്കൾ ആഗ്രഹിക്കുന്നത്. അതു കൊണ്ടാണല്ലോ വലിയ തുകകൾ മുടക്കി അവരെ അറിയപ്പെടുന്ന വിദ്യാ ഭ്യാസ സ്ഥാപനങ്ങളിൽ തന്നെ പഠിപ്പിക്കണം എന്നവർ ആഗ്രഹിക്കു ന്നത്. എന്നാൽ മിടുക്കരായ കുട്ടികളെ വൈദികപരിശീലനത്തിനായി മാതാപിതാക്കൾ പ്രോത്സാഹിപ്പിച്ച് വിടുന്നില്ലെങ്കിൽ ഇന്ന് യൂറോപ്പിൽ സംഭവിച്ചുകൊണ്ടിരിക്കുന്നതുപോലെ ഇവിടേയും പുരോഹിത സാന്നിദ്ധ്യം വിരളമായ ഒന്നായിത്തീരും. അങ്ങനെ സംഭവിക്കാതിരി ക്കട്ടെ.

സ്കൂൾവർഷം തീരാൻ പോകുകയാണല്ലോ. പത്താം ക്ലാസിൽ പഠിക്കുന്ന സത്സ്വഭാവികളും മിടുക്കരുമായ ആൺകുട്ടികളെ നമ്മുടെ രൂപതയുടെ മൈനർ സെമിനാരിയിലേയ്ക്ക് പറഞ്ഞു വിടുന്ന കാര്യ

ത്തിൽ മാതാപിതാക്കൾ ശ്രദ്ധിക്കണം. രൂപതാ മൈനർ സെമിനാരിയിലേയ്ക്ക് ഇപ്പോൾ തന്നെ അപേക്ഷ അയയ്ക്കാവുന്നതാണ്. അതിനായി പത്താം ക്ലാസ് പരീക്ഷ തീരാൻ കാത്തിരിയ്ക്കേണ്ടതില്ല. അപേക്ഷകൾ ബഹുമാനപ്പെട്ട റെക്ടറച്ചന്റെ പേരിൽ അയയ്ക്കുക. അദ്ദേഹത്തിന്റെ വിലാസം: Rev. Fr. Thomas Kachirayil, Mount Mary College, P.B. No. 1, Mananthavady 670 645, നിങ്ങൾക്ക് അച്ചനെ ഫോണിലും ബന്ധപ്പെടാവുന്നതാണ്. നമ്പർ : 9446892434. അപേക്ഷകൾ വെള്ളക്കടലാസ്സിൽ എഴുതി നിങ്ങളുടെ ഇടവക വികാരിയച്ചന്റെ സാക്ഷ്യത്തോടുകൂടി അയയ്ക്കണം. അതിവിടെ കിട്ടിക്കഴിയുമ്പോൾ വിശദമായ മറ്റൊരു അപേക്ഷാഫോറം അയച്ചുതരും. അത് പിന്നീട് അയച്ചുകൊടുത്താൽ മതി. സ്കൂൾ അടച്ചുകഴിയുമ്പോൾ ദൈവവിളി ക്യാമ്പും മറ്റും ഉണ്ടാകും. അതിലും നിങ്ങൾ പങ്കെടുക്കണം. ഏതെങ്കിലും സന്യാസ സമൂഹത്തിൽ ചേരാൻ ഉദ്ദേശിക്കുന്നവരും ഈ ക്യാമ്പിൽ നിർബന്ധമായും പങ്കെടുക്കണം.

പ്ലസ് ടു ഉൾപ്പെടെ മൂന്നു വർഷം മൈനർ സെമിനാരി, അതിനുശേഷം മൂന്നു വർഷം മേജർ സെമിനാരിയിൽ തത്വശാസ്ത്രപഠനം, പിന്നെ രണ്ട് വർഷം പുറത്ത് പോയി പഠിച്ച് ബിരുദാനന്തരബിരുദം, അതിനുശേഷം നാല് വർഷം ദൈവശാസ്ത്രപഠനം എന്നിങ്ങനെയായിരുന്നു ഇതുവരെ നമ്മുടെ രൂപതയിലെ വൈദികപരിശീലന പദ്ധതി. എന്നാൽ അടുത്ത സ്കൂൾ വർഷം മുതൽ ഇതിൽ ചില മാറ്റങ്ങൾ വരുത്താൻ നമ്മൾ നിർബന്ധിതരായിരിക്കുകയാണ്. കാരണം 2015 ൽ ആരംഭിക്കുന്ന സ്കൂൾ വർഷം മുതൽ ബി.എ., ബി.എസ്സി. പോലെയുള്ള ബിരുദങ്ങൾ പാസ്സായവരെ മാത്രമേ തത്വശാസ്ത്ര പഠനത്തിനായി മേജർ സെമിനാരികളിൽ സ്വീകരിക്കുകയുള്ളൂ. അതിനാൽ നമ്മുടെ വൈദിക വിദ്യാർത്ഥികൾ മൈനർ സെമിനാരി പഠനത്തിന് ശേഷം ഡിഗ്രി കൂടി പാസ്സായ ശേഷമേ ഇനി മുതൽ മേജർ സെമിനാരിയിലേയ്ക്ക് പോകുകയുള്ളു.

പുതിയ രീതി വരുന്നതോടെ മൂന്ന് വർഷത്തേയ്ക്ക് കൂടി കുട്ടികളെ താമസിപ്പിക്കാനുള്ള സ്ഥലവും അവർക്കുള്ള ചെലവിനുള്ള പണവും കണ്ടെത്തണം. എന്നാൽ അത്രയും പേരേകൂടി താമസിപ്പിക്കാനുള്ള സൗകര്യം നമ്മുടെ രൂപതാ മൈനർ സെമിനാരിയ്ക്കില്ല. ഇനിയൊരു പുതിയ നിർമ്മാണം അതിനു വേണ്ടി നടത്തുക എന്നത് പ്രായോഗികവും അല്ല. അതിനാൽ സൗകര്യങ്ങളുള്ള ചില ഇടവകകളിൽ

അവരെ നിർത്തി ഡിഗ്രി പഠനത്തിന് അവസരം ഒരുക്കുക എന്നതാണ് തീരുമാനം. അങ്ങനെ ചെയ്യുന്നതുകൊണ്ട് പല മെച്ചവുമുണ്ട്. വൈദിക വിദ്യാർത്ഥികൾക്ക് ഇടവകയുമായും അവിടുത്തെ ജീവിതവുമായും നേരിൽ കണ്ട് മനസ്സിലാക്കാനും മെച്ചപ്പെട്ട തീരുമാനം എടുക്കാനും കഴിയും. അതുപോലെ തന്നെ അവർക്ക് ഇടവകയിൽ സഹായിക്കുക വഴി അജപാലനപരിചയം ലഭ്യമാകുകയും ചെയ്യും.

ഡിഗ്രി പഠനത്തിന് ശേഷമേ കുട്ടികളെ മേജർ സെമിനാരിയിൽ സ്വീകരിക്കുകയുള്ളൂ എന്ന് പറയാൻ ചില കാരണങ്ങളുണ്ട്. ഇന്നത്തെ കുടുംബസാഹചര്യങ്ങൾ നമ്മുടെ കുട്ടികളുടെ മാനസികവും വൈകാരികവുമായ വളർച്ചയെ ഒട്ടും തന്നെ സഹായിക്കുന്നില്ല എന്നതൊരു വസ്തുതയാണ്. അതുകൊണ്ട് തത്വശാസ്ത്ര പഠനത്തിന് അവർ ചെല്ലുമ്പോൾ ആവശ്യമായ പക്വത പ്രാപിക്കുന്നില്ല എന്ന് പൊതുവേ അനുഭവം പഠിപ്പിക്കുന്നു. മൂന്ന് വർഷം മൈനർ സെമിനാരിയിൽ നിന്നതിന് ശേഷവും അതവർക്ക് കരഗതമാകുന്നില്ല. മേജർ സെമിനാരിയിൽ ചെന്നാൽ അതിന് സാദ്ധ്യതയും കുറവാണ്. തത്ഫലമായി വൈദികരായി പുറത്ത് വരുന്നവർ ഇടവകകളിലെ സാഹചര്യങ്ങളെ നേരിടാൻ പ്രാപ്തരാകുന്നില്ല. മാത്രമല്ല ഇന്നത്തെ സാഹചര്യങ്ങളിൽ വൈദിക ജീവിതം ഏറെ ഭാരമേറിയതായി അനുഭവപ്പെടുകയും ചെയ്യുന്നു. അതിനാൽ പക്വതയോടെ തീരുമാനങ്ങൾ എടുക്കാൻ അവർക്ക് സാഹചര്യം ഉണ്ടാക്കി കൊടുത്തേ മതിയാകൂ. ഒന്നോ രണ്ടോ കുട്ടികൾ മാത്രമുള്ള ഇന്നത്തെ അണുകുടുംബങ്ങളിൽ മുമ്പ് വലിയ കുടുംബങ്ങളിൽ കുട്ടികൾക്ക് കിട്ടിയിരുന്നതുപോലെയുള്ള ജീവിതപരിശീലനവും മൂല്യബോധവും കിട്ടുന്നില്ല എന്നത് ഒരു വസ്തുതയാണ്. കുടുംബങ്ങളിൽ നിന്ന് കിട്ടാതെ അത് സെമിനാരിയിൽ പറഞ്ഞുകൊടുത്തതുകൊണ്ട് മാത്രം അവർ സ്വീകരിക്കുകയുമില്ല. ജീവിതയാഥാർത്ഥ്യങ്ങളെ നേരിൽ കണ്ട് അവ അനുഭവിക്കുമ്പോൾ മാത്രമാണ് അതവർ ഉൾക്കൊള്ളുന്നത്. അതിനവരെ പ്രാപ്തരാക്കാനുള്ള ഒരു അവസരമായിട്ടാണ് പുറത്തുള്ള താമസത്തെയും പഠനത്തെയും വിഭാവനം ചെയ്തിരിക്കുന്നത്.

ഇടവകകളിൽ നിന്നുകൊണ്ട് കുട്ടികൾ പ്രൈവറ്റായോ അല്ലെങ്കിൽ പ്രൈവറ്റ് കോളേജുകളിൽ ചേർന്നോ ഡിഗ്രി പഠനം പൂർത്തിയാക്കുക എന്നതാണ് ഇപ്പോഴത്തെ തീരുമാനം. കാരണം എല്ലാവർക്കും നമ്മുടെ കോളേജിൽ പ്രവേശനം കിട്ടാനുള്ള സാധ്യത ഇല്ല.

നമ്മുടെ രൂപതയ്ക്കായി ഈ വർഷം 36 മൈനർ സെമിനാരിക്കാരും 51 മേജർ സെമിനാരിക്കാരും ആണ് ഉള്ളത്. അതുപോലെ 16 പേർ തങ്ങളുടെ ബിരുദാനന്തരബിരുദ പഠനവും നടത്തുന്നുണ്ട്. അവരിൽ 8 പേർ അടുത്ത സ്കൂൾ വർഷത്തിൽ തിരികെ വന്ന് ദൈവശാസ്ത്രപഠനത്തിനായി ഒരുങ്ങുന്നുണ്ട്. ഈ വർഷം മൈനർ സെമിനാരിയിൽ നിന്ന് ബിരുദ പഠനത്തിന് 6 പേരാണ് പോകാനുള്ളത്.

മുൻകാലങ്ങളിൽ സെമിനാരിയിലെ ചെലവുകൾ വഹിച്ചിരുന്നത് ചില വിദേശ ഏജൻസികളുടെ സഹായത്താലായിരുന്നു. എന്നാൽ ആഗോളസാമ്പത്തികമാന്ദ്യവും മറ്റും മൂലം ഈ ഏജൻസികൾക്ക് കിട്ടുന്ന സംഭാവനകൾ വളരെയേറെ കുറഞ്ഞു പോയി. അതിനാൽ അവർ തരുന്ന തുക കൊണ്ട് മാത്രം കുട്ടികളുടെ ചെലവുകൾ നടക്കുകയില്ല. പ്രാദേശികമായി നാം പണം കണ്ടെത്തിയേ മതിയാകൂ. മൈനർ സെമിനാരിയിൽ ഒരു കുട്ടിയ്ക്ക് ഏകദേശം 30,000 രൂപായും മേജർ സെമിനാരിയിൽ ഏകദേശം 25,000 രൂപായും ചെലവാകുന്നു. അങ്ങനെ ഒരു വർഷം നമുക്കാവശ്യം 23,55,000 രൂപായാണ്. ഏതാനും വ്യക്തികളും ഇടവകകളും ഇപ്പോൾ തന്നെ കുട്ടികളുടെ ചെലവിലേയ്ക്ക് സംഭാവനകൾ തരുന്നുണ്ട്. അതുപോലെ ഏതാനും ചില സന്യാസിനീസമൂഹങ്ങളും അങ്ങനെ ചെയ്യുന്നുണ്ട്. അവരെയെല്ലാം ഏറെ നന്ദിയോടെ ഓർക്കുന്നു. എന്നാൽ അവർ തരുന്നതുകൊണ്ട് ഭാഗികമായി മാത്രമേ ചെലവുകൾ നടത്താൻ കഴിയുന്നുള്ളൂ എന്നതുകൊണ്ട് നാം ഇനിയും ഇക്കാര്യത്തിൽ കൂടുതൽ ഉദാരമതികളാകേണ്ടിയിരിക്കുന്നു.

പല വേദികളിലും ഇക്കാര്യം നമ്മൾ ചർച്ച ചെയ്തു കഴിഞ്ഞു. വൈദികവിദ്യാർത്ഥികളുടെ പരിശീലനച്ചെലവ് ഇടവകകൾ പങ്കുവയ്ക്കുക എന്ന ആശയത്തിലാണ് ഒടുവിൽ നാം എത്തിച്ചേർന്നിരിക്കുന്നത്. ചില ഇടവകകൾ ഇപ്പോൾ തന്നെ ഒരു കുട്ടിയ്ക്ക് ആവശ്യമായ തുക സമാഹരിച്ച് ഓരോ വർഷവും തരുന്നുണ്ട്. അങ്ങനെ പഠിക്കുന്ന കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായ തുക കിട്ടത്തക്കവിധം എല്ലാ ഇടവകകളും സംഭാവന ചെയ്തെങ്കിലേ ചിലവുകൾ നടത്താൻ കഴിയുകയുള്ളൂ.

ഏതാനും വർഷമായി നാം ഒരു പൊതുസംഭാവന സമാഹരണം നടത്തുന്നുണ്ടല്ലോ. ഈ വർഷം അത് ഫെബ്രുവരി മാസം 26-ന് ആണ് നടത്തേണ്ടത്. ഇക്കാര്യം ബഹുമാനപ്പെട്ട വികാരിയച്ചന്മാർ മുൻകൂട്ടി

പള്ളിയിൽ പറയുകയും അന്നേദിവസം കിട്ടുന്ന തുക എത്രയും വേഗം രൂപതാകേന്ദ്രത്തിൽ എത്തിക്കാൻ ശ്രമിക്കുകയും ചെയ്യണം എന്നഭ്യർത്ഥിക്കുന്നു. നിങ്ങളുടെ സംഭാവനകൾക്ക് മുൻകൂട്ടി നന്ദി പറയുന്നു. നിങ്ങൾ കൊടുക്കുന്ന ഓരോ പൈസയും നിങ്ങൾക്ക് ദൈവാനുഗ്രഹത്തിന്റെ ചാലുകളാകും എന്നത് നിസ്സംശയമാണ്. നിങ്ങൾക്കും നിങ്ങളുടെ കുടുംബങ്ങൾക്കും വലിയ അനുഗ്രഹങ്ങൾ അതുവഴി ലഭ്യമാകും. നിങ്ങളുടെ ആദ്ധ്യാത്മികാവശ്യങ്ങൾ നിറവേറ്റാൻ ആവശ്യത്തിന് വൈദികർ ഉണ്ടാകുകയും ചെയ്യും. ഉദാരമായി ഏവരും സംഭാവന ചെയ്യുക. കർത്താവിന്റെ കൃപ നിങ്ങളോടു കൂടിയുണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കേന്ദ്രത്തിൽ നിന്ന് 2012 ജനുവരി മാസം 20-ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2012 ഫെബ്രുവരി മാസം 19-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# എംപറർ ഇമ്മാനുവൽ ട്രസ്റ്റിനെക്കുറിച്ച്

## ഇരിങ്ങാലക്കുട രൂപതാമെത്രാൻ പുറപ്പെടുവിക്കുന്ന വിജ്ഞാപനം

യേശുവിൽ പ്രിയ സഹോദരരേ, വാത്സല്യമുള്ള മക്കളേ,

കത്തോലിക്കാവിശ്വാസികളായ നാം ഏറ്റുപറയുന്ന വിശ്വാസം ദൈവവചനത്തിലും വിശുദ്ധ പാരമ്പര്യത്തിലും അധിഷ്ഠിതമാണ്. ക്രിസ്തുവിലും അവിടുന്ന് സ്ഥാപിച്ച ഏകവും പരിശുദ്ധവും ശ്ലൈഹികവും സാർവത്രികവുമായ സഭയിലും നാം വിശ്വസിക്കുന്നു. വിശ്വാസമാകുന്ന വലിയ നിക്ഷേപം അഭംഗുരം കാത്തുസൂക്ഷിക്കാനും പരിശുദ്ധാത്മാവിനാൽ പ്രേരിതമായി വിശ്വാസസത്യങ്ങളെ വിശ്വസ്തതാപൂർവം പ്രഘോഷിക്കാനും സഭയ്ക്ക് ഉത്തരവാദിത്വവും അവകാശവുമുണ്ട്. സഭയുടെ പ്രബോധനാധികാരത്തോട് കത്തോലിക്കാവിശ്വാസികളായ നാം വിധേയത്വം പ്രകടിപ്പിക്കുകയും അത് അനുസരണാപൂർവം സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

വെളിപ്പെടുത്തപ്പെട്ടതും കാതോലികവുമായ സത്യങ്ങൾ ദൈവവചനത്തിലോ വിശുദ്ധപാരമ്പര്യങ്ങളിലോ അടിസ്ഥാനമുള്ളവയാണ്. സഭാമക്കളായ നാം സഭയുടെ ഔദ്യോഗികപ്രബോധനത്തെ വിശ്വാസപൂർവം സ്വീകരിക്കണം. മാത്രമല്ല അത്തരം പ്രബോധനങ്ങൾക്ക് വിരുദ്ധമായ ഒന്നും പഠിപ്പിക്കരുതെന്ന് അനുശാസിക്കുകയും വേണം. ദൈവവചനത്തെ തെറ്റായി വ്യാഖ്യാനിക്കുകയും സഭയുടെ വിശുദ്ധപാരമ്പര്യങ്ങളെ വികലമായി ചിത്രീകരിക്കുകയും അതു പഠിപ്പിക്കുകയും ചെയ്യുന്ന വിവിധ സെക്ടുകളും പ്രസ്ഥാനങ്ങളും ഈയടുത്ത കാലത്തായി നമ്മുടെ രൂപതാതിർത്തിയിലും രൂപതയ്ക്ക് പുറത്തും രൂപപ്പെട്ടിട്ടുണ്ട്. അവയ്ക്ക് സഭയുടെ അംഗീകാരമോ അനുവാദമോ ഇല്ലാത്തതാണ്.

നമ്മുടെ രൂപതാതിർത്തിയിലെ മുരിയാടുള്ള "എംപറർ എമ്മാനുവേൽ ട്രസ്റ്റ് - സീയോൻ ധ്യാനകേന്ദ്രത്തിന്" ഇരിങ്ങാലക്കുട രൂപതയുടെ യാതൊരു അംഗീകാരമോ അനുവാദമോ ഇല്ലാത്തതാകു

ന്നുവെന്ന് ഞാൻ പ്രത്യേകം അറിയിക്കുന്നു. കത്തോലിക്കാവിശ്വാസം സ്വീകരിച്ചവർ ഒരിക്കലും ഈ ധ്യാനകേന്ദ്രത്തിലോ ഇത്തരം സ്ഥലങ്ങളിൽ ഇവർ നയിക്കുന്ന ധ്യാനപ്രഘോഷണത്തിലോ സംബന്ധിക്കരുതെന്ന് ഞാൻ ആഹ്വാനം ചെയ്യുന്നു. സഭയുടെ അംഗീകാരമില്ലാത്ത ഇവർ നേതൃത്വം നല്കുന്ന പ്രാർത്ഥനാഗ്രൂപ്പുകളിലും ധ്യാനങ്ങളിലും ആരും സംബന്ധിക്കരുത്. വിശ്വാസത്തിലും സഭാപ്രബോധനങ്ങളിലും അടിയുറച്ച് ക്രൈസ്തവജീവിതം നയിക്കാൻ ഏവരും ശ്രമിക്കണം. അബദ്ധവിശ്വാസം പ്രചരിപ്പിക്കുന്നവരുടെ സമൂഹത്തിൽ അകപ്പെട്ടുപോയ വിശ്വാസികളെ സ്നേഹബുദ്ധ്യാ തിരുത്താൻ ഏവരും യത്നിക്കണം. പ്രാർത്ഥനയും ഉപവാസവും വഴി സ്വയം വിശുദ്ധീകരിക്കുന്നതിനും യഥാർത്ഥ വിശ്വാസത്തിൽനിന്ന് വ്യതിചലിച്ചു പോയവരെ തിരിച്ചു കൊണ്ടുവരുന്നതിനും ഏവരും പരിശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്നേഹത്തോടെ,

**ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപതാമെത്രാൻ

---

**NB:- ഈ വിജ്ഞാപനത്തിലെ ഉള്ളടക്കം സൗകര്യപ്രദമായ ഒരു ഞായറാഴ്ച വിശ്വാസികളെ അറിയിക്കേണ്ടതാണ്.**

## കർഷകദിനം, ജനുവരി 15

മിശിഹായിൽ പ്രിയ സഹോദരരെ,

ജനുവരി പതിനഞ്ച് കേരളസഭ കർഷകദിനമായി ആചരിക്കുകയാണല്ലോ. കേരളത്തിലെ കർഷകരും കാർഷികമേഖല പൊതുവേയും നേരിടുന്ന ഇന്നത്തെ പ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ ഏതാനും ചില കാര്യങ്ങൾ ഏവരുടെയും ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു.

അല്പകാലത്തെ ഇടവേളയ്ക്കുശേഷം കർഷക ആത്മഹത്യകൾ വീണ്ടും ആരംഭിച്ചിരിക്കുന്നുവെന്നത് കർഷകർ നേരിടുന്ന രൂക്ഷമായ പ്രതിസന്ധിക്കു തെളിവാണ്. കഠിനാദ്ധ്വാനം ചെയ്ത് സമൂഹത്തിനുവേണ്ടി ഭക്ഷണം ഉല്പാദിപ്പിക്കുന്ന കർഷകരുടെ ഈ ദുരവസ്ഥ ഒരു സാമൂഹ്യ പ്രശ്നമായിത്തന്നെ നമ്മൾ കാണേണ്ടതും പരിഹാരം ഉണ്ടാക്കേണ്ടതുമാണ്. നാണ്യവിളകളേക്കാൾ ഭക്ഷ്യഉല്പന്നങ്ങൾ കൃഷി ചെയ്യുന്നവരാണ് ഏറ്റവും കൂടിയ പ്രതിസന്ധി നേരിടുന്നത്. ഈ പ്രതിസന്ധിക്കു ശാശ്വതമായ പരിഹാരം കണ്ടെത്താൻ കഴിഞ്ഞില്ലെങ്കിൽ നമ്മുടെ നാട്ടിൽ കൃഷിതന്നെ ഇല്ലാതാകുന്ന സാഹചര്യമുണ്ടാകുമോയെന്നു ഭയപ്പെടണം.

കാർഷികമേഖലയെ രക്ഷപ്പെടുത്താൻവേണ്ടി ഇതുവരെ സ്വീകരിച്ച നടപടികളും പ്രഖ്യാപിച്ച പാക്കേജുകളും വേണ്ടത്ര ഫലപ്രദമായിട്ടില്ല എന്ന യാഥാർത്ഥ്യത്തിലേക്കാണ് ഇന്നത്തെ കാർഷിക പ്രശ്നങ്ങൾ വിരൽ ചൂണ്ടുന്നത്. കേന്ദ്രസർക്കാർ പ്രഖ്യാപിച്ച കടാശ്വാസ പദ്ധതിയുടെ ഗുണഫലം തികച്ചും അർഹരായ ആയിരക്കണക്കിനു പാവപ്പെട്ട കർഷകർക്കു ലഭിക്കാതെ പോയത് എത്രയോ ഖേദകരമാണ്. ഉല്പന്നങ്ങളുടെ വിലസ്ഥിരതയില്ലായ്മയും തൽഫലമായ കടക്കെണികളുമാണ് ഇന്നും കർഷകർ നേരിടുന്ന മുഖ്യപ്രശ്നങ്ങൾ. ഫലപ്രദമായ വിള ഇൻഷുറൻസുകളും പലിശരഹിത കാർഷികവായ്പകളും ലഭ്യമാക്കിയാൽ ഈ പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരമുണ്ടാക്കാൻ കഴിയും. കടക്കെണികളുടെ മധ്യത്തിൽ നിരാശരായി ജീവൻ അവസാനിപ്പിക്കേണ്ടിവന്ന കർഷകരുടെ കാര്യത്തിൽ നമുക്കെല്ലാം ദുഃഖമുണ്ട്. അവരുടെ കുടുംബാംഗങ്ങളുടെ തീരാത്ത ദുഃഖത്തിൽ നമ്മളും പങ്കുചേരുന്നു.

കൃഷിയോടുള്ള താല്പര്യംതന്നെ നമ്മുടെ സമൂഹത്തിൽ പൊതുവേ കുറഞ്ഞുവരുന്നു എന്ന യാഥാർത്ഥ്യം നാമെല്ലാവരും വളരെ ഗൗരവത്തിൽ കാണേണ്ട പ്രതിഭാസമാണ്. ഇത് പരിഹരിക്കാൻ സത്വരമായ നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായേതീരൂ. കലകൾക്കും സ്പോർട്സിനുമെന്നപോലെ സ്കൂൾ പ്രായം മുതലേ വളർന്നുവരുന്ന തലമുറയ്ക്ക് കാർഷിക കാര്യങ്ങളിലും ആഭിമുഖ്യവും പരിശീലനവും പ്രോത്സാഹനവും ലഭിക്കണം. കൃഷി വിദഗ്ധരായ അദ്ധ്യാപകരുടെ നേതൃത്വത്തിൽ ഓരോ സ്കൂളിലും

കാർഷിക ക്ലബുകളും അവയുടെ നേതൃത്വത്തിൽ കൃഷിയും കൃഷിത്തോട്ടങ്ങളും പ്രോത്സാഹിപ്പിക്കുന്നത് ഇത്തരുണത്തിൽ നല്ലതാണ്. അതോടൊപ്പം സ്കൂൾ പഞ്ചായത്ത് ജില്ലാതലങ്ങളിൽ കാർഷിക മേളകൾ സംഘടിപ്പിച്ചുകൊണ്ട് കൃഷിയോട് താല്പര്യമുള്ള ഒരു തലമുറയെ വാർത്തെടുക്കാൻ കഴിയും. കലാകായികമേളകളിലെന്നപോലെ കാർഷികമേഖലയിൽ വൈദഗ്ധ്യം തെളിയിക്കുന്ന കുട്ടികൾക്ക് പ്രത്യേക അവാർഡുകളും ഗ്രെയ്സ് മാർക്കും നൽകപ്പെടണം. കൃഷിയിൽ അഭിരുചിയും നൈപുണ്യവും പ്രകടമാക്കുന്ന വിദ്യാർത്ഥികൾക്ക് കാർഷിക യൂണിവേഴ്സിറ്റികളിലേക്കുള്ള അഡ്മിഷൻ കാര്യത്തിൽ മുൻഗണന നൽകണം. കൃഷി പ്രധാനപ്പെട്ടതും മാന്യവുമായ തൊഴിലാണെന്ന് സമൂഹത്തെ ബോധ്യപ്പെടുത്താനുതകുന്ന മറ്റു മാർഗ്ഗങ്ങളെപ്പറ്റിയും ചിന്തിക്കാവുന്നതാണ്.

ഭക്ഷ്യസുരക്ഷയ്ക്കു മുൻഗണന കൊടുത്തുകൊണ്ടുള്ള പ്രവർത്തനങ്ങൾ സർക്കാർതലത്തിൽ നടന്നുവരികയാണല്ലോ. ഭക്ഷ്യ ഉല്പന്നങ്ങളുടെ കാര്യത്തിൽ നമ്മുടെ സംസ്ഥാനത്തെ സ്വയം പര്യാപ്തമാക്കുകയെന്നതാണ് ഇതിന്റെ ലക്ഷ്യം. ഇക്കാര്യത്തിൽ ഒരു പരിധിവരെയെങ്കിലും വിജയിക്കണമെങ്കിൽ ഓരോ കുടുംബത്തിനും ആവശ്യമായ പഴം പച്ചക്കറി ഉല്പന്നങ്ങളെങ്കിലും വീട്ടുവളപ്പിൽ കൃഷിചെയ്തുണ്ടാക്കുന്ന മുൻകാല പാരമ്പര്യത്തിലേക്ക് നമ്മൾ മടങ്ങിപ്പോകണം. അതോടൊപ്പം ഭക്ഷ്യവസ്തുക്കളുടെ കൃഷിക്ക് ഏറ്റവും അനുയോജ്യമായ വയനാട്, ഇടുക്കി ജില്ലകളിൽ വിപുലമായ തോതിൽ ഭക്ഷ്യോല്പാദനപ്രവർത്തനങ്ങൾ ഉണ്ടാകണം. സർക്കാരും കർഷകരും ചേർന്ന് സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിച്ചാൽ ഇതു വിജയിപ്പിക്കാൻ കഴിയും. കർഷകർ ഉണ്ടാക്കുന്ന ഭക്ഷ്യ ഉല്പന്നങ്ങളെല്ലാം മാന്യമായ വിലയ്ക്ക് സർക്കാർ തന്നെ സംഭരിക്കുകയും കേരളത്തിലുടനീളം ആവശ്യാനുസരണം എത്തിച്ചുകൊടുക്കുകയും ചെയ്യുന്ന ഒരു പദ്ധതിയെപ്പറ്റി ഗൗരവമായി ചിന്തിക്കേണ്ടതുണ്ട്. കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിൽ കർഷക സഹകരണസംഘങ്ങൾ രൂപീകരിച്ചുകൊണ്ട് ഇതു വിജയപ്രദമാക്കാൻ കഴിയുമെന്ന് അഭിപ്രായമുണ്ട്. ഏതെങ്കിലും തരത്തിൽ കൃഷിയിൽ നഷ്ടം വന്നാൽ അതു നികത്താനുള്ള സംവിധാനവും ഇതോടൊപ്പം ഉണ്ടാക്കാൻ കഴിഞ്ഞാൽ കർഷകർ ധൈര്യമായി രംഗത്തുവരും. ഭക്ഷ്യഉല്പന്നങ്ങൾക്ക് അയൽസംസ്ഥാനങ്ങളെ പൂർണ്ണമായി ആശ്രയിക്കുന്നത് അഭിലഷണീയമല്ലെന്ന് അടുത്തകാല സംഭവങ്ങളിൽ നിന്നു നമ്മൾ മനസിലാക്കി വരികയാണല്ലോ.

നമ്മുടെ ആത്മീയതയിൽ ദൈവത്തോടും സഹജീവികളോടുമുള്ള ബന്ധത്തിനാണ് നമ്മൾ എന്നും പരമമായ ഊന്നൽ നൽകിവരാറുള്ളത്. എന്നാൽ ബൈബിളിന്റെ പശ്ചാത്തലത്തിലും ആധുനികകാലത്തെ ദൈവശാസ്ത്രവിചിന്തനങ്ങളുടെ വെളിച്ചത്തിലും മൂന്നാമതൊരു ഘടകത്തെകൂടി നമ്മുടെ ആത്മീയതയുടെ പരിധിക്കുള്ളിൽ ഉൾപ്പെടുത്തി ചിന്തിക്കേണ്ടതുണ്ട്. 'ഹരിത ആത്മീയത' എന്ന് ഇതിനെ ചിലർ വിളിക്കുന്നു. ദൈവത്തോടും മനുഷ്യരോടും മാത്രമല്ല ഈ പ്രപഞ്ചത്തോടും അഭേദ്യമായി ബന്ധ

പ്പെട്ടതാണ് മനുഷ്യജീവിതം. ഈ പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളും മനുഷ്യന്റെ നന്മയ്ക്കും ഉപയോഗത്തിനും വേണ്ടിയുള്ളതാണ്. എന്നാൽ അവയെ ദുരുപയോഗപ്പെടുത്താനോ സ്വാർത്ഥപരമായി ചൂഷണം ചെയ്യാനോ ആർക്കും അവകാശമില്ല. മാത്രമല്ല പ്രകൃതിയെ ആദരവോടെ മാത്രം സമീപിക്കുവാനും പരിസ്ഥിതിയെ മാലിനപ്പെടുത്താതെ സംരക്ഷിക്കാനും നമുക്ക് കടമയുണ്ട്.

കഴിഞ്ഞ മാസം നടന്ന കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ യോഗം 'ഹരിത ആദ്ധ്യാത്മികത' ഒരു പ്രത്യേക വിഷയമായെടുത്തു ചർച്ച ചെയ്യുകയുണ്ടായി. പരിസ്ഥിതി പ്രശ്നങ്ങളെ ഭൗതികപ്രശ്നമായി മാത്രം കാണാതെ ആത്മീയതയുടെ ഭാഗമായി കാണാനാണ് സഭയുടെ തീരുമാനം. മണ്ണിൽ പണിയെടുക്കുന്നതിന്റെ ശ്രേഷ്ഠത ഉയർത്തിക്കാട്ടാനും അതോടൊപ്പം ജലവും പ്രകൃതിവിഭവങ്ങളും മിതമായി ഉപയോഗിക്കാനും സഭ ഉദ്ബോധിപ്പിക്കുന്നു. പ്രകൃതിസംരക്ഷണവും മാലിന്യസംസ്കരണവും മത പരിശീലനക്ലാസുകളുടെ ഭാഗമാക്കുവാനും തീരുമാനമുണ്ട്.

പ്രിയസഹോദരരേ,

കേരളത്തിലെ ക്രൈസ്തവസമൂഹം കാർഷിക മേഖലയിൽ എന്നും മുൻപന്തിയിൽനിന്നു വഴിതെളിച്ചവരാണ്. നമ്മുടെ പൂർവ്വികരുടെ മാതൃകയും സാഹസികതയും ഉൾകൊണ്ടുകൊണ്ട് സഹജീവികൾക്കുവേണ്ടി ഭക്ഷണം ഉല്പാദിപ്പിക്കുന്ന പ്രവർത്തനത്തിൽ ആദ്ധ്യാത്മികമായ ഒരു കാഴ്ചപ്പാടോടെ നമുക്ക് ഉറച്ചുനിൽക്കാം. കഷ്ടതകളിലും പ്രതിസന്ധികളിലും മണ്ണിൽ പണിയെടുക്കുന്ന എല്ലാവർക്കും താങ്ങും തണലും നൽകുന്ന കർഷക കൂട്ടായ്മ നമുക്കു വളർത്തിയെടുക്കാം. "എനിക്കു വിശന്നു, നിങ്ങളെനിക്കു ഭക്ഷിക്കാൻ തന്നു" എന്ന നമ്മുടെ കർത്താവിന്റെ തിരുവചനങ്ങൾ കർഷകരെ സംബന്ധിച്ച് കൂടുതൽ അന്വർത്ഥമാണെന്നു മനസിലാക്കണം.

മണ്ണിൽ അദ്ധ്വാനിക്കുന്ന എല്ലാ കർഷകരെയും അവർക്കു നേതൃത്വം നൽകുന്ന വ്യക്തികളെയും കർഷക പ്രസ്ഥാനങ്ങളെയും ഈ അവസരത്തിൽ അഭിനന്ദിക്കുകയും നന്ദിയോടെ ഓർമ്മിക്കുകയും ചെയ്യുന്നു. കേരളസഭയുടെ മാർഗ്ഗനിർദ്ദേശങ്ങളോടെ പ്രവർത്തിക്കുന്ന ഇൻഫാമിന്റെ ഈ രംഗത്തെ പ്രവർത്തനങ്ങൾ നന്ദിയോടെ വിലമതിക്കുന്നു. ഈ കർഷകദിനാചരണം കർഷകരും കാർഷികമേഖലയും ഇന്ന് അഭിമുഖീകരിക്കുന്ന രൂക്ഷമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള കർമ്മ പദ്ധതികൾക്ക് രൂപം കൊടുക്കുന്നതിനുള്ള അവസരമാകട്ടെ എന്നാശംസിക്കുന്നു. നല്ലവനായ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

കേരള കത്തോലിക്കാ മെത്രാൻ സമിതിക്കുവേണ്ടി,

**മാർ ജോർജ്ജ് വലിയമറ്റം**

എപ്പിസ്കോപ്പൽ അഡ്വൈസർ, ഇൻഫാം

# കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി

## ഇടയലേഖനം

**മദ്യവിരുദ്ധ ഞായർ, 2012 ജനുവരി 29 മദ്യസംസ്കാരത്തെ തിരിച്ചറിയുക**

മിശിഹായിൽ പ്രിയ സഹോദരരെ,

ആഗോളസഭ നവസുവിശേഷവത്ക്കരണത്തിന്റെ പാതയിലാണ്. വിശ്വാസ കൈമാറ്റത്തിന്റെ പുത്തൻ സാധ്യതകളും പ്രസക്തിയും ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു. വിശ്വാസ കൈമാറ്റത്തിന്റെ പ്രഥമവും പ്രധാന വുമായ വേദി കുടുംബങ്ങളാണ്. സഭയുടെ അടിസ്ഥാന യൂണിറ്റുകളായ കുടുംബങ്ങളെ ബലപ്പെടുത്തുക സഭയുടെ എല്ലാ ശുശ്രൂഷകളുടെയും ദൗത്യമാണ്. കുടുംബങ്ങളെ പ്രത്യേകമായും സമൂഹത്തെ പൊതുവായും ബാധിച്ചിരിക്കുന്ന ചില യാഥാർത്ഥ്യങ്ങൾ നാം മനസിലാക്കണം. കാല ത്തിന്റെ അടയാളങ്ങൾ തിരിച്ചറിഞ്ഞ് (ലൂക്ക 12,56) സമയോചിതമായി കർമ്മ രംഗങ്ങൾ ക്രമീകരിക്കാനും ശക്തിപ്പെടുത്താനും നാം ഉത്സുകരാകണം. നമ്മുടെ ജീവിത ചുറ്റുപാടുകളും പുതിയ പ്രവണതകളും ഉയർത്തുന്ന സംഘർഷങ്ങൾ ഏറെയാണ്. കുടുംബങ്ങളിൽ ലഹരിയുടെ ആഘാതങ്ങൾ തീവ്രമാണ്. വിവാഹം, മാമ്മോദീസ തുടങ്ങിയ പരിപാവനമായ കൂദാശാ സ്വീകരണങ്ങൾ, മറ്റ് വിശേഷാവസരങ്ങൾ, എന്തിനേറെ പ്രിയപ്പെട്ടവരുടെ മരണദിനങ്ങൾ പോലും മദ്യത്തിന്റെ ലഹരിയിൽ നിറഞ്ഞ് നിൽക്കുകയാണ്. മദ്യപന്മാർക്ക് എന്തും ഏതും മദ്യപാനത്തിനുള്ള കാരണങ്ങളാണ്. 2012 ജനു വരി 29 മദ്യവിരുദ്ധ ഞായർ ആചരിക്കുന്ന പശ്ചാത്തലത്തിൽ ഇക്കാര്യം ചർച്ച ചെയ്യുന്നത് ആവശ്യമാണ്.

ആർത്തലയ്ക്കുന്ന ലഹരിയിൽ ജീവനും ജീവിതവും മനുഷ്യോചിത മായ സാഹചര്യങ്ങളും തകർക്കപ്പെടുന്നു. കുടുംബങ്ങൾ കണ്ണുനീർത്തടാ കങ്ങളാകുന്നു. സമൂഹം അസ്വസ്ഥതാപൂരിതമാകുന്നു. അനുഗ്രഹത്തി ന്റെയും സ്നേഹത്തിന്റെയും നന്മയുടെയും ഉറവകൾ വറ്റുന്നു. താളം തെറ്റുന്ന ബന്ധങ്ങൾ കലഹത്തിന്റെ കലാപഭൂമികൾ തീർക്കുന്നു. മൂല്യത്ത കർച്ചയും അരാജകത്വവും മലിന സംസ്കാരവും മുറിവേറ്റ മനുഷ്യരും സ്വാസ്ഥ്യം നഷ്ടമായവരും വ്രണിത മാനസരും സമൂഹജീവിതം ദുരിത പൂർണ്ണമാക്കുന്നു. അനാഥ ബാല്യങ്ങൾ, വിഭജിത കുടുംബങ്ങൾ, വെട്ടിമുറി ക്കപ്പെടുന്ന രക്തബന്ധങ്ങൾ, അന്യവത്ക്കരിക്കപ്പെടുന്ന അയൽപക്കങ്ങൾ, ശൂന്യവത്ക്കരിക്കപ്പെടുന്ന ആത്മീയത, വ്യർത്ഥമായ ജീവിതചര്യകൾ എന്നിവ സമാധാനം അന്യമാക്കുന്നു. സാത്താൻ കുടിയേറിയ ഹൃദയങ്ങളിൽ നിന്നും ദൈവസാന്നിദ്ധ്യത്തിന്റെ നന്മയും സ്നേഹവും കൂട്ടായ്മയും ആട്ടിയിറക്ക പ്പെടുന്നു. സ്വാർത്ഥതയുടെ തരിശുഭൂമികളിൽ നല്ല വിത്തുകൾ ഫലശൂന്യ

മാകുന്നു. മൂല്യത്തകർച്ച മുഖമുദ്രയാകുന്നു. അക്രമം, ഗുണ്ടായിസം. പീഡനങ്ങൾ, ആത്മഹത്യകൾ തുടങ്ങിയ സാമൂഹിക തിന്മകളുടെ തലസ്ഥാനമായി ദൈവത്തിന്റെ സ്വന്തം നാട് മാറിയിരിക്കുന്നു. രഹസ്യമായി ചെയ്തിരുന്ന പലതും പരസ്യമായി ചെയ്യാൻ പോലും മനുഷ്യൻ തയ്യാറാകുന്നു. മദ്യവും അനുബന്ധ ലഹരികളും അവനെ അത്തരമൊരു സാഹചര്യത്തിലേയ്ക്ക് എത്തിച്ചിരിക്കുന്നു. ദൈവരാജ്യത്തിലേയ്ക്കുള്ള യാത്രയിൽ കാലത്തിന്റെ അടയാളങ്ങൾ വായിച്ചെടുക്കാനുള്ള ആഹ്വാനം ഏറ്റവും സുപ്രധാനമാണ്.

**ജീവൻ നൽകുന്ന ജീവിത സാക്ഷ്യം**

ക്രിസ്തുവിന്റെ സാന്നിദ്ധ്യം എന്നും ജീവൻ നൽകുന്നതായിരുന്നു. ക്രിസ്തു തന്റെ ജീവിത കാലത്ത് മൂന്ന് വ്യക്തികളെയാണ് ഉയിർപ്പിച്ചത്. "ബാലികേ, എഴുന്നേൽക്കുക..." (ലൂക്ക 8:54) എന്ന മന്ത്രണത്തോടെ ജായ്റോസിന്റെ മകളെയും "യുവാവേ എഴുന്നേൽക്കുക.." (ലൂക്ക 7:14) എന്നരുൾചെയ്ത് നായിനിലെ വിധവയുടെ ഏക മകനേയും "ലാസറെ പുറത്തുവരിക..." (യോഹ. 11:44) എന്നു കൽപ്പിച്ചുകൊണ്ട് ലാസറിനെയും ജീവന്റെ മഹത്വത്തിലേയ്ക്ക്, ജീവിതത്തിന്റെ നന്മയിലേയ്ക്ക്, കുടുംബങ്ങളിലേയ്ക്ക്, സമൂഹത്തിലേയ്ക്ക്, ക്രിസ്തു തിരികെ നൽകി. ബാല്യത്തിൽതന്നെ തുടങ്ങുന്ന മദ്യപാനവും ലഹരിശീലങ്ങളും യുവത്വത്തിലും മറ്റെല്ലാ ജീവിത കാലഘട്ടത്തിലും മാരകമായിത്തീർന്നിരിക്കുന്നുവെന്നത് സാംസ്കാരിക കേരളത്തിന്റെ ശാപമാണ്. രോഗാതുരവും മരണാസന്നവുമായ എല്ലാ തലങ്ങളിലും കാലഘട്ടങ്ങളിലും ജീവൻ കൊടുക്കാൻ സഭ മുന്നിട്ടിറങ്ങുകയാണ്. കേരളത്തെ വിദ്യാഭ്യാസവത്കരിക്കുന്നതിലും ആരോഗ്യ വത്കരിക്കുന്നതിലും പ്രഥമവും പ്രധാനവുമായ സംഭാവന നൽകിയിട്ടുള്ള കേരളസഭയ്ക്ക്, കേരളത്തെ ലഹരിവിമുക്തമാക്കുക എന്ന സുപ്രധാനമായ ദൗത്യത്തിൽ നിന്നും മാറിനിൽക്കാനാവുകയില്ല. ഈ മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ സന്നദ്ധ സംഘടനകളെ ജാതിമതഭേദങ്ങൾക്കതീതമായി സംഘടിപ്പിച്ചുകൊണ്ടും മദ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികളുടെ മാതൃകയും ജീവിത സാക്ഷ്യങ്ങളുംകൊണ്ടു ലഹരിക്കെതിരായ പ്രവർത്തനങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുവാൻ കഴിയും. ജീവിതത്തിന്റെ എല്ലാ തലങ്ങളിലും സമഗ്രമായ ജീവന്റെ അനുഭവം ലഭിക്കാൻ ഓരോരുത്തരും പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും വേണം.

**പ്രതീക്ഷയോടെ... ജാഗ്രതയോടെ...**

കേരളത്തിലെ മദ്യവിരുദ്ധ പ്രവർത്തകർ വലിയ പ്രതീക്ഷയിലാണ്. ഏറെനാളായുള്ള പ്രാർത്ഥനയുടെയും കാത്തിരിപ്പിന്റെയും സമരങ്ങളുടെയും ഫലമായി മദ്യനയത്തിൽ ചില മാറ്റങ്ങൾ വരുത്തുവാനുള്ള സർക്കാരിന്റെ തീരുമാനം ആശ്വാസകരമാണ്. ഒരു പ്രദേശത്ത് മദ്യശാലകൾ വേണമോ വേണ്ടയോ എന്ന് തീരുമാനിക്കാനുള്ള അധികാരം പഞ്ചായത്തുകൾക്ക്

നൽകുന്ന പഞ്ചായത്ത് രാജ് നഗരപാലികാ നിയമത്തിലെ 232, 447 വകുപ്പുകൾ പുനഃസ്ഥാപിക്കാനുള്ള നീക്കം, പുതിയ ത്രീ സ്റ്റാർ ഹോട്ടലുകൾക്ക് ബാർ ലൈസൻസ് അനുവദിക്കുകയില്ല എന്ന തീരുമാനം എന്നിവ മദ്യക്കയത്തിൽ മുങ്ങിത്താഴുന്ന കേരള സമൂഹത്തിന് കുറച്ചൊക്കെ ആശ്വാസം നൽകുന്നവയാണ്. എന്നാൽ, മേൽപ്പറഞ്ഞ ജനാധികാരം പഞ്ചായത്തുകൾക്ക് തിരികെ നൽകുവാനുള്ള നീക്കം എത്രയും വേഗം ഓർഡിനൻസ് വഴി നിയമമാക്കുകയും അങ്ങനെ ഫലപ്രദമായ നടപടികളിലൂടെ ഇക്കാര്യത്തിൽ സർക്കാരിനുള്ള ഇച്ഛാശക്തിയും ആത്മാർത്ഥതയും തെളിയിക്കുകയും ചെയ്യേണ്ടതാണ്. 232, 447 വകുപ്പുകൾ പുനഃസ്ഥാപിച്ചതുകൊണ്ട് മാത്രം തീരുന്നതല്ല ഈ മേഖലയിലെ ദൗത്യം. ഈ ജനക്ഷേമനിയമത്തെ അട്ടിമറിക്കാൻ മാഫിയാ സംഘങ്ങളും അബ്കാരിലോബികളും ശ്രമിക്കുമെന്നതിനാൽ ജാഗ്രതയോടെ, ലഭിച്ച അധികാരത്തെ ജനക്ഷേമത്തിനായി നടപ്പിലാക്കാൻ പഞ്ചായത്തുകളും, ജനപ്രതിനിധികൾ ഉത്തരവാദിത്വത്തോടെ ഈ കടമ നിറവേറ്റുന്നു എന്നു ഉറപ്പുവരുത്താൻ പൊതു സമൂഹവും, മുൻപുണ്ടായിരുന്നതിനേക്കാൾ തീക്ഷ്ണതയോടെ ഇവ കർമ്മരംഗങ്ങളിലെത്തിക്കാൻ ലഹരിക്കെതിരെ പ്രവർത്തിക്കുന്നവരും ജാഗരൂകരായിരിക്കേണ്ട സമയമാണിത്. അല്ലാത്തപക്ഷം അഴിമതിയിലൂടെയും ഒത്തുകളിയിലൂടെയും ഈ നിയമത്തെ മുക്കിക്കൊല്ലാൻ ശ്രമങ്ങൾ നടന്നേക്കാം.

**കെ.സി.ബി.സി. മദ്യവിരുദ്ധസമിതി**

മദ്യക്കടലിലും ലഹരിയുടെ താഴ്വാരങ്ങളിലും വസിക്കുന്ന കേരള സമൂഹത്തിന്റെ കണ്ണുനീരിന്റെയും തേങ്ങലിന്റെയും ഉത്തരമാണ് കെ.സി. ബി.സി. മദ്യവിരുദ്ധ സമിതി. ലഹരിയുടെ നീരാളിപ്പിടുത്തത്തിൽ നിന്നും സമൂഹത്തെ സംരക്ഷിക്കാനും മോചിക്കാനും നമുക്കാകണം. മദ്യമായും മയക്കുമരുന്നായും പാൻമസാലകളായും പുകവലിയായും ഇതിന്റെ വിവിധ ഭാവങ്ങൾ ആബാലവൃന്ദം ജനങ്ങളെയും ബാധിച്ചിരിക്കുന്നു. ഭരിക്കുന്നവരുടെ നയങ്ങളും, ആശ നശിച്ചതുകൊണ്ട് സാധാരണ ജനങ്ങൾ സ്വീകരിക്കുന്ന നിസംഗതയും, ഈ രംഗത്ത് പ്രവർത്തിക്കുന്ന പ്രസ്ഥാനങ്ങൾക്ക് സംഭവിച്ച അപചയവും ലഹരി വസ്തുക്കളുടെ വർദ്ധിച്ച ലഭ്യതയും, അനുദിനം വർദ്ധിച്ചുവരുന്ന ലഹരി ഉപഭോഗവും കാരണം പ്രതിയോഗികളില്ലാത്ത രാക്ഷസനായി ലഹരി മാറിയിരിക്കുന്നു. ഈ യാഥാർത്ഥ്യങ്ങളുടെ നടുവിൽ മദ്യവിമുക്ത സഭയും സമൂഹവും എന്ന ലക്ഷ്യം സാർത്ഥകമാക്കുന്നതിനുവേണ്ടി, 1998-ൽ രൂപപ്പെട്ട പ്രസ്ഥാനമാണ് കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി.

ത്രിതല പ്രവർത്തന ശൈലിയാണ് സമിതി സ്വീകരിച്ചിരിക്കുന്നത്. ബോധവത്ക്കരണ പരിപാടികളിലൂടെ ലഹരിക്കെതിരെയുള്ള അവബോധം സൃഷ്ടിക്കലാണ് ഡിമാന്റ് റിഡക്ഷൻ. മദ്യത്തിന്റെ ലഭ്യത കുറച്ചുകൊണ്ടുവരാൻ സർക്കാർ തലത്തിലും പദ്ധതി രൂപീകരണത്തിനായി വകുപ്പ് തലത്തിലും നടത്തുന്ന സമര സമ്മർദ്ദ പ്രതിഷേധ പരിപാടികളാണ് സപ്ലൈ

റിഡക്ഷൻ. ലഹരിക്കടിമപ്പെട്ടവരെ ചികിത്സിച്ച് പുനരധിവസിപ്പിക്കുകയാണ് റിസ്ക് റിഡക്ഷൻ. ഇടവക, ഫൊറോന, രൂപത, റീജിയൻ സംസ്ഥാനതല ങ്ങളിൽ കേരളത്തിലെ 30 കത്തോലിക്കാ രൂപതകളിലും ഇന്ന് സമിതി സജീ വമായി പ്രവർത്തിക്കുന്നു. സമിതിയുടെ പ്രവർത്തനങ്ങൾ കൂടുതൽ സജീ വമാക്കാനും എല്ലാ ഇടവകകളിലും ഇതിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടു ത്താനും പ്രവർത്തകർ ശ്രദ്ധിക്കേണ്ടതാണ്. മദ്യവിരുദ്ധ ഞായറാഴ്ചയിലെ പിരിവ് രൂപതാ കേന്ദ്രങ്ങൾ വഴി സംസ്ഥാനസമിതിയിലെത്തിക്കുവാൻ ശ്രദ്ധി ക്കണമെന്നഭ്യർത്ഥിക്കുന്നു.

ദൈവത്തിന് എല്ലാം സാധ്യമാണ്. വിശ്വാസികളുടെ പ്രതീക്ഷകൾ പൂക്കുന്നത് ഈ കാഴ്ചപ്പാടിലാണ്. കേരള കത്തോലിക്കാ സഭ അതിന്റെ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നതിന്റെ പിൻബലം ഇവിടെയാണ്. വിവിധ ജനവിഭാഗങ്ങൾക്ക് പ്രതീക്ഷയായും സാമൂഹിക മാറ്റത്തിന്റെ ത്വരകമായും ദരിദ്ര ദുർബല വിഭാഗങ്ങളുടെ കൈത്താങ്ങായും പ്രവർത്തിക്കുന്ന സഭ ആസൂത്രണ വൈഭവത്തോടെ ഈ രംഗത്തും പ്രതിജ്ഞാബദ്ധമാവുകയാണ്. ലഹരിക്കെതിരെ കേരളത്തിന്റെ പൊതുജിഹ്വയാകുവാൻ പലതരത്തിലുള്ള നയസമീപനങ്ങളെ സ്വാധീനിച്ച് മാർഗ്ഗ ദർശനങ്ങൾ നൽകുവാനും ബോധന പ്രതികരണ ശാക്തീകരണ പ്രവർത്തനങ്ങളിൽ പ്രവർത്തകരാകുവാനും ശ്രമി ച്ചുകൊണ്ട് മദ്യവിമുക്ത സഭയും സമൂഹവും രൂപപ്പെടുത്തുക എന്നതാണ് നമ്മുടെ ദൗത്യം.

കാലഘട്ടത്തിന്റെ സൂചനകൾ ജാഗ്രതയുള്ളവരായിക്കാൻ നിർബന്ധി ക്കുന്നു. ആരും മാറിനിൽക്കാതെ, പരസ്പരം പഴിചാരാതെ കൂട്ടുത്തരവാദി ത്വത്തോടെ പ്രവർത്തിക്കേണ്ടിയിരിക്കുന്നു. മാതാപിതാക്കളും അധ്യാപകരും സമൂഹനന്മയുടെ വക്താക്കളായ മതങ്ങളും സന്നദ്ധ സംഘടനകളും പൊതു ജന നന്മയ്ക്കായി ജനപ്രതിനിധികളും ഭരണകർത്താക്കളും സംഘടിത ശക്തി യായി പൊതു സമൂഹവും സുശക്തരായി ലഹരിക്കെതിരെ ജീവൻ പകർന്നു നൽകുന്ന പ്രക്രിയയിൽ പങ്കുകാരാകട്ടെ.

പൈതൃകാശംസകളോടെ...

**റൈറ്റ് റവ. ഡോ. സെബാസ്റ്റ്യൻ തെക്കത്തേച്ചേരിൽ**
(ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി)
**റൈറ്റ് റവ. ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി)
**റൈറ്റ് റവ. ഡോ. റെമിജിയോസ് ഇഞ്ചനാനിയിൽ**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി)

# ലോകസമാധാനദിന സന്ദേശം

## 2012 ജനുവരി 1

### ബെനഡിക്ട് പതിനാറാമൻ മാർപാപ്പാ
### യുവജനത്തെ നീതിയും സമാധാനവും പഠിപ്പിക്കുക

1. പുതിയൊരു വർഷത്തിന്റെ ആരംഭം മനുഷ്യവംശത്തിന് ദൈവം നല്കുന്ന ദാനമാണ്. വലിയ ആത്മവിശ്വാസത്തോടും വാത്സല്യത്തോടും കൂടെ എല്ലാവർക്കും ഹൃദയംഗമമായ ആശംസകളർപ്പിക്കാൻ അത് എന്നെ പ്രേരിപ്പിക്കുന്നു. നമ്മുടെ ഈ കാലഘട്ടം യഥാർത്ഥനീതിയും സമാധാനവും കൊണ്ട് മുദ്രിതമായിരിക്കട്ടെയെന്നതാണ് എന്റെ ആശംസ.

എന്തു മനോഭാവത്തോടെയാണ് നാം പുതുവർഷത്തിലേക്കു നോക്കേണ്ടത്? നൂറ്റിമുപ്പതാം സങ്കീർത്തനത്തിൽ വളരെ മനോഹരമായ ഒരു സാദൃശ്യം കാണാം. "പ്രഭാതം കാത്തിരിക്കുന്ന കാവൽക്കാരെക്കാൾ കൂടുതലായി വിശ്വാസികൾ കർത്താവിനെ കാത്തിരിക്കുന്നു" (വാ. 6) എന്നു സങ്കീർത്തകൻ പറയുന്നു. സുദൃഢമായ പ്രത്യാശയോടെയാണ് അവർ അവിടുത്തെ കാത്തിരിക്കുന്നത്. എന്തെന്നാൽ അവിടുന്ന് പ്രകാശവും കാരുണ്യവും രക്ഷയും കൊണ്ടുവരുമെന്ന് അവർക്ക് അറിയാം. തിരഞ്ഞെടുക്കപ്പെട്ട ജനത്തിന് അവരുടെ അനുഭവത്തിൽ നിന്നുണ്ടായതാണ് ഈ കാത്തിരിപ്പ്. ലോകത്തെ അതിന്റെ യഥാർത്ഥ അവസ്ഥയിൽ നോക്കിക്കാണാനും ക്ലേശങ്ങളാൽ കീഴടക്കപ്പെടാതിരിക്കാനും ദൈവം തങ്ങളെ പഠിപ്പിച്ചിട്ടുണ്ടെന്ന് തിരിച്ചറിവുള്ളവരാണ് തിരഞ്ഞെടുക്കപ്പെട്ട ജനം. ആത്മവിശ്വാസത്തിന്റെ ഈ മനോഭാവത്തോടെ രണ്ടായിരത്തിപ്പന്ത്രണ്ടാം വർഷത്തിലേക്കു നോക്കാൻ ഞാൻ നിങ്ങളെ ക്ഷണിക്കുന്നു. ഇപ്പോൾ അവസാനിക്കുന്ന വർഷം വർദ്ധിച്ച നഷ്ടബോധത്താൽ മുദ്രിതമായിരുന്നുവെന്നതു സത്യമാണ്. സമൂഹത്തെ, തൊഴിലിന്റെ ലോകത്തെ, സാമ്പത്തികതയെ ഇരുട്ടിലാഴ്ത്തുന്ന വിഷമസ്ഥിതി മൂലമാണത്. ഒന്നാമതായി സാംസ്കാരികവും നരവംശശാസ്ത്രപരവുമായ വിഷമസ്ഥിതിയാണത്. പകലിന്റെ പ്രകാശം നന്നായി കാണുന്നതിൽനിന്ന് നമ്മെ തടഞ്ഞുകൊണ്ട് നമ്മുടെ കാലഘട്ടത്തിന്മേൽ നിഴൽ പരന്നിരിക്കുന്നതുപോലെ തോന്നുന്നു.

എന്നാലും, സങ്കീർത്തകൻ പറയുന്ന ആ പ്രഭാതത്തെ കാത്തിരിക്കുകയാണ് മനുഷ്യഹൃദയങ്ങൾ. ഈ പ്രതീക്ഷ യുവജനങ്ങളിൽ പ്രത്യേകമാംവിധം ശക്തവും വ്യക്തവുമാണ്. അതുകൊണ്ട് എന്റെ ചിന്ത അവരിലേക്കും സമൂഹത്തിനുവേണ്ടി അവർക്കു നല്കാൻ കഴിയുന്നതും കഴിയേണ്ടതുമായ സംഭാവനയിലേക്കും തിരിയുന്നു. ആകയാൽ 45-ാം ലോകസമാധാനദിനത്തിന്റെ സന്ദേശം വിദ്യാഭ്യാസത്തെക്കുറിച്ച് ആയിരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു: "യുവജനത്തെ നീതിയും സമാധാനവും പഠിപ്പി

ക്കുക". ലോകത്തിനു പുതിയ പ്രത്യാശ നല്കാൻ ആവേശവും ആദർശവുമുള്ള യുവജനത്തിന്, സാധിക്കുമെന്ന അവബോധത്തോടെയാണ് അങ്ങനെ ചെയ്യുന്നത്.

മാതാപിതാക്കൾ, കുടുംബങ്ങൾ, വിദ്യാദാനം, പരിശീലനം എന്നിവയിൽ ഏർപ്പെട്ടിരിക്കുന്നവർ മതപരവും സാമൂഹികവും രാഷ്ട്രീയവും സാമ്പത്തികവും സാംസ്കാരികവും മാധ്യമസംബന്ധവുമായ ജീവിതമണ്ഡലങ്ങളിലുള്ള എല്ലാവർക്കും കൂടിയുള്ളതാണ് എന്റെ ഈ സന്ദേശം. യുവജനത്തെയും അവരുടെ താത്പര്യങ്ങളെയും ശ്രദ്ധിക്കുകയും അവരെ കേൾക്കാനും അഭിനന്ദിക്കാനും കഴിയുകയും ചെയ്യുകയെന്നത് ഒരു സാധാരണ കാര്യമല്ല. പിന്നെയോ സമൂഹം മുഴുവന്റെയും പ്രാഥമിക കടമയാണത് – നീതിയും സമാധാനവുമുള്ള ഭാവിസമൂഹം പടുത്തുയർത്താൻ വേണ്ടിയുള്ള കടമ.

ജീവന്റെ ഭാവാത്മകമൂല്യം അംഗീകരിക്കാൻ യുവജനങ്ങളോട് പറയണം. നന്മയ്ക്കു സേവനം ചെയ്യുന്നതിനായി ജീവിതം ചെലവഴിക്കാനുള്ള ആഗ്രഹം അവരിൽ ജ്വലിപ്പിക്കണം. ഇത് നമ്മിൽ ഓരോരുത്തരും വ്യക്തിപരമായി നിർവഹിക്കേണ്ട ദൗത്യമാണ്.

ഉറപ്പുള്ള പ്രത്യാശയോടെ ഭാവിയിലേക്കു നോക്കാൻ തങ്ങൾ ആഗ്രഹിക്കുന്നുവെന്ന് ആധുനികലോകത്തെങ്ങുമുള്ള അനേകം യുവാക്കളുടെ ഉത്കണ്ഠ വ്യക്തമാക്കുന്നു. ഇന്ന് അവർ പല കാര്യങ്ങളെ സംബന്ധിച്ചും ഉത്കണ്ഠയുള്ളവരാണ്. യഥാർത്ഥലോകത്തെ കൈകാര്യം ചെയ്യാൻ തങ്ങളെ സജ്ജീകൃതരാക്കുന്ന വിദ്യാഭ്യാസം അവർ ആവശ്യപ്പെടുന്നു. ഒരു കുടുംബം രൂപപ്പെടുത്താനും സ്ഥിരംജോലി സമ്പാദിക്കാനും എത്രമാത്രം വിഷമമുണ്ടെന്ന് അവർ അറിയുന്നു. കൂടുതൽ മാനുഷികവും സാഹോദര്യപൂർണവുമായ മുഖത്തോടുകൂടിയ ഒരു സമൂഹം പടുത്തുയർത്താൻ രാഷ്ട്രീയവും സാംസ്കാരികവും സാമ്പത്തികവുമായ ജീവിതത്തിനു സംഭാവന നല്കാൻ തങ്ങൾക്കു കഴിയുമോയെന്ന് അവർ വിസ്മയിക്കുന്നു.

ഈ അസ്വസ്ഥതയും അതിന്റെ അടിയിലുള്ള ആദർശവാദവും സമൂഹത്തിന്റെ ഓരോ തലത്തിലും ശ്രദ്ധിക്കപ്പെടുകയെന്നത് സുപ്രധാന കാര്യമാണ്. സഭ യുവജനങ്ങളെ പ്രത്യാശയോടും ആത്മവിശ്വാസത്തോടും കൂടെ നോക്കിക്കാണുന്നു. സത്യം അന്വേഷിക്കാനും പൊതുനന്മ സംരക്ഷിക്കാനും ചുറ്റുമുള്ള ലോകത്തോടു തുറവിയുള്ളവരായിരിക്കാനും "പുതിയ സംഗതികൾ" (ഏശ 42:9; 48:6) കാണാനും സഭ അവരെ പ്രോത്സാഹിപ്പിക്കുന്നു.

**വിദ്യാഭ്യാസപ്രവർത്തകർ**

2. ജീവിതത്തിൽ ഏറ്റവും രസപ്രദവും പ്രയാസപൂർണവുമായ ഒരു സാഹസികപ്രവൃത്തിയാണ് വിദ്യാഭ്യാസം. ഇംഗ്ലീഷുഭാഷയിൽ എഡ്യുക്കേഷൻ എന്നാണല്ലോ വിദ്യാഭ്യാസത്തിനു പറയുന്നത്. ആ വാക്ക് പുറത്തേക്കു നയിക്കുക എന്നർത്ഥമുള്ള എദ്ദുച്ചെരെ എന്ന ലത്തീൻ ക്രിയയിൽ നിന്നുണ്ടായതാണ്. അതനുസരിച്ച് ആ വാക്കിന്റെ അർത്ഥം യുവജനത്തെ അവരിൽ നിന്നു പുറത്തേക്കു നയിച്ച് യാഥാർത്ഥ്യത്തിലേക്ക്, വളർച്ചയിലേക്ക് നയിക്കുന്ന ഒരു പൂർണതയിലേക്ക് പ്രവേശിപ്പിക്കുകയെന്നതാണ്. ഈ

പ്രക്രിയ മുതിർന്നവരുടേതും യുവജനത്തിന്റേതുമായ രണ്ടു സ്വാതന്ത്ര്യങ്ങളുടെ കണ്ടുമുട്ടൽ വഴിയാണ് വളർത്തപ്പെടുന്നത്. പഠിക്കുന്നവരുടെ ഭാഗത്തുനിന്ന് അത് ഉത്തരവാദിത്വം ആവശ്യപ്പെടുന്നു. അവർ യാഥാർത്ഥ്യത്തെക്കുറിച്ചുള്ള അറിവിലേക്കു നയിക്കപ്പെടാൻ മനസ്സുള്ളവരാകണം. പഠിപ്പിക്കുന്നവരുടെ ഭാഗത്തുനിന്നാകട്ടെ സ്വയംദാനം ചെയ്യാനുള്ള ഉത്തരവാദിത്വം അത് ആവശ്യപ്പെടുന്നു.

ഇക്കാരണത്താൽ എല്ലാ കാലത്തെക്കാളും കൂടുതലായി ഇന്നു നമുക്ക് യഥാർത്ഥസാക്ഷികളെ ആവശ്യമുണ്ട്. നിയമങ്ങളും വസ്തുതകളും അയച്ചുകൊടുക്കുന്ന വ്യക്തികളെയല്ല ആവശ്യം. സ്വന്തം ജീവിതത്തിന്റെ വിപുലത മൂലം മറ്റുള്ളവർ കാണുന്നതിനെക്കാൾ കൂടുതൽ അകലത്തിൽ കാണാൻ കഴിവുള്ള വ്യക്തികളെ നമുക്ക് ആവശ്യമുണ്ട്. മറ്റുള്ളവർക്കു നിർദ്ദേശിച്ചു കൊടുക്കുന്ന ജീവിതം ആദ്യം സ്വന്തമായി ജീവിക്കുന്ന വ്യക്തിയാണ് സാക്ഷി.

എവിടെയാണ് നീതിയിലും സമാധാനത്തിലുമുള്ള യഥാർത്ഥ വിദ്യാഭ്യാസം നടക്കുന്നത്? ഒന്നാമതായി കുടുംബത്തിൽ. കാരണം, മാതാപിതാക്കളാണ് ആദ്യത്തെ വിദ്യാദായകർ. കുടുംബം സമൂഹത്തിന്റെ പ്രാഥമിക കോശമാണ്: "സർഗാത്മകവും സമാധാനപൂർണവുമായ സഹാസ്തിത്വം ഉണ്ടായിരിക്കാൻ കഴിവ് നല്കുന്ന മാനുഷിക - ക്രൈസ്തവമൂല്യങ്ങൾ കുട്ടികൾ പഠിക്കുന്നത് കുടുംബത്തിലാണ്. തലമുറകൾ തമ്മിലുള്ള ഐക്യവും നിയമങ്ങളോടുള്ള ബഹുമാനവും ക്ഷമിക്കലും മറ്റുള്ളവരെ സ്വാഗതം ചെയ്യലും അവർ പഠിക്കുന്നത് കുടുംബത്തിൽ വച്ചാണ്". നീതിയിലും സമാധാനത്തിലും നമ്മെ അഭ്യസിപ്പിക്കുന്ന പ്രഥമ വിദ്യാലയം കുടുംബമാണ്.

കുടുംബങ്ങൾ മാത്രമല്ല ജീവൻ തന്നെയും നിരന്തരം ഭീഷണിക്കു വിധേയമാകുന്ന, കുടുംബങ്ങൾ മിക്കപ്പോഴും ഛിന്നഭിന്നമാക്കപ്പെടുന്ന ഒരു ലോകത്തിലാണ് നാം ജീവിക്കുന്നത്. കുട്ടികൾക്ക് അമൂല്യനിധികളിലൊന്ന് - അതായത് മാതാപിതാക്കളുടെ സാന്നിധ്യം - ഉറപ്പുവരുത്തുക പ്രയാസമായിരിക്കുന്നു. അതിനു പല കാരണങ്ങളുമുണ്ട്: കുടുംബത്തോടുള്ള ഉത്തരവാദിത്വം നിർവഹിക്കാനാവാത്ത തൊഴിൽ സാഹചര്യം, ഭാവിയെക്കുറിച്ചുള്ള ആകുലത, ജീവിതത്തിന്റെ ഭ്രാന്തമായ ഗതിവേഗം, പര്യാപ്തമായ ജീവസന്ധാരണം ഉറപ്പാക്കാൻ മിക്കപ്പോഴും സ്ഥലം മാറുകയെന്ന ആവശ്യം - അതിജീവനത്തിന്റെ കാര്യം പറയേണ്ടതുമില്ല. മാതാപിതാക്കളുടെ സാന്നിധ്യം ജീവിതയാത്ര കൂടുതൽ ആഴത്തിൽ പങ്കുവയ്ക്കാൻ സാധ്യത നല്കുന്നു. അങ്ങനെ, കാലങ്ങളുടെ ഗതിയിൽ നേടിയ അനുഭവങ്ങളും അവബോധങ്ങളും കൈമാറാൻ സാധിക്കുന്നു. ഒന്നിച്ചു താമസിച്ചാൽ മാത്രം കൈമാറാനാവുന്ന അനുഭവങ്ങളും അവബോധങ്ങളുമാണ് ഇവിടെ വിവക്ഷിക്കുന്നത്. നിരാശപ്പെടാതിരിക്കാൻ മാതാപിതാക്കളെ ഞാൻ നിർബന്ധിക്കുന്നു. സർവോപരി ദൈവത്തിൽ പ്രത്യാശവയ്ക്കാൻ തങ്ങളുടെ ജീവിത മാതൃക വഴി അവർ കുട്ടികളെ പ്രോത്സാഹിപ്പിക്കട്ടെ. ദൈവമാണ് യഥാർത്ഥ നീതിയുടെയും സമാധാനത്തിന്റെയും ഏക ഉറവിടം.

വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ഭരണം നിർവഹിക്കുന്നവരോടും

എനിക്ക് ഒരു വാക്ക് പറയാനുണ്ട്. ഓരോ വ്യക്തിയുടെയും മഹത്ത്വം എപ്പോഴും ആദരിക്കപ്പെടുകയും അംഗീകരിക്കപ്പെടുകയും ചെയ്യുന്നുണ്ടെന്ന് അവർ ഉത്തരവാദിത്വബോധത്തോടെ ഉറപ്പുവരുത്തണം. ഓരോ യുവാവും യുവതിയും തന്റെ വിളി കണ്ടെത്താനും ദൈവദത്തമായ ദാനങ്ങൾ വികസിപ്പിക്കാനും കഴിവ് നേടുന്നതിൽ സഹായിക്കാൻ അവർ തത്പരരായിരിക്കണം. മനസ്സാക്ഷിക്കും മത തത്ത്വങ്ങൾക്കും വിരുദ്ധമായ വിദ്യാഭ്യാസമല്ല കുട്ടികൾക്കു ലഭിക്കുന്നത് എന്ന് അവർ കുടുംബങ്ങൾക്ക് ഉറപ്പുനല്കണം.

സർവാതിശായിയായ ദൈവത്തോടും മറ്റുള്ളവരോടും തുറവി കാണിക്കാനുള്ള ഒരു വേദിയായിരിക്കാൻ ഓരോ വിദ്യാഭ്യാസസ്ഥാപനത്തിനും കഴിയും. സംവാദത്തിന്റെയും ഐക്യത്തിന്റെയും ശ്രദ്ധാപൂർവകമായ ശ്രവണത്തിന്റെയും വേദിയായിരിക്കാൻ കഴിയും. യുവജനത്തിന്റെ വ്യക്തിപരമായ കഴിവുകളും ആന്തരികസമ്പന്നതയും ആദരിക്കപ്പെടുന്നുണ്ടെന്ന് അവിടെ തോന്നിക്കണം. തങ്ങളുടെ സഹോദരീസഹോദരന്മാരെ വിലമതിക്കുന്നതിനു അവിടെ പഠിക്കാൻ യുവജനത്തിന് കഴിയണം. മറ്റുള്ളവരോടു സ്നേഹവും സഹതാപവും അനുദിനം പ്രകടിപ്പിക്കുന്നതിൽ നിന്നും കൂടുതൽ മാനുഷികവും സാഹോദര്യപൂർണവുമായ സമൂഹം നിർമ്മിക്കുന്നതിൽ സജീവഭാഗഭാഗിത്വം വഹിക്കുന്നതിൽ നിന്നും ഉണ്ടാകുന്ന സന്തോഷം ആസ്വദിക്കാൻ യുവജനം അഭ്യസിപ്പിക്കപ്പെടട്ടെ.

വിദ്യാഭ്യാസം നല്കാനുള്ള അവകാശം ഉപയോഗിക്കാനും കടമ നിർവഹിക്കാനും കുടുംബങ്ങൾക്കും വിദ്യാഭ്യാസസ്ഥാപനങ്ങൾക്കും വസ്തുനിഷ്ഠമായി സഹായം നല്കണമെന്ന് ഞാൻ രാഷ്ട്രീയനേതാക്കളോട് ആവശ്യപ്പെടുന്നു. മാതാപിതാക്കൾക്ക് തങ്ങളുടെ കടമ നിർവഹിക്കുന്നതിൽ വേണ്ട സഹായം ഒരിക്കലും ലഭിക്കാതിരിക്കരുത്. വിദ്യാഭ്യാസസാധ്യത ആർക്കും നിഷേധിക്കപ്പെടുന്നില്ലെന്ന് രാഷ്ട്രീയനേതാക്കൾ ഉറപ്പുനല്കണം. തങ്ങളുടെ കുട്ടികൾക്ക് ഏറ്റവും യോജിച്ച വിദ്യാഭ്യാസവ്യവസ്ഥിതി സ്വതന്ത്രമായി തിരഞ്ഞെടുക്കാൻ കഴിയുന്നുണ്ടെന്നും അവർ ഉറപ്പ് വരുത്തണം. ജീവസന്ധാരണമാർഗത്തിനുവേണ്ടി വേർതിരിക്കപ്പെട്ട കുടുംബാംഗങ്ങളെ ഒന്നിപ്പിക്കാൻ അവർ പരിശ്രമിക്കട്ടെ. എല്ലാവരുടെയും നന്മയ്ക്കായി ചെയ്യുന്ന യഥാർത്ഥസേവനമെന്ന നിലയിലുള്ള രാഷ്ട്രീയത്തിന്റെ ഒരു സുതാര്യപ്രതിഛായ അവർ യുവാക്കൾക്കു നല്കട്ടെ.

വിദ്യാഭ്യാസത്തിനു സംഭാവന നല്കാൻ മാധ്യമലോകത്തോടും ഞാൻ അഭ്യർത്ഥിക്കുന്നു. ഇന്നത്തെ സമൂഹത്തിൽ സാമൂഹിക സമ്പർക്കമാധ്യമങ്ങൾക്ക് പ്രത്യേകമായ ഒരു ധർമ്മം നിർവഹിക്കാനുണ്ട്. അവർ വിവരങ്ങൾ നല്കുക മാത്രമല്ല ചെയ്യുന്നത്. പിന്നെയോ അവർ ശ്രോതാക്കളുടെ മനസ്സുകളെ രൂപപ്പെടുത്തുന്നുമുണ്ട്. അങ്ങനെ യുവജനവിദ്യാഭ്യാസത്തിന് ശ്രദ്ധേയമായ സംഭാവന നല്കാൻ അവർക്കു സാധിക്കും. വിദ്യാഭ്യാസവും ആശയവിനിമയവും തമ്മിൽ അത്യധികം ബന്ധപ്പെട്ടിരിക്കുന്നുവെന്ന കാര്യം ഒരിക്കലും മറക്കാതിരിക്കുക സുപ്രധാനമായ കാര്യമാണ്. വിദ്യാഭ്യാസം ആശയവിനിമയത്തിലൂടെ നടക്കുന്നു. അത് വ്യക്തിയുടെ രൂപവത്കരണത്തെ നന്മയ്ക്കായാലും തിന്മയ്ക്കായാലും സ്വാധീനിക്കുന്നു.

യുവജനം മറ്റുള്ളവർക്കായി നിശ്ചയിക്കുന്ന ഉയർന്ന മാനദണ്ഡങ്ങളനുസരിച്ച് സ്വയം ജീവിക്കാൻ വേണ്ട ധൈര്യം കാണിക്കണം. വലിയ

ഒരു ഉത്തരവാദിത്വമാണ് അവർക്കുള്ളത്. തങ്ങളുടെ സ്വാതന്ത്ര്യം നന്മയ്ക്കായി വിവേകപൂർവം ഉപയോഗിക്കാനുള്ള ശക്തി അവർ കണ്ടെത്തട്ടെ. നീതിയിലും സമാധാനത്തിലുമുള്ള വിദ്യാഭ്യാസം ഉൾപ്പെടെയുള്ള തങ്ങളുടെ വിദ്യാഭ്യാസത്തെ സംബന്ധിച്ച് അവർക്കും ഉത്തരവാദിത്വമുണ്ട്.

**സത്യത്തിലും സ്വാതന്ത്ര്യത്തിലും അഭ്യസിപ്പിക്കൽ**

വിശുദ്ധ ആഗസ്തീനോസ് ഒരിക്കൽ ചോദിച്ചു: "സത്യത്തെക്കാൾ കൂടുതൽ ആഴത്തിൽ മനുഷ്യൻ ആഗ്രഹിക്കുന്നതെന്താണ്?" (*Quidenim fortius desiderat anima quam veritatem*). അടക്കാനാവാത്ത ഈ ചോദ്യത്തെ സജീവമായി നിലനിർത്തുന്നതിന് വിദ്യാഭ്യാസം നല്കുന്ന സംഭാവനയെ സമൂഹത്തിന്റെ മാനുഷികമുഖം വളരെയേറെ ആശ്രയിച്ചിരിക്കും. വിദ്യാഭ്യാസം യഥാർത്ഥത്തിൽ വ്യക്തിയുടെ സമഗ്രരൂപവത്കരണത്തെ സംബന്ധിച്ചുള്ളതാണ്. ആധ്യാത്മികവും ധാർമ്മികവുമായ മാനങ്ങൾകൂടി അതിൽ ഉൾക്കൊള്ളുന്നതാണ്. മനുഷ്യന്റെ ആത്യന്തികലക്ഷ്യത്തിലും അവൻ ഉൾപ്പെട്ടിരിക്കുന്ന സമൂഹത്തിന്റെ നന്മയിലും അതു ശ്രദ്ധ കേന്ദ്രീകരിക്കുന്നു. അതുകൊണ്ട് സത്യത്തിൽ വിദ്യ അഭ്യസിപ്പിക്കുന്നതിന്, ഒന്നാമതായി മനുഷ്യൻ ആരാണെന്ന്, മനുഷ്യപ്രകൃതിയെന്താണെന്ന് അറിയണം.

തന്റെ ചുറ്റുമുള്ള ലോകത്തെപ്പറ്റി ധ്യാനിച്ചുകൊണ്ട് സങ്കീർത്തകൻ പറയുന്നു: "അങ്ങയുടെ വിരലുകൾ വാർത്തെടുത്ത വാനിടത്തെയും അവിടുന്ന് സ്ഥാപിച്ച ചന്ദ്രതാരങ്ങളെയും ഞാൻ കാണുമ്പോൾ അവിടുത്തെ ചിന്തയിൽ വരാൻമാത്രം മർത്യന് എന്തു മേന്മയുണ്ട്?" (സങ്കീ 8:4-5).

ചോദിക്കേണ്ട മൗലികചോദ്യം ഇതാണ്: *ആരാണ് മനുഷ്യൻ?* അനന്തതയ്ക്കായുള്ള ഒരു ദാഹം, ജീവിതത്തിന്റെ അർത്ഥം പൂർണമായി വിശദീകരിക്കുന്ന പൂർണസത്യത്തിനായുള്ള ദാഹം, ഹൃദയത്തിലുള്ള ജീവിയാണ് മനുഷ്യൻ. കാരണം, അവൻ ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവനാണ്. ജീവൻ അമൂല്യമായ ദാനമാണെന്ന കൃതജ്ഞതാനിർഭരമായ അംഗീകരണം വ്യക്തിയുടെ അഗാധമായ മഹത്ത്വവും അലംഘനീയതയും കണ്ടെത്തുന്നതിലേക്കു നയിക്കുന്നു. അതുകൊണ്ട് വിദ്യാഭ്യാസത്തിൽ ആദ്യത്തെപടി മനുഷ്യനിൽ ദൈവത്തിന്റെ ഛായ അംഗീകരിക്കാൻ പഠിക്കുകയെന്നതാണ്. അതിന്റെ ഫലമായി ഓരോ മനുഷ്യജീവിയോടും അഗാധമായ ആദരവുണ്ടാകും. മനുഷ്യന്റെ പരമമായ മഹത്ത്വമനുസരിച്ചു ജീവിക്കാൻ മറ്റുള്ളവരെ സഹായിക്കുകയും ചെയ്യും. മനുഷ്യവ്യക്തിയെ ഓരോ മാനത്തിലും മുഴുവനായി സംബന്ധിക്കുന്നതാണ് ശരിയായ മാനുഷികവികസനം എന്ന കാര്യവും മനുഷ്യന്റെ മാനങ്ങളിൽ സർവാതിശായിയായ മാനവും ഉൾക്കൊള്ളുന്നുണ്ടെന്ന കാര്യവും നാം ഒരിക്കലും മറക്കരുത്. അതുപോലെ സാമ്പത്തികമോ സാമൂഹികമോ വ്യക്തിപരമോ സംഘാതപരമോ ആയ ഒരു പ്രത്യേക നന്മയ്ക്കുവേണ്ടി ഒരു വ്യക്തിയെ ബലികഴിക്കാൻ പാടില്ലെന്ന് ഓർമ്മിക്കുകയും വേണം.

ദൈവവുമായുള്ള ബന്ധത്തിലാണ് മാനുഷികസ്വാതന്ത്ര്യത്തെപ്പറ്റി മനുഷ്യന് മനസ്സിലാക്കാൻ കഴിയുന്നത്. മനുഷ്യരെ യഥാർത്ഥസ്വാതന്ത്ര്യത്തിൽ പരിശീലിപ്പിക്കുകയെന്നത് വിദ്യാഭ്യാസത്തിന്റെ ദൗത്യമാണ്. സ്വതന്ത്രമനസ്സിന്റെ നിയന്ത്രണരാഹിത്യമോ അതിന്റെ പരമാധിപത്യമോ അല്ല

സ്വാതന്ത്ര്യം. അത് വ്യക്തിയുടെ പരമാധിപത്യമല്ല. താൻ പരമാധികാരിയാണെന്ന് ഒരുവൻ വിശ്വസിക്കുമ്പോൾ, ആരെയും ഒന്നിനെയും ആശ്രയിക്കാതിരിക്കുമ്പോൾ, തോന്നുന്നതെല്ലാം ചെയ്യാൻ സാധിക്കുമ്പോൾ അയാൾ സ്വന്തം അസ്തിത്വത്തിന്റെ സത്യത്തെത്തന്നെ എതിർക്കുന്നു; സ്വാതന്ത്ര്യത്തെ നഷ്ടപ്പെടുത്തുന്നു. നേരേമറിച്ച് മനുഷ്യൻ വിവേകമുള്ള ജീവിയാണ്. മറ്റുള്ളവരുമായുള്ള പ്രത്യേകിച്ച്, ദൈവവുമായുള്ള ബന്ധത്തിലാണ് അവൻ ജീവിക്കുന്നത്. ദൈവത്തെ കൂടാതെ യഥാർത്ഥസ്വാതന്ത്ര്യം ഒരിക്കലും നേടാനാവുകയില്ല.

സ്വാതന്ത്ര്യം വിലപ്പെട്ട ഒരു മൂല്യമാണ്; പക്ഷേ, ക്ഷണഭംഗുരമാണ്. അതു തെറ്റിദ്ധരിക്കപ്പെടാം, ദുരുപയോഗിക്കപ്പെടാം. "ഇന്ന് വിദ്യാഭ്യാസ ദൗത്യത്തിന് ഹീനമായ ഒരു തടസ്സമുണ്ട്. നമ്മുടെ സമൂഹത്തിലും സംസ്കാരത്തിലും ധാരാളമായിട്ടുള്ള ആപേക്ഷികതാവാദം ആണത്. ഒന്നിനെയും സുനിശ്ചിതമായി അത് അംഗീകരിക്കുന്നില്ല. ആഗ്രഹങ്ങളോടു കൂടിയ വ്യക്തിയെ മാത്രമാണ് പരമമായ മാനദണ്ഡമായി അത് അംഗീകരിക്കുന്നത്. അത് സ്വാതന്ത്ര്യത്തിന്റെ സാദൃശ്യത്തിൽ ഓരോ വ്യക്തിക്കും തടവറയായിത്തീരുന്നു. കാരണം, അത് വ്യക്തികളെ പരസ്പരം വേർതിരിക്കുന്നു. ഓരോ വ്യക്തിയെയും സ്വന്തം ആത്മസത്തയിൽ പൂട്ടിയിടുന്നു. അതുകൊണ്ട് ഇത്തരത്തിലുള്ള ആപേക്ഷികതാപരമായ ചക്രവാളത്തിൽ സത്യത്തിന്റെ പ്രകാശരശ്മിയില്ലാതിരുന്നാൽ യഥാർത്ഥ വിദ്യാഭ്യാസം സാധ്യമാകുകയില്ല. മനുഷ്യൻ എപ്പോഴെങ്കിലും തന്റെ ജീവിതത്തിന്റെ നന്മയെപ്പറ്റി സംശയിച്ചേക്കും. ജീവിതബന്ധങ്ങളെപ്പറ്റിയും പൊതുവായി എന്തെങ്കിലും നിർമ്മിക്കാനുള്ള സമർപ്പണത്തിന്റെ സാധുതയെയും സംശയിച്ചെന്നുവരും".

അതുകൊണ്ട് മനുഷ്യൻ തന്റെ സ്വാതന്ത്ര്യം പ്രയോഗിക്കാൻ ആപേക്ഷികതാപരമായ ചക്രവാളത്തിൽ നിന്നു മുന്നേറണം. തന്നെ സംബന്ധിച്ച സത്യത്തെയും നന്മ തിന്മകളെ സംബന്ധിച്ച സത്യത്തെയും അറിയുകയും വേണം. മനുഷ്യൻ തന്റെ മനസ്സാക്ഷിയുടെ അഗാധതയിൽ ഒരു നിയമം കണ്ടെത്തുന്നു. അവൻ തന്നെ നിർമ്മിച്ചു തന്നിൽതന്നെ പ്രതിഷ്ഠിച്ച നിയമമല്ല അത്. എന്നാലും അത് അവൻ അനുസരിക്കേണ്ടിയിരിക്കുന്നു. അതിന്റെ സ്വരം സ്നേഹിക്കാനും നന്മചെയ്യാനും തിന്മ ഉപേക്ഷിക്കാനും അവനെ വിളിക്കുന്നു. അവൻ ചെയ്യുന്ന നന്മയുടെയും തിന്മയുടെയും ഉത്തരവാദിത്വം ഏറ്റെടുക്കാനും അത് ആഹ്വാനം ചെയ്യുന്നു. അങ്ങനെ സ്വാതന്ത്ര്യത്തിന്റെ വിനിയോഗം, സ്വാഭാവിക ധാർമ്മികനിയമത്തോട് അവഗാഢം ബന്ധപ്പെട്ടിരിക്കുന്നു. അത് പ്രകൃത്യാ സാർവത്രികമാണ്. അത് ഓരോ വ്യക്തിയുടെയും മഹത്ത്വത്തെ പ്രകാശിപ്പിക്കുന്നു. മൗലിക മനുഷ്യാവകാശങ്ങളുടെയും കടമകളുടെയും അടിസ്ഥാനത്തെ രൂപപ്പെടുത്തുകയും ചെയ്യുന്നു. തന്മൂലം, ആത്യന്തികാപഗ്രഥനത്തിൽ അത് നീതിപൂർവകവും സമാധാനപൂർവകവുമായ സഹാസ്തിത്വത്തിന്റെ അടിസ്ഥാനം രൂപപ്പെടുത്തുന്നു.

അതുകൊണ്ട്, സ്വാതന്ത്ര്യത്തിന്റെ ശരിയായ ഉപയോഗം നീതിയും സമാധാനവും വളർത്താൻ അത്യാവശ്യമാണ്. തന്നെത്തന്നെയും അന്യരെയും ആദരിക്കാൻ അത് ആവശ്യപ്പെടുന്നു. അസ്തിത്വവും ജീവിതവും കൊണ്ട് തന്നിൽ നിന്ന് ഏറെ വ്യത്യസ്തരായിട്ടുള്ളവരെയും ആദരിക്കാൻ അത് ആവ

ശ്യപ്പെടുന്നു. സമാധാനത്തെയും നീതിയെയും വാക്കുകളിൽ മാത്രം ഒതു ക്കാത്ത ഘടകങ്ങളെ ഈ മനോഭാവം ജനിപ്പിക്കും. അതായത്, പരസ്പര വിശ്വാസം, സർഗാത്മകസംവാദം നടത്താനുള്ള കഴിവ്, ലഭിക്കണമെന്ന് എപ്പോഴും ആഗ്രഹിക്കുന്നതും കൊടുക്കാൻ പ്രയാസമുള്ളതുമായ ക്ഷമ യ്ക്കുള്ള സാധ്യത, പരസ്പരസ്നേഹം, ഏറ്റവും ദുർബലരായവരോടു സഹ താപം, ത്യാഗങ്ങൾ ചെയ്യാനുള്ള സന്നദ്ധത.

**നീതിയിലുള്ള പഠിപ്പിക്കൽ**

4. നല്ല ലക്ഷ്യങ്ങളെക്കുറിച്ച് പ്രഘോഷിക്കുന്നുണ്ടെങ്കിലും വ്യക്തി യുടെ മൂല്യത്തെയും മാനുഷികമഹത്ത്വത്തെയും മനുഷ്യാവകാശങ്ങളെയും ഗൗരവപൂർവകമായ തോതിൽ ഭീക്ഷണിപ്പെടുത്തുന്ന ലോകമാണ് നമ്മുടേത്. ഉപയോഗം, ലാഭം, ഭൗതികസമ്പാദ്യങ്ങൾ എന്നിവയുടെ മാനദണ്ഡങ്ങളെ മാത്രം ആശ്രയിക്കാനുള്ള വ്യാപകമായ പ്രവണതയാണ് ഭീഷണിപ്പെടുത്തു ന്നത്. അതുകൊണ്ട് നീതിയെ അതിന്റെ സർവാതിശായിത്വമുള്ള വേരുക ളിൽ നിന്നു വേർതിരിക്കാതിരിക്കുകയെന്നത് പ്രധാനപ്പെട്ട കാര്യമാണ്. നീതി യഥാർത്ഥത്തിൽ ഒരു മാനുഷികസങ്കല്പമല്ല. നീതിപൂർവകമായത് എന്താ ണെന്ന് മനുഷ്യനിർമ്മിത നിയമങ്ങൾ കൊണ്ടല്ല ആത്യന്തികമായി നിശ്ചയി ക്കുന്നത്. പിന്നെയോ മനുഷ്യാസ്തിത്വത്തിന്റെ അഗാധമായ തനിമകൊ ണ്ടാണ്. നീതിയെന്ന ആശയത്തെ ചുരുക്കിക്കളയാതിരിക്കാൻ മനുഷ്യനെ സംബന്ധിച്ച സമഗ്രവീക്ഷണം നമ്മെ സഹായിക്കുന്നു. ദൃഢൈക്യത്തി ന്റെയും സ്നേഹത്തിന്റെയും സാഹചര്യത്തിൽ നീതിയെ പ്രതിഷ്ഠിക്കാനും സഹായിക്കുന്നു.

യുക്തിവാദപരവും വ്യക്തിപ്രാധാന്യവാദപരവുമായ സാമ്പത്തിക തത്ത്വങ്ങളിൽ നിർമ്മിക്കപ്പെട്ട ചില ആധുനിക സാംസ്കാരികചിന്തകൾ നീതിയെ അതിന്റെ അതിസ്വാഭാവികവേരുകളിൽ നിന്ന് വിച്ഛേദിച്ചിരിക്കു ന്നുവെന്ന കാര്യം നമുക്ക് അവഗണിക്കാൻ സാധ്യമല്ല. നീതിയെ പരസ്നേ ഹത്തിൽ നിന്നും ഐക്യദാർഢ്യത്തിൽ നിന്നും വേർതിരിച്ചിരിക്കുന്നു. "അവ കാശങ്ങളുടെയും കടമകളുടെയും ബന്ധങ്ങളിൽ മാത്രമല്ല ഭൗമികനഗരം പടുത്തുയർത്തുന്നത്. പിന്നെയോ ഔദാര്യത്തിന്റെയും കാരുണ്യത്തിന്റെയും കൂട്ടായ്മയുടെയും ബന്ധങ്ങളിൻമേലാണ്, കൂടുതൽ മൗലികമായി അതു പടുത്തുയർത്തുന്നത്".

"നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ. അവർ തൃപ്തരാക്കപ്പെടും" (മത്താ 5:6). കാരണം, ദൈവ ത്തോടും തങ്ങളോടുതന്നെയും സഹോദരീസഹോദരന്മാരോടും മുഴുവൻ സൃഷ്ടിയോടുമുള്ള ശരിയായ ബന്ധങ്ങൾക്കു വേണ്ടിയാണ് അവർ വിശപ്പും ദാഹവും അനുഭവിക്കുന്നത്.

**സമാധാനത്തിൽ പഠിപ്പിക്കൽ**

5. "കേവലം യുദ്ധമില്ലായ്മയല്ല സമാധാനം. ശത്രുക്കൾ തമ്മിലുള്ള ശക്തി, തുല്യത നിലനിറുത്തുന്നതുമല്ല സമാധാനം. വ്യക്തികളുടെ നന്മ യുടെ പരിരക്ഷ, മനുഷ്യർ തമ്മിലുള്ള സ്വതന്ത്രമായ ആശയവിനിമയം, വ്യക്തികളുടെയും ജനതകളുടെയും മാഹാത്മ്യത്തോടുള്ള ബഹുമാനം, സാഹോദര്യത്തിന്റെ ഉത്സാഹപൂർവകമായ അഭ്യാസം എന്നിവ കൂടാതെ

ഭൂമിയിൽ സാധാനം സ്ഥാപിക്കാൻ സാധിക്കുകയില്ല". ക്രിസ്തു ആണ് നമ്മുടെ യഥാർത്ഥ സമാധാനമെന്ന് ക്രിസ്ത്യാനികളായ നമ്മൾ വിശ്വസിക്കുന്നു. ക്രിസ്തുവിൽ, അവിടത്തെ കുരിശുവഴി, ദൈവം ലോകത്തെ തന്നോടുതന്നെ രമ്യതപ്പെടുത്തുകയും നമ്മെ പരസ്പരം വേർതിരിക്കുന്ന വിഭജന ഭിത്തികളെ തകർക്കുകയും ചെയ്തിരിക്കുന്നു (cf. എഫേ 2:14-18). അവിടുന്നിൽ ഒറ്റക്കുടുംബമേ ഉള്ളൂ, സ്നേഹത്തിൽ അനുരഞ്ജിതമായ ഒറ്റക്കുടുംബം.

സ്വീകരിക്കാനുള്ള ഒരു ദാനം മാത്രമല്ല സമാധാനം. അത് ഏറ്റെടുക്കേണ്ട ഒരു ദൗത്യം കൂടിയാണ്. യഥാർത്ഥ സമാധാന സ്ഥാപകരാകാൻ വേണ്ടി നാം താഴെപ്പറയുന്ന കാര്യങ്ങളിൽ സ്വയം പരിശീലിക്കണം: സഹതാപം, ഐക്യദാർഢ്യം, കൂട്ടായ അധ്വാനം, സാഹോദര്യം, സമൂഹത്തിൽ സജീവമായി പ്രവർത്തിക്കൽ, ദേശീയവും അന്തർദ്ദേശീയവുമായ പ്രശ്നങ്ങളെക്കുറിച്ചും സമ്പത്തിന്റെ പുനർവിതരണത്തിനു പര്യാപ്തമായ മാർഗങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചുമുള്ള ബോധവത്കരണം, വളർച്ചയെ ത്വരിതപ്പെടുത്തൽ, വികസനത്തിലുള്ള സഹകരണം, സംഘർഷത്തിൽ പരിഹാരം കണ്ടെത്തൽ. "സമാധാനസ്ഥാപകർ അനുഗൃഹീതരാണ്. കാരണം, അവർ ദൈവപുത്രന്മാരെന്നു വിളിക്കപ്പെടും" (മത്താ 5:9) - യേശു ഗിരിപ്രഭാഷണത്തിൽ പറയുന്നതുപോലെ.

എല്ലാവർക്കും സമാധാനമുണ്ടായിരിക്കുകയെന്നത് എല്ലാവർക്കും നീതി ലഭിക്കുന്നതിന്റെ ഫലമാണ്. സമാധാനത്തെ വളർത്തുകയെന്ന മൗലിക കടമയിൽ നിന്ന് ഒഴിഞ്ഞുമാറാൻ ആർക്കും സാധ്യമല്ല. ഓരോ വ്യക്തിയും തന്റെ കഴിവിന്റെയും ഉത്തരവാദിത്വത്തിന്റെയും മണ്ഡലങ്ങളിൽ ആ കടമ നിർവഹിക്കണം. ആദർശങ്ങളെ മുറുകെപ്പിടിക്കുന്ന യുവജനത്തെ ഞാൻ പ്രത്യേകമായി ക്ഷണിക്കുന്നു, നീതിയും സമാധാനവും അന്വേഷിക്കുന്നതിൽ ക്ഷമയും സ്ഥിരോത്സാഹമുള്ളവരായിരിക്കാനും ത്യാഗം സഹിക്കേണ്ടിവന്നാലും നീതിപൂർവ്വകവും സത്യസന്ധവുമായതിനുവേണ്ടിയുള്ള അഭിരുചി വളർത്താനും.

**കണ്ണുകൾ ദൈവത്തിങ്കലേക്ക് ഉയർത്തുക**

6. നീതിയുടെയും സമാധാനത്തിന്റെയും വഴിയിലൂടെ നടക്കുകയെന്ന വെല്ലുവിളിക്കു മുന്നിൽ സങ്കീർത്തകന്റെ വാക്കുകളിൽ ചോദിക്കാൻ നമുക്കു പ്രലോഭനമുണ്ടാകാം: "ഞാൻ പർവതങ്ങളിലേക്ക് എന്റെ കണ്ണുകൾ ഉയർത്തുന്നു. എവിടെനിന്നാണ് എനിക്ക് സഹായം കിട്ടുക?" (സങ്കീ 121:1).

എല്ലാവരോടും, പ്രത്യേകിച്ച് യുവജനങ്ങളോട് ഇങ്ങനെ ഉറപ്പിച്ചു പറയാൻ ഞാൻ ആഗ്രഹിക്കുന്നു: "ലോകത്തെ രക്ഷിക്കുന്നത് പ്രത്യയശാസ്ത്രങ്ങളല്ല. സജീവനായ ദൈവത്തിലേക്ക്, നമ്മുടെ സ്രഷ്ടാവിലേക്ക്, നമ്മുടെ സ്വാതന്ത്ര്യത്തിന് ഉറപ്പുതരുന്നവനിലേക്ക് യഥാർത്ഥത്തിൽ നല്ലതും സത്യവുമായതിന്റെ ഉറപ്പു നല്കുന്നവനിലേക്ക് ഉള്ള തിരിച്ചുപോക്കു മാത്രമേ ലോകത്തെ രക്ഷിക്കുകയുള്ളൂ. ശരിയായതിന്റെ മാനദണ്ഡമായ, അതേ സമയം ശാശ്വതസ്നേഹമായ ദൈവത്തിലേക്കുള്ള വ്യവസ്ഥകളില്ലാത്ത തിരിച്ചുപോക്ക് തന്നെ.

സ്നേഹമല്ലാതെ മറ്റെന്താണ് നമ്മെ രക്ഷിക്കുന്നത്?". സ്നേഹം സത്യത്തിൽ പ്രസാദിക്കുന്നു. സത്യം, നീതി, സമാധാനം എന്നിവയ്ക്കായി സ്വയം സമർപ്പിക്കാൻ നമ്മെ കഴിവുള്ളവരാക്കുന്ന ശക്തിയാണത്. എന്തെന്നാൽ അത് എല്ലാം വഹിക്കുന്നു, എല്ലാം വിശ്വസിക്കുന്നു, എല്ലാം പ്രത്യാശിക്കുന്നു, എല്ലാം സഹിക്കുകയും ചെയ്യുന്നു (cf. 1 കോറി 13:1-13).

പ്രിയപ്പെട്ട യുവജനങ്ങളേ, നിങ്ങൾ സമൂഹത്തിനുള്ള അമൂല്യദാനമാണ്. പ്രയാസങ്ങളുടെ മുമ്പിൽ നിരുത്സാഹരാകരുത്. പ്രശ്നങ്ങളെ കീഴടക്കാൻ ഏറ്റവും എളുപ്പമുള്ളവയെന്നു കരുതുന്ന അബദ്ധപരിഹാരമാർഗ്ഗങ്ങൾക്ക് നിങ്ങൾ സ്വയം വിട്ടുകൊടുക്കരുത്. കഠിനാധ്വാനവും ത്യാഗവും നേരിടാനും വിശ്വസ്തത, സ്ഥിരത, വിനയം, ത്യാഗം എന്നിവ ആവശ്യപ്പെടുന്ന പാത തിരഞ്ഞെടുക്കാനും സ്വയം സമർപ്പിക്കാൻ പേടിക്കരുത്. നിങ്ങളുടെ യൗവനത്തെ വിശ്വസിക്കുക. സന്തോഷം, സത്യം, സൗന്ദര്യം, യഥാർത്ഥസ്നേഹം എന്നിവയ്ക്കായുള്ള അതിന്റെ അഗാധമായ ആഗ്രഹങ്ങളെ വിശ്വസിക്കുക. ഏറെ സമ്പന്നവും ആവേശപൂർണവുമായ ജീവിതത്തിലെ ഈ കാലഘട്ടം പൂർണമായി ജീവിക്കുക.

മുതിർന്നവർക്കു നിങ്ങൾ മാതൃകയും പ്രചോദനവുമാണെന്നു തിരിച്ചറിയുക. അനീതിയും അഴിമതിയും കീഴടക്കാൻ ശ്രമിക്കുകയും കൂടുതൽ നല്ല ഭാവി സൃഷ്ടിക്കാൻ അധ്വാനിക്കുകയും ചെയ്യുമ്പോഴും നിങ്ങൾ കൂടുതലായി അപ്രകാരമായിരിക്കും. നിങ്ങളുടെ കഴിവുകളെക്കുറിച്ചു ബോധമുള്ളവരായിരിക്കുക. ഒരിക്കലും സ്വാർത്ഥതയുള്ളവരായിരിക്കരുത്. എല്ലാവർക്കും കൂടുതൽ പ്രകാശമുള്ള ഭാവിയുണ്ടാകാൻ അധ്വാനിക്കുവിൻ. നിങ്ങൾ ഒരിക്കലും ഒറ്റപ്പെട്ടവരല്ല. സഭ നിങ്ങളെ വിശ്വസിക്കുന്നു; നിങ്ങളെ പിന്തുടരുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു; തന്റെ ഏറ്റവും വിലപ്പെട്ട സമ്മാനം നിങ്ങൾക്കു തരാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. ദൈവത്തിലേക്കു നിങ്ങളുടെ കണ്ണുകൾ ഉയർത്താനുള്ള അവസരം - നീതിയും സമാധാനവുമായ യേശുക്രിസ്തുവിനെ കണ്ടുമുട്ടാനുള്ള അവസരം.

സമാധാനത്തിന്റെ കാര്യത്തിൽ ശ്രദ്ധിക്കുന്ന ലോകത്തിലെ സകല സ്ത്രീപുരുഷന്മാരോടും: സമാധാനം നാം നേടിക്കഴിഞ്ഞ അനുഗ്രഹമല്ല. നമ്മൾ എല്ലാവരും നേടാൻ വേണ്ടി പരിശ്രമിക്കേണ്ട ലക്ഷ്യമാണ്. ഭാവിയിലേക്ക് കൂടുതൽ പ്രത്യാശയോടെ നമുക്കു നോക്കാം. നമ്മുടെ യാത്രയിൽ പരസ്പരം പ്രോത്സാഹിപ്പിക്കാം. നമ്മുടെ ലോകത്തിന് കൂടുതൽ മാനുഷികവും സാഹോദര്യപരവുമായ മുഖം നല്കാൻ നമുക്കു ഒന്നിച്ചു പരിശ്രമിക്കാം. ഇപ്പോഴത്തെ തലമുറയോടും വരുംതലമുറകളോടും നമുക്ക് പൊതുവായ ഉത്തരവാദിത്വമുള്ളവരായിരിക്കാം. പ്രത്യേകിച്ച് സമാധാനത്തിന്റെ ജനവും സമാധാനസ്ഥാപകരുമായി അവരെ പരിശീലിപ്പിക്കാൻ ഉത്തരവാദിത്വം വഹിക്കാം. ഈ വിചാരങ്ങളോടെ എല്ലാവർക്കും എന്റെ വിചിന്തനങ്ങളും അഭ്യർത്ഥനയും നല്കുന്നു. യുവജനങ്ങളെ നീതിയിലും സമാധാനത്തിലും പരിശീലിപ്പിക്കുകയെന്ന മഹാലക്ഷ്യത്തിനായി നമ്മുടെ ആധ്യാത്മികവും ധാർമ്മികവും ഭൗതികവുമായ വിഭവങ്ങൾ ശേഖരിക്കാം.

വത്തിക്കാനിൽ നിന്ന്, 2011 ഡിസംബർ 08.

**ബെനഡിക്ട് 16-ാമൻ മാർപാപ്പാ**

## Agreement between the Catholic Church and the Malankara Orthodox Syrian Church on the Sharing of Sacred Places

This agreement between the Catholic Church and the Malankara Orthodox Syrian Church on sharing of Sacred Places has been prepared taking into account the common profession of faith on the mystery of the Incarnate Word and the development in the understanding of the common faith in the mystery of the Church and the sacraments.

Churches are consecrated buildings which have an important theological and liturgical significance for both the Catholic Church and the Malankara Orthodox Church. However, if one of these two Churches does not have a place or the liturgical objects necessary for their services. Under similar circumstances, permission may be given for the sharing the cemeteries, which are also sacred places.

The Joint International Commission for Dialogue between the Catholic Church and the Malankara Orthodox Syrian Church proposes the following as guidelines for the sharing of the church buildings and cemeteries.

1.Where a community of the Catholic/Malankara Orthodox Syrian Christians of a particular place does not have a place for liturgical celebrations or cemetery for Christian burial, the parish priest of that community may request the use of such places from the Diocesan Bishop of the Church who owns such a place with the recommendation letter of his own diocesan bishop.

2. Having made the necessary consultation with the parish priest and considering the local situation, the bishop may give the written permission indicating that this permission does not give any claim on the land.

3. On the approval by the bishop, the local Parish Council/Managing Committee has to prepare the relevant 'terms and conditions' considering all local impediments.

4. The 'terms and conditions' have to get its prior approval from the concerned bishops on either side before being signed as an agreement.

5. Since the issues related to burial could be sensitive professional legal advice may be taken while preparing the necessary 'terms and conditions'.

6. The minister of the funeral must be the minister of the Church of the deceased person. When the minister of his/her own Church is not available, the minister of the other Church is entitled to officiate the ceremony. The celebrant has to follow the liturgical rites of his Church.

7. Post-funeral prayers in the cemetery shall be done without causing inconvenience to the parish to which the cemetery belongs.

8. The formalities regarding the funeral and the erection of the tomb stone,

cross etc. at the burial place must be in accordance with the norms of the parish community to whom the cemetery belongs.

9. In the event of both the Churches lacking a burial site, both Churches could approach the local authorities for permission to secure a common cemetery.

Signed by

**His Excellency Rt. Rev. Brian Farrell -** Co-Chairman

**His Grace Dr. Gabriel Mar Gregorios** - Co-Chairman

## Agreement between the Catholic Church and the Malankara Syrian Orthodox Church (Jacobite Syrian Christian Church) on Sharing of Sacred Places

This agreement between the Catholic Church and the Malankara Syrian Orthodox Church (Jacobite Syrian Christian Church) on sharing of sacred paces has been prepared taking into account the common profession of faith on the mystery of the Incarnate Word and the common affirmation of the faith in the mystery of the Church and the sacraments. Besides, the possibility given by the declaration for a pastoral collaboration including the mutual admission of the faithful belonging to both the Churches to the reception of the sacraments of Penance, Eucharist and Anointing of the Sick for a grave spiritual need and the agreement on mixed marriage have also taken into account.

Churches are consecrated buildings which have an important theological and liturgical significance for both the Catholic Church and the Malankara Syrian Orthodox Church. However if one of these two churches do not have a place or the liturgical objects necessary for celebrating worthily the Eucharistic liturgy, the diocesan bishop of the other Church may allow them the use of a church building of their Church and also lend them what may be necessary for their services. Under similar circumstances permission may be given on sharing of the cemeteries.

The Joint International Commission for Dialogue between the Catholic Church and the Malankara Syrian Orthodox Church proposes the following as guidelines for the sharing of church buildings and cemeteries.

Agreement between the parishes

1. Where a community of the Catholic/ Malankara Syrian Orthodox Christian of a particular place does not have a place for celebrating the Eucharistic liturgy or cemetery for Christian burial, the parish priest of that community may request the diocesan bishop of the Church who owns such a place with recommendation letter of their diocesan bishop.

1.1. Having made the necessary consultation with the parish priest and considering the local situation, the bishop may give the written permission indicating that this permission does not give any claim on the land.

2. While giving permission for sharing of the cemetery the following conditions have to be included.

2.1. Minister of the funeral must be the minister of the person concerned. But when the minister of one's own Church is not available, the minister of the other Church is entitled to officiate the ceremony. He has to do it using liturgical text and liturgical vestments of his Church.

2.2. Post funeral prayers in the cemetery shall be allowed without causing inconvenience to the parish to which the cemetery belongs.

2.3. The formalities regarding the funeral and erection of the tomb stone, cross etc. at the burial place must be according to the norms of the parish community to whom the cemetery belongs.

**H.B. Aboon Mor Baselios Thomas I Catholicose**
Jacobite Syrian Christian Church

**H.E. Rt. Rev. Brian Farrell** - Secretary, Pontifical Council for Christian Unity

## Agreement between the Catholic Church and the Malankara Orthodox Syrian Church on Sharing of the Sacrament of Anointing of the Sick

This agreement between the Catholic Church and the Malankara Orthodox Syrian Church on sharing of the Sacrament of Anointing of the Sick has been prepared taking into account the common profession of faith on the Mystery of the Incarnate Word and the development in the understanding of the common faith in the mystery of the Church and the sacraments.

1. The following two facts are considered in this context:

a. The particular status of the Oriental Orthodox Churches as recognized in the decree of the Second Vatican Council. Exceptional permission is given for administration and reception of the Sacraments in relation to the members of the Oriental Orthodox Churches.

b. The particular status of the Catholic Church is recognized in the Synodal decisions of the Malankara Orthodox Church in February 1977. Exceptional permission is given for administration and reception of the Sacraments in relation to the members of the Catholic Church.

2. On the basis of the above two facts, we agree that, in the event of an emergency and in the absence of the minister of one Church, the faithful can approach the minister of the other Church to receive the Sacrament of Anointing of the Sick, who may administer the sacrament in his own liturgical rite.

Signed by

**His Excellency Rt Rev. Brian Farrell -** Co-Chairman
**His Grace Dr. Gabriel Mar Gregorios** - Co-Chairman

# രൂപതാകച്ചേരി വാർത്തകൾ

### തിരുബാലസഖ്യദിനം - ഫെബ്രുവരി 12

ഫെബ്രുവരി 12 തിരുബാലസഖ്യദിനമായി ആചരിക്കുന്നു. അന്നത്തെ സ്തോത്രക്കാഴ്ച തിരുബാലസഖ്യദിനത്തിന്റെ പ്രവർത്തനത്തിനായി അയച്ചുകൊടുക്കുന്നതിന് കഴിവതും വേഗം രൂപതാ കേന്ദ്രത്തിൽ എത്തിക്കുമല്ലോ.

### സ്നേഹസ്മരണ

ജനുവരി 29-ാം തീയതി ബഹു. ജോസഫ് കോട്ടേപ്പറമ്പിലച്ചന്റെ ചരമദിനമായിരുന്നു. ഫെബ്രുവരി 15-ാം തീയതി ബഹു. ജെയിംസ് കരോട്ടച്ചന്റെ ചരമ വാർഷികദിനമാണ്. ഈ രണ്ടു വൈദീകരെയും നമ്മുടെ പ്രാർത്ഥനകളിൽ നമുക്ക് അനുസ്മരിക്കാം.

### ഫാ. പീറ്റർ ചെറുകരമുട്ടം - ഒന്നാം ചരമവാർഷികം

അനേകരുടെ ആത്മീയവും ഭൗതീകവുമായ ഉയർച്ചയ്ക്ക് തീഷ്ണതയോടെ സേവനം ചെയ്ത പീറ്ററച്ചൻ നമ്മെ വേർപിരിഞ്ഞിട്ട് ഫെബ്രുവരി 7-ാം തീയതി ഒരു വർഷം തികയുകയാണ്. അന്നേദിവസം രാവിലെ 7 മണിക്ക് സീയോൻ ചാപ്പലിൽ വി.കുർബാനയും ഒപ്പീസും ഉണ്ടായിരിക്കുന്നതാണ്. അച്ചനെ നമ്മുടെ പ്രാർത്ഥനകളിൽ പ്രത്യേകം അനുസ്മരിക്കാം.

### മാനന്തവാടി രൂപത സമഗ്ര ഗ്രന്ഥരചന

രൂപതയുടെ സമഗ്ര ചരിത്രഗ്രന്ഥ രചനയിലേയ്ക്ക് അതത് ഇടവകകളുടെയും സംഘടനകളുടെയും പ്രസ്ഥാനങ്ങളുടെയും സന്യാസ സമൂഹങ്ങളുടെയും ചരിത്രം തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടാവുമല്ലോ. വരുന്ന രണ്ടു മാസത്തിനുള്ളിൽ അവ പൂർത്തിയാക്കി രചനകളും ചരിത്ര രേഖകളുടെ പകർപ്പുകളും രൂപതാ കേന്ദ്രത്തിൽ എത്തിക്കാൻ തീവ്രശ്രമം ഉണ്ടാകണമെന്നഭ്യർത്ഥിക്കുന്നു.

**നന്ദിയും സ്വാഗതവും**

കഴിഞ്ഞ ഒരു വർഷക്കാലം നടവയൽ, ചുണ്ടക്കര, നിലമ്പൂർ എന്നിവിടങ്ങളിൽ അസിസ്റ്റന്റ് വികാരിയായി സ്തുത്യർഹമായി സേവനം ചെയ്തശേഷം തങ്ങളുടെ സഭാസമൂഹത്തിലേയ്ക്ക് തിരികെ പോകുന്ന ബഹു. ഫാ. മനോജ് തോട്ടുംങ്കര O.Praem, ബഹു. ഫാ. ജോസഫ് പെരുമ്പാംപള്ളി CMI, ബഹു. ഫാ. ഫ്രാൻസീസ് തകടിയേൽ CMI എന്നിവർക്ക് രൂപതയുടെ നന്ദി അറിയിക്കുന്നു. പുതിയ പ്രവർത്തന മേഖലകളിൽ വിജയാശംസകൾ നേരുന്നു.

മാനന്തവാടി രൂപതയിൽ സേവനത്തിനായി കടന്നുവന്നിരിക്കുന്ന ബഹു. സജി പാറേക്കാട്ടിൽ O.Praem, ബഹു. ഫാ. ജോർജ് മേക്കുളത്തിൽ SJ, ബഹു. ദേവസ്യ ഇടിമുഴിതടത്തിൽ MCBS എന്നീ വൈദീകർക്ക് ഹൃദ്യമായ സ്വാഗതവും പ്രവർത്തന വിജയവും ആശംസിക്കുന്നു.

**സന്യസ്ത സമൂഹങ്ങളിലെ സുപ്പീരിയർമാരുടെ യോഗം**

മാനന്തവാടി രൂപതയിൽ സേവനം ചെയ്യുന്ന സന്യാസിനി സമൂഹങ്ങളിലെ (Women Religious) മേജർ സുപ്പീരിയർമാരുടെയും ലോക്കൽ സുപ്പീരിയർമാരുടെയും ഒരു യോഗം 2012 ഫെബ്രുവരി 27-ാം തീയതി തിങ്കളാഴ്ച രാവിലെ 11 മണിമുതൽ ഉച്ചകഴിഞ്ഞ് 3 മണിവരെ അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിന്റെ അദ്ധ്യക്ഷതയിൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ചേരുന്നു. പ്രോഗ്രാം : 9.30 ജപമാല, 10.00 വി.കുർബാന, 11.00-3.00 മീറ്റിംഗ്.

മാനന്തവാടി രൂപതയിൽ സേവനം ചെയ്യുന്ന സന്യാസ സഭകളിലെ (Men Religious)മേജർ സൂപ്പീരിയർമാരുടെയും ലോക്കൽ സുപ്പീരിയർമാരുടെയും ഒരു യോഗം 2012 ഫെബ്രുവരി 29 ബുധനാഴ്ച രാവിലെ 10.30 മുതൽ 1.00 മണിവരെ അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിന്റെ അദ്ധ്യക്ഷതയിൽ മാനന്തവാടി ബിഷപ്സ് ഹൗസിൽ വച്ച് ചേരുന്നു. രണ്ട് മീറ്റിഗുകളിലും സംബന്ധിക്കേണ്ടവർക്ക് ക്ഷണക്കത്തുകൾ അയച്ചിട്ടുണ്ട്. എങ്കിലും ഏതെങ്കിലും കാരണവശാൽ ക്ഷണക്കത്തുകൾ കിട്ടിയില്ലെങ്കിൽ ഇതൊരറിയിപ്പായി സ്വീകരിച്ച് യോഗത്തിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**പാസ്റ്ററൽ കൗൺസിൽ**

പാസ്റ്ററൽ കൗൺസിലിന്റെ ഒരു യോഗം മാർച്ച് 10 ശനിയാഴ്ച രാവിലെ 10.30 മുതൽ 1.30 വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ ചേരുന്നതായിരിക്കും.

## Appointments

| | | |
|---|---|---|
| Rev. Fr. Mathew (Jaineesh) Puthukattil | - | Asst.Vicar, Nadavayal |
| Rev. Fr. Varghese (Pratheesh) Kizhakanputhupally | - | Asst.Vicar, Nilambur |
| Rev. Fr. George Mekkulathil SJ | - | Asst.Vicar, Kalpetta |
| Rev. Fr. Saji Parakkattil O.Praem | - | Asst.Vicar, Chundakkara |
| Rev. Fr. Devasia Idimuzhithadathil MCBS | - | Asst.Vicar, Bathery |

## New Phone Numbers

| | |
|---|---|
| Rev. Fr. Sebastian Elavanappara | 9495926140, 9946132140 |
| Rev. Fr. Jaineesh Puthukattil | 9947681144 |
| Rev. Fr. Pratheesh Kizhakanputhupally | 9496089694 |
| Sr. Christina SKD, Sister General | 9747597305 |

Rev. Fr. Cyriac Valachanath E-mail ID - cyriacjohn13@yahoo.com

**വെരി. റവ. ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

---



## ആദരാഞ്ജലികൾ
## റവ. ഫാ. അഗസ്റ്റിൻ കീലത്ത്

മാനന്തവാടി രൂപതയിലെ മുതിർന്ന വൈദികരിൽ ഒരാളായ ബഹുമാനപ്പെട്ട അഗസ്റ്റിൻ കീലത്തച്ചൻ 2011 ഡിസംബർ മാസം 24-ാം തീയതി ശനിയാഴ്ച വൈകുന്നേരം കോട്ടയം കാരിത്താസ് ആശുപത്രിയിൽ വച്ച് തന്റെ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. 27-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്കുമുമ്പ്, രാമപുരം സെന്റ് അഗസ്റ്റിൻ ഫൊറോന പള്ളിയിലെ സെമിത്തേരി കപ്പേളയിൽ മെത്രാന്മാരുടെയും അനേകം വൈദികരുടെയും സന്യസ്തരുടെയും തന്റെ പൗരോഹിത്യ ശുശ്രൂഷകൊണ്ട് ധന്യരായ ധാരാളം അൽമായരുടെയും ബന്ധുജനങ്ങളുടെയും സാന്നിധ്യത്തിൽ സംസ്കരിക്കപ്പെട്ടു.

രാമപുരം ഇടവകയിലെ കീലത്ത് ജോസഫിന്റെയും റോസമ്മ യുടെയും ആറുമക്കളിൽ ഒന്നാമനായി 27-04-30 നാണ് അഗസ്റ്റിനച്ചൻ ജനിച്ചത്. താമരശ്ശേരി രൂപത കത്തീഡ്രൽ വികാരിയായി സേവനം ചെയ്യുന്ന ബഹുമാനപ്പെട്ട ജോസഫ് കീലത്തച്ചൻ, മത്തച്ചൻ, ജോൺ, പരേതയായ സി. ഷേഫി ക്ലെയർ എഫ്. സി. സി, മുബൈയിൽ കനേഷ്യൻ സഭാംഗമായ സി. ജോസ് മേരി എന്നിവർ സഹോദരങ്ങ ളാണ്. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം തലശ്ശേരി രൂപതയ്ക്കു വേണ്ടി വൈദികപഠനം പൂർത്തിയാക്കിയ അഗസ്റ്റിനച്ചൻ 1958 മാർച്ച് 16 ന് പുണ്യസ്മരണാർഹനായ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാ വിൽ നിന്ന് തിരുപ്പട്ടം സ്വീകരിച്ചു. മലബാർ കുടിയേറ്റത്തിന്റെ മുഴുവൻ അനുഭവങ്ങളും പങ്കുവെച്ചുകൊണ്ട് 2005 വരെ നീണ്ട 47 വർഷത്തെ കർമ്മനിരതമായ വൈദിക ശുശ്രൂഷയ്ക്കുശേഷം സ്വന്തം ഇടവകയായ രാമപുരത്തും സ്വസഹോദരനായ ജോണിന്റെ ഭവനത്തിലും വിശ്രമജീ വിതം നയിച്ചുവരികയായിരുന്നു. കിഡ്നി സംബന്ധമായ രോഗത്തെ തുടർന്ന് ഡയാലിസിസ് ഉൾപ്പെടെയുള്ള ചികിത്സ തുടർന്നിരുന്നു എങ്കിലും സന്തോഷവാനായും സാമാന്യം ആരോഗ്യവാനായും കഴി യുകയായിരുന്ന അഗസ്റ്റിനച്ചൻ സ്വഭവനത്തിൽ വച്ചുണ്ടായ വീഴ്ച്ചയെ തുടർന്ന് തലച്ചോറിൽ രക്തസ്രാവം അനുഭവിക്കുകയും രണ്ട് ദിവ സത്തെ വൈദ്യശുശ്രൂഷ സ്വീകരിച്ച് കർത്താവിൽ നിദ്ര പ്രാപിക്കുകയും ആയിരുന്നു.

1958 മാർച്ച് 16 ന് വൈദിക പട്ടം സ്വീകരിച്ച് തലശ്ശേരി രൂപത യിൽ കുടിയാന്മല ഇടവകയിൽ വികാരിയായി ശുശ്രൂഷ തുടങ്ങിയ അഗ സ്റ്റിനച്ചൻ പുല്ലുരാംപാറ, അമ്പായത്തോട്, കരിക്കോട്ടക്കരി, ഭീമനടി, തോമാപുരം എന്നിവിടങ്ങളിൽ 1984 വരെ സേവനം ചെയ്തു. 1984-ൽ മാനന്തവാടി രൂപതയിലെ കാട്ടിക്കുളം ഇടവകയിൽ വികാരിയായി വന്ന തിനെതുടർന്ന് ചുങ്കക്കുന്ന്, ചെന്നലോട്, പഴൂർ, ചോക്കാട് എന്നിവിട ങ്ങളിലായി 75 വയസ്സുവരെ സജീവ ശുശ്രൂഷയിൽ തുടർന്നു. പാല ങ്ങൾ, റോഡുകൾ, സ്കൂളുകൾ, മറ്റ് പൊതുസ്ഥാപനങ്ങൾ തുടങ്ങി കുടിയേറ്റ ജനതയ്ക്ക് ആവശ്യമായ എല്ലാ പുരോഗമന പ്രവർത്തനങ്ങ ളിലും രാത്രിയിലും പകലും കഠിനാദ്ധ്വാനം ചെയ്ത് നേതൃത്വം നൽകിയ അഗസ്റ്റിനച്ചന് പൊട്ടൻപ്ലാവ് തുരുമ്പി, ആനക്കാംപൊയിൽ, വിളക്കാം തോട്, കുന്നുംകൈ, ബിരിക്കുളം, ഒറ്റപ്ലാവ്, കേളകം എന്നീ ഇടവ

കകളുടെ സ്ഥാപകൻ എന്ന സ്ഥാനവും സ്വന്തമാണ്. കുടിയാന്മല, വിള ക്കാംതോട്, ഒറ്റപ്ലാവ് എന്നിവിടങ്ങളിൽ സന്യാസിനീഭവനങ്ങൾ ആരം ഭിക്കുന്നതിന് നേതൃത്വമെടുത്തതും കീലത്തച്ചനാണ്. രാമപുരം പള്ളി യിൽ വിശ്രമജീവിതം നയിക്കുമ്പോഴും അച്ചൻ പൗരോഹിത്യ ശുശ്രൂ ഷകൾ തുടരുന്നതിൽ ശ്രദ്ധാലുവായിരുന്നു. വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ കല്ലറയ്ക്കു സമീപം, നിത്യവും പുലർച്ചെ ബലിയർപ്പിച്ചും മറ്റ് കൂദാശ കൾ പരികർമ്മം ചെയ്തും നിത്യജീവിതത്തിലേയ്ക്ക് മുതൽ കൂട്ടുക യായിരുന്നു. ജനസേവനം ജീവിതചര്യയാക്കിയിരുന്ന അഗസ്റ്റിനച്ചൻ ശാരീരിക ക്ലേശമനുഭവിക്കുമ്പോൾ പോലും സന്തോഷവാനും തന്നെ സന്ദർശിക്കുന്നവർക്ക് എല്ലാം പ്രചോദനം നൽകുന്നവനും ആയിരുന്നു.

മനുഷ്യാവതാരത്തിന്റെ ആഘോഷത്തിനായി ഒരുങ്ങുന്നതിനിടെ ദൈവസന്നിധിയിലേക്ക് യാത്രയായ അച്ചന്റെ ശരീരം കാരിത്താസ് ആശുപത്രി മോർച്ചറിയിൽ സൂക്ഷിക്കുകയും 26-ാം തീയതി ഉച്ചയ്ക്ക് ഒരു മണിയോടുകൂടി രാമപുരത്ത് സഹോദരന്റെ ഭവനത്തിലേയ്ക്ക് കൊണ്ടുവരികയും ചെയ്തു. തദവസരത്തിൽ മാനന്തവാടി രൂപതയുടെ മെത്രാൻ മാർ ജോസ് പൊരുന്നേടം പിതാവ് വികാരി ജനറാൾ ബഹു. മാത്യു മാടപ്പള്ളികുന്നേൽ അച്ചനോടും അസോസിയേറ്റ് സെക്രട്ടറി സജി നെടുങ്കല്ലേൽ അച്ചനോടുമൊപ്പം ഭവനത്തിലെത്തുകയും പ്രാർത്ഥി ക്കുകയും അനുശോചനം അറിയിക്കുകയും കീലത്ത് കുടുംബാംഗ ങ്ങളെ ആശ്വസിപ്പിക്കുകയും ചെയ്തു. അച്ചൻ സേവനം ചെയ്ത ഇട വകകളിൽ നിന്ന് വികാരിയച്ചന്മാരും സന്യസ്തരും ദൈവജന പ്രതി നിധികളും വന്ന് പ്രാർത്ഥിക്കുകയും റീത്ത് സമർപ്പിക്കുകയുമുണ്ടായി.

27-ാം തീയതി 10 മണിയ്ക്ക് ഭവനത്തിൽ വച്ച് മൃതസംസ്കാര ശുശ്രൂഷയുടെ ഒന്നാം ഭാഗം മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ കാർമ്മി കത്വത്തിൽ നടത്തപ്പെട്ടു. രാമപുരം പള്ളിയുടെ പാരീഷ് ഹാളിൽ എത്തി യപ്പോൾ താമരശ്ശേരി രൂപതാ മെത്രാൻ മാർ റെമിജിയോസ് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിലും താമരശ്ശേരി, മാനന്തവാടി രൂപതകളുടെ വികാരി ജനറാളച്ചന്മാരുടെ സഹകാർമ്മികത്വത്തിലും മൃതസംസ്കാര ത്തിന്റെ രണ്ടാം ഭാഗം നടത്തപ്പെട്ടു. മൂന്നാം ഭാഗമായ വി. കുർബാ നയ്ക്ക് റെമിജിയോസ് പിതാവ് തന്നെ പ്രധാന കാർമ്മികനായിരുന്നു. മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിനോടും മാർ ജേക്കബ് തൂങ്കുഴി പിതാ വിനോടുമൊപ്പം കീലത്തച്ചന്റെ സഹോദരൻ റവ. ഫാ. ജോസഫ്, താമ

രശ്ശേരി രൂപത വികാരി ജനറാൾ വെരി. റവ. ഫാ. തോമസ് നാഗപ്പറമ്പിൽ, മാനന്തവാടി രൂപത വികാരി ജനറാൾ വെരി. റവ. ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ, തലശ്ശേരി രൂപത ചാൻസലർ എന്നിവർ സഹകാർമ്മികരായിരുന്നു. റവ. ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ കുർബാന മധ്യേ വചനസന്ദേശം നൽകുകയും മാനന്തവാടി രൂപതയുടെ അനുശോചനം അറിയിക്കുകയും അച്ചന്റെ വിശ്രമ ജീവിതത്തിന്റെ 6 വർഷവും സ്നേഹപൂർവ്വം ശുശ്രൂഷിച്ച് രാജകീയമായി യാത്രയാക്കിയ കീലത്ത് കുടുംബത്തിന് രൂപതയുടെ പേരിലുള്ള നന്ദി അറിയിക്കുകയും ചെയ്തു. കുർബാനയ്ക്കുശേഷം മാനന്തവാടി രൂപതയിലെ വൈദികരുടെ പ്രതിനിധികൾ മൃതദേഹം വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ കപ്പേളയിലേയ്ക്ക് സംവഹിച്ചു. മൃതസംസ്കാരത്തിന്റെ അവസാന ഭാഗത്തിന്റെ പ്രധാന കാർമ്മികനായി പാലാ രൂപതാ മെത്രാൻ മാർ ജോസഫ് കല്ലറങ്ങാട്ട് ചേർന്നു. മാനന്തവാടി രൂപത വൈദികരാൽ സംവഹിക്കപ്പെട്ട കീലത്തച്ചൻ താൻ നിത്യവും ബലിയർപ്പിച്ച ബലിപീഠത്തോടും ദേവാലയത്തോടും വിടചൊല്ലി സെമിത്തേരിയിലേയ്ക്ക് യാത്രയായത് ഹൃദയസ്പർശിയായിരുന്നു.

എൺപത്തിയൊന്നുവർഷത്തെ ധന്യമായ ജീവിതത്തിൽ 53 വർഷവും അനുഗ്രഹദായകമായ പൗരോഹിത്യജീവിതം നയിച്ച് സ്വർഗ്ഗ സൗഭാഗ്യത്തിനായി വിളിക്കപ്പെട്ട ബഹു. അഗസ്റ്റിൻ കീലത്തച്ചന് മാനന്തവാടി രൂപത മുഴുവന്റെയും പ്രാർത്ഥനാപൂർവ്വകവും നന്ദിനിറഞ്ഞതുമായ ആദരാഞ്ജലികൾ.



# *വിദ്യാഭ്യാസ സഹായനിധി*

മാനന്തവാടി രൂപത വിദ്യാഭ്യാസ സഹായനിധിയിലേക്കുള്ള ഈ വർഷത്തെ അപേക്ഷകൾ സ്വീകരിക്കുന്നു. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 2012 മാർച്ച് 30 ആണ്. അതിനുശേഷം യാതൊരു കാരണവശാലും അപേക്ഷകൾ സ്വീകരിക്കുന്നതല്ല. ഈ ബുള്ളറ്റിനൊപ്പമുള്ള അപേക്ഷാ ഫോറം ലഭിക്കാതെ വന്നാൽ വികാരിയച്ചന്മാർ ബിഷപ്സ് ഹൗസിൽ നിന്ന് പ്രസ്തുത ഫോറം വാങ്ങിക്കുമല്ലോ.

**അപേക്ഷകൾ അയയ്ക്കുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക**

1) ഈ ബുള്ളറ്റിനോടൊപ്പം അയയ്ക്കുന്ന ഫോറമാണ് പൂരിപ്പിച്ച് അയയ്ക്കേണ്ടത്. കുട്ടികളുടെ എണ്ണത്തിനനുസരിച്ച് കോപ്പിയെടുത്ത് ഓരോ കുട്ടിക്കും, ഓരോ ഫോറമാണ് പൂരിപ്പിച്ച് അയയ്ക്കേണ്ടത്.
2) വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ ഇടവക കമ്മറ്റിയാണ് കുട്ടികളെ തിരഞ്ഞെടുക്കേണ്ടത്.
3) 2012-2013 അധ്യയനവർഷത്തിൽ 8, 9, 10, 11, 12 ക്ലാസ്സുകളിൽ പഠിക്കുന്നവരും പഠനത്തിൽ മികവു പുലർത്തുന്നവരുമായവരുടെ ലിസ്റ്റാണ് അയയ്ക്കേണ്ടത്.
4) കുട്ടിയുടെ പേര്, മാമ്മോദീസ പേര്, വീട്ടുപേര്, എന്നിവ ഇംഗ്ലീഷിൽ വലിയ അക്ഷരത്തിൽ എഴുതിയിരിക്കണം.
5) ഓരോ ഇടവകയിൽ നിന്നും അഞ്ചു കുട്ടികളുടെ പേരുകൾ മുൻഗണനാക്രമത്തിൽ ബഹു. വികാരിയച്ചന്റെ ഒപ്പോടു കൂടിയാണ് നൽകേണ്ടത്. അപേക്ഷിക്കുന്ന എല്ലാവർക്കും സ്കോളർഷിപ്പ് ലഭിക്കണമെന്നില്ല. പണലഭ്യത അനുസരിച്ച് മാത്രമായിരിക്കും സഹായം ലഭിക്കുന്നത്.
6) 12-ാം ക്ലാസ് കഴിയാത്ത വിദ്യാർത്ഥികളെ പരിഗണിക്കുമ്പോൾ മുൻവർഷങ്ങളിൽ സ്കോളർഷിപ്പ് ലഭിച്ചവരെ ഉൾപ്പെടുത്താവുന്നതാണ്.

*അയയ്ക്കേണ്ട വിലാസം:-* **The Secretary**
**Diocesan Education Aid Fund**
**Bishop's House, P. B. No.1**
**Mananthavady - 670 645**

NB:- Education Aid Fund – ലേക്കുള്ള പിരിവ് ദയവായി എത്രയുംവേഗം രൂപതാകേന്ദ്രത്തിൽ എത്തിക്കാൻ ശ്രദ്ധിക്കുമല്ലോ.

## START COURSE ലേക്ക് സ്കോളർഷിപ്പ്

താമരശ്ശേരി രൂപതയുടെ കീഴിൽ കോഴിക്കോട് പ്രവർത്തിക്കുന്ന START (St. Thomas Academy for Research and Training) എന്ന പരിശീലന കേന്ദ്രത്തിൽ ഉപരിപഠനത്തിന് ഒരുക്കമായിട്ടുള്ള ഒരു വർഷത്തെ അടിസ്ഥാന പരിശീലനത്തിൽ സംബന്ധിക്കുവാൻ രൂപതാ വിദ്യാഭ്യാസ സഹായനിധിയുടെ സഹായത്തോടെ പഠിക്കുകയും ഈ വർഷം പ്ലസ്ടു പാസ്സാകുകയും ചെയ്യുന്ന 10 പേർക്ക് അവസരമൊരുക്കുന്നു. ഇംഗ്ലീഷ്, കണക്ക്, ധനതത്വശാസ്ത്രം, ലോകചരിത്രം, സോഷ്യോളജി, പരിസ്ഥിതി പഠനം, വ്യക്തിത്വ വികാസം, നിയമം എന്നീ വിഷയങ്ങളിലാണ് പ്രധാനമായും പരിശീലനം. അതോടൊപ്പം ധാർമ്മികതയിലും, ക്രിസ്ത്യൻ മൂല്യങ്ങളിലും അധിഷ്ഠിതമായ പരിശീലനമാണ് ഇവിടെ ലഭിക്കുന്നത്. ഈ കോഴ്സിനുശേഷം ലോ യൂണിവേഴ്സിറ്റികൾ, കേന്ദ്രഗവൺമെന്റിന്റെ ഹൈദരാബാദിലും, പോണ്ടിച്ചേരിയിലുമുള്ള സെൻട്രൻ യൂണിവേഴ്സിറ്റികൾ, മൈസൂറിലുള്ള ഓഡിയോളജി ഇൻസ്റ്റിറ്റ്യൂട്ട്, ഫൂഡ് ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട്, ഇൻടഗ്രേറ്റഡ് BEd, എന്നീ കോഴ്സുകൾക്കുള്ള എൻട്രൻസ് പരീക്ഷകൾ, NDA, NID, IIT, VIT, IAS, IPS, ICAR, മെഡിസിൻ, എൻജിനിയറിംങ്, ജേർണ്ണലിസം എന്നിവയുടെ എൻട്രൻസുകൾക്കും ഈ കോഴ്സ് ഉപകരിക്കുന്നു. താൽപര്യമുള്ളവർ താഴെ പറയുന്ന നിബന്ധനകൾ വായിച്ച് മാർച്ച് 30–ന് മുൻപായി വിദ്യാഭ്യാസ സഹായനിധി സെക്രട്ടറിയുടെ പേരിൽ ബിഷപ്സ് ഹൗസിലേയ്ക്ക് അപേക്ഷ അയയ്ക്കുകയും കൂടുതൽ വിവരങ്ങൾ ശേഖരിക്കുകയും ചെയ്യുക. മേൽവിലാസം :– Secretary, Diocesan Education Aid Fund
Bishop's House, P.B. No. 1, Mananthavady - 670 645

**നിബന്ധനകൾ:**

1. അപേക്ഷകർ മാനന്തവാടി രൂപതാ വിദ്യാഭ്യാസ സഹായനിധിയുടെ സ്കോളർഷിപ്പ് സ്വീകരിച്ച് പഠിച്ചവരായിരിക്കണം.
2. ഇംഗ്ലീഷ്, കണക്ക് എന്നീ വിഷയങ്ങൾ എളുപ്പമുള്ളവരും പ്ലസ് ടു പാസ്സാകുമെന്ന് ഉറപ്പുള്ളവരുമായിരിക്കണം.
3. 10–ാം ക്ലാസ് മതബോധന ഡിപ്ലോമ കരസ്ഥമാക്കിയവരോ, പ്ലസ്ടു കഴിയാത്തവരാണെങ്കിൽ ഇപ്പോൾ മതബോധനത്തിൽ പ്ലസ് ടു പഠിച്ചുകൊണ്ടിരിക്കുന്നവരോ ആയിരിക്കണം.
4. ബഹു. വികാരിയച്ചന്റെ ശുപാർശ നിർബന്ധമാണ്.
5. അപേക്ഷകർക്ക് interview ഉണ്ടായിരിക്കുന്നതാണ്.

**ഫാ. സജി നെടുങ്കല്ലേൽ** - രൂപതാ വിദ്യാഭ്യാസ സഹായനിധി സെക്രട്ടറി

# പ്രേഷിതവർഷം

## 2011 ആഗസ്റ്റ് – 2012 ആഗസ്റ്റ്

പതിനൊന്നാം പീയൂസ് മാർപാപ്പയ്ക്കുശേഷം സഭയെ നയിച്ചത് പന്ത്രണ്ടാം പീയൂസ് മാർപാപ്പയാണ്. തന്റെ മുൻഗാമിയുടെ പ്രേഷിത തീക്ഷ്ണതയെ വളരെ ശ്രദ്ധാപൂർവ്വം അനുധാവനം ചെയ്യുവാൻ പന്ത്രണ്ടാം പീയൂസ് പാപ്പാ ശ്രമിച്ചു. 1951 ജൂൺ രണ്ടാം തീയതി പ്രഖ്യാപനം ചെയ്ത എവഞ്ചേലി പ്രേക്കാണസ് (*Evangelii Praecones*) എന്ന ചാക്രിക ലേഖനം അന്ന് സഭയിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന പ്രേഷിത പ്രവർത്തനങ്ങളെയും 25 വർഷം മുൻപ് തന്റെ മുൻഗാമി നൽകിയ "റേരും എക്ലേസിയേ" എന്ന ചാക്രിക ലേഖനത്തിന്റെ വെളിച്ചത്തിൽ ആഗോള സഭയിൽ വന്ന മാറ്റങ്ങളെയും വിശദീകരിക്കുകയും വിലയിരുത്തുകയുമാണ് ഈ ചാക്രിക ലേഖനത്തിൽ.

ആകെ 73 ഖണ്ഡികകളുള്ള ഈ പ്രമാണരേഖയിൽ ആദ്യത്തെ 12 ഖണ്ഡികകളും തന്റെ പിൻഗാമിയുടെ ഈ ലേഖനത്തെ വിശകലനം ചെയ്യുന്നവയാണ്. പ്രേഷിത പ്രവർത്തനരംഗത്ത് നിർണ്ണായകമായ പരിവർത്തനമാണ് ഇത് നടത്തിയതെന്നും ഏറെ ശ്രദ്ധേയമായ പുരോഗതി ആഗോളസഭയിൽ ഈ തിരുവെഴുത്ത് കൈവരിച്ചിട്ടുണ്ടെന്നും മാർപാപ്പ എടുത്തുപറയുന്നുണ്ട് (No.4). സംഘടിതവും സുശക്തവുമായ പ്രേഷിതപ്രവർത്തനങ്ങളുടെ ഫലമായി എണ്ണത്തിലും വ്യാപ്തിയിലും സഭ വളർന്നു എന്നുള്ളത് വസ്തുതകൾ നിരത്തിവച്ചുകൊണ്ട് പരി. പിതാവ് തെളിയിക്കുന്നു. സഭ ഒട്ടും ശക്തമല്ലാതിരുന്ന പല രാജ്യങ്ങളിലും ഈ കാലഘട്ടത്തിൽ സഭയുടെ ശാഖകൾ ഔദ്യോഗികമായി സ്ഥാപിച്ച് പ്രവർത്തിച്ചു തുടങ്ങി. (Nos.5,6). ഈ കാലഘട്ടത്തിൽ അഞ്ച് വിവിധ രാജ്യങ്ങളിൽ പേപ്പൽ പ്രതിനിധികളെ നിയമിക്കാൻ സാധിച്ചതുകൊണ്ട് ഈ രാജ്യങ്ങളിലെല്ലാം പ്രേഷിതപ്രവർത്തനങ്ങളെ ത്വരിതപ്പെടുത്തുവാനും കൂടുതൽ ശക്തിപ്പെടുത്തുവാനും സാധിച്ചു.

കർമ്മനിരതരും സമർപ്പിതരുമായ അനേകരുടെ രക്തസാക്ഷിത്വം ഈ

കാലഘട്ടത്തിൽ സഭയുടെ വളർച്ചയ്ക്ക് കാരണമായിട്ടുണ്ട്. വിശ്വാസസംര ക്ഷണത്തിനുവേണ്ടി സ്വയം അലിഞ്ഞ് ഇല്ലാതായ ആ ഗോതമ്പു മണികൾ പ്രേഷിതമണ്ണിൽ വീണ് മുളച്ച് വളർന്ന് ധാരാളം ഫലം പുറപ്പെടുവിച്ചിട്ടുണ്ട് (യോഹ. 12: 24-25). സഭാചരിത്രം പരിശോധിക്കുമ്പോൾ ഏറെ പീഡകൾ സഹിക്കുകയും, മതപീഢനമേല്ക്കുകയും പ്രതിസന്ധികളെ അഭിമുഖീക രിക്കുകയും ചെയ്ത ജനങ്ങളാണ് ക്രൈസ്തവ വിശ്വാസത്തിൽ വളർന്നതും അടിപതറാതെ ഉറച്ചുനിന്നതും. കഴിഞ്ഞ 25 വർഷങ്ങളിൽ തീക്ഷ്ണത യേറിയ പ്രേഷിതപ്രവർത്തനങ്ങളും അത്ഭുതാവഹമായ വളർച്ചയും സഭയി ലുണ്ടായിട്ടുണ്ടെങ്കിലും ഇനിയും നൂറുകോടി ജനങ്ങളെങ്കിലും "അന്ധകാ രത്തിന്റെ നിഴലിൽ" കഴിയുന്നുണ്ടെന്ന് നാം ഓർക്കണം. "ഈ തൊഴുത്തിൽ പെടാത്ത ആടുകൾ ഇനിയും ഉണ്ട്. അവ കൂടി എന്റെ സ്വരം ശ്രവിച്ച് ഒരു തൊഴുത്തും ഒരു ഇടയനുമാകണം" (യോഹ. 10:16) എന്ന ക്രിസ്തുവിന്റെ ആഗ്രഹം ഇനിയും സഫലമാകേണ്ടതുണ്ട്.

തൊഴുത്തിൽ എത്തിചേർന്ന ആടുകളെപോലും വഴിതെറ്റി ക്കുവാനുള്ള പ്രവണത പല സ്ഥലങ്ങളിലും കാണുന്നുണ്ട്. പ്രേഷിതപ്രവർത്ത നത്തിൽ കൃത്യമായും ചില മാനദണ്ഡങ്ങൾ ആവിഷ്കരിക്കേണ്ടതുണ്ട് എന്ന് ഈ ചാക്രികലേഖനത്തിലൂടെ മാർപാപ്പ നിർദ്ദേശിക്കുന്നുണ്ട്. ഒന്നാമതായി പ്രേഷിതപ്രവർത്തനത്തിനിറങ്ങുന്നവർ ഉന്നതവും ഉദാത്തവുമായ വിളി സ്വീക രിച്ചവരാകണം (No.20). സ്വാർത്ഥ താല്പര്യങ്ങളില്ലാത്തവരും എല്ലാ തല ങ്ങളിലും ക്രിസ്തുവിനെ പ്രതിനിധീകരിക്കുവാൻ കഴിവുള്ളവരും ആകണം. തങ്ങൾ പ്രവർത്തിക്കുന്ന സ്ഥലത്തെ ജനങ്ങളുടെ ഭാഗമായി തീരുവാനും അവരുടെ സംസ്കാരത്തെ സ്വന്തമാക്കാനും അവരുടെ ഭാഷയിൽ പ്രാവീണ്യം നേടാനും കഴിയണം. ഒരു സ്ഥലത്തോടോ വ്യക്തികളോടോ പ്രത്യേക പ്രതിബദ്ധത തോന്നാതെ രക്ഷാകര സന്ദേശം നൽകി കടന്നു പോകുവാൻ കഴിയണം. തദ്ദേശീയ വൈദികരും പ്രേഷിതരും ഓരോ സ്ഥല ത്തെയും ആവശ്യത്തിനനുസരിച്ച് പരിശീലനം സിദ്ധിച്ച് വരുമ്പോൾ മാത്രമേ ഒരു സ്ഥലത്ത് സഭ രൂപപ്പെട്ടു എന്നു പറയാനാവൂ.

വൈദികരും സന്യസ്തരും മാത്രമല്ല ഉദാര മനസ്സും വിശാല ഹൃദയ വുമുള്ള അൽമായ സഹോദരങ്ങളും പ്രേഷിത പ്രവർത്തനത്തിൽ സജീവ മായി പങ്കുകൊള്ളണം. (No.31). സഭയുടെ ആരംഭഘട്ടത്തിൽ അപ്പസ്തോലന്മാരോട് ചേർന്ന് പ്രവർത്തിച്ചവരെപ്പോലെ ഈ കാലഘട്ട ത്തിലും അല്മായരുടെ പങ്കാളിത്തം അനിവാര്യമാണ്. പിന്നിട്ട സഭയുടെ ചരിത്രത്തിൽ രാജാക്കന്മാരും പട്ടാളക്കാരും ജീവിതത്തിന്റെ എല്ലാ തുറക ളിലുമുള്ള അല്മായരും സഭയുടെ വിശ്വാസ പ്രചരണങ്ങളിലും സാമൂഹ്യ ക്ഷേമപ്രവർത്തനങ്ങളിലും ഏറെ ശ്രദ്ധേയമായ പങ്കുവഹിച്ചിട്ടുണ്ട്. അതു കൊണ്ട് ഈ കാലഘട്ടത്തിലും പ്രേഷിത പ്രവർത്തനത്തെ സഹായിക്കു വാനുള്ള അത്മായസംഘടനകൾ രൂപം കൊള്ളേണ്ടതുണ്ട്.

പ്രേഷിതപ്രവർത്തനങ്ങളുടെ പ്രധാന മാധ്യമങ്ങളിൽ ഒന്നാണ് വിദ്യാ

ഭ്യാസരംഗം. സ്കൂളുകളും കലാലയങ്ങളും വഴി കുട്ടികളുടെയും യുവജനങ്ങളുടെയും സ്വഭാവം രൂപവല്കരിക്കുവാനും വിശ്വാസം സംരക്ഷിക്കുവാനും വിദ്യാഭ്യാസസ്ഥാപനങ്ങൾ ഏറെ സഹായകരമാണ്. പത്രമാസികകളിലൂടെയും നല്ല പുസ്തകങ്ങളുടെ പ്രസിദ്ധീകരണങ്ങളിലൂടെയും പ്രേഷിതപ്രവർത്തനം ഏറെ ഫലപ്രദമായി നടത്താനാകും. ആനുകാലികവും സത്യസന്ധവുമായ പ്രബോധനങ്ങൾ നൽകുവാനും വഴിതെറ്റിക്കുന്ന അബദ്ധസിദ്ധാന്തങ്ങളിൽ വീഴാതെ സംരക്ഷിക്കുവാനും നല്ല പ്രസിദ്ധീകരണങ്ങൾ ഏറെ സഹായകമാണ്.

ക്രൈസ്തവ സമൂഹം നടത്തുന്ന ആതുര ശുശ്രൂഷാലയങ്ങൾ ക്രിസ്തുവിന്റെ രക്ഷാകര സ്നേഹം പങ്കുവയ്ക്കുന്ന മറ്റൊരു മേഖലയാണ്. "നന്മചെയ്തുകൊണ്ട് ചുറ്റിസഞ്ചരിക്കുകയും എല്ലാവിധത്തിലുള്ള പീഡകളിൽ സൗഖ്യം നൽകുകയും" ചെയ്ത (Act 10:38) രക്ഷകനായ ക്രിസ്തുവിനെയും അവിടുത്തെ ശിഷ്യരേയും ഇത് അനുസ്മരിപ്പിക്കുന്നു.

നീതിയിലും പരസ്നേഹത്തിലും അധിഷ്ഠിതമായ സാമൂഹ്യപ്രവർത്തനങ്ങൾ ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. അജ്ഞരും ബലഹീനരുമായവരെ സംരക്ഷിക്കുവാനും അവർക്ക് നീതി നടത്തിക്കൊടുക്കുവാനും സഹായിക്കുന്ന ശക്തികളായി സാമൂഹ്യ സേവനരംഗങ്ങൾ മാറണം. വ്യക്തികളും പ്രസ്ഥാനങ്ങളും ഒരു വിഭാഗത്തെ ചൂഷണം ചെയ്യുമ്പോൾ അവർക്കുവേണ്ടി ശബ്ദമാകുവാനും നീതിനടത്തികൊടുക്കുവാനും ക്രൈസ്തവ സാമൂഹ്യ സേവാസംഘങ്ങൾ മുമ്പോട്ടുവരണം. പ്രേഷിതപ്രവർത്തനരംഗത്ത് പ്രേഷിതർ ശ്രദ്ധിക്കേണ്ട മറ്റൊരു പ്രധാന കാര്യം അതതു സ്ഥലങ്ങളിലെ പരമ്പരാഗതമായ സംസ്കാരത്തെ നശിപ്പിക്കാതിരിക്കുക എന്നതാണ് (No.56). തനതായ സംസ്കാരത്തിന്റെ മനോഹാരിത നഷ്ടപ്പെടുത്താതെ സുവിശേഷ സന്ദേശത്തെ നൽകുവാൻ പ്രേഷിതന് കഴിയണം.

പ്രേഷിതപ്രവർത്തനരംഗത്ത് വ്യക്തിപരമായും വിവിധ സംഘടനകളിലൂടെയും അത്മായരും അർപ്പിതരും ചെയ്യുന്ന ഉദാത്തമായ സേവനത്തെ മാർപാപ്പ ഏറെ പ്രശംസിക്കുകയും നന്ദിപറയുകയും ചെയ്യുന്നു. ക്രിസ്തുവിനുവേണ്ടിയും ക്രിസ്തുവിനെതിരായും പ്രവർത്തിക്കുന്ന രണ്ടു വ്യത്യസ്ത ശക്തികൾ ലോകത്തിലുണ്ടെന്നും പ്രാർത്ഥനയിലൂടെയും പരിത്യാഗത്തിലൂടെയും ഒന്നുചേർന്ന് നിന്ന് ക്രിസ്തുവിന്റെ രാജ്യം സ്ഥാപിക്കുവാൻ എല്ലാവരും ഒന്നുചേർന്ന് പരിശ്രമിക്കുവാൻ ആഹ്വാനം ചെയ്തുകൊണ്ട് പരിശുദ്ധ പിതാവ് ഈ ചാക്രികലേഖനം ഉപസംഹരിക്കുന്നു. ക്രിസ്തുവിന്റെ പ്രതിനിധിയും തിരുസഭയുടെ ഇടയനും എന്ന നിലയിൽ ലോകം മുഴുവൻ ഇടയനായ ക്രിസ്തുവിന്റെ ഏക തൊഴുത്തായി കാണുവാനുള്ള തീവ്രമായ ആഗ്രഹമാണ് ഈ ചാക്രിക ലേഖനത്തിൽ ഉടനീളം നാം കാണുന്നത്.

**ഫാ. ജോർജ്ജ് കിഴക്കേമുറി MCBS**

**കുട്ടികളുടെ സംഗമം ഭരണങ്ങാനത്ത്**

പ്രേഷിതവർഷാചരണത്തിന്റെ ഭാഗമായി ഭരണങ്ങാനത്ത് വച്ച് നടന്ന ചിൽഡ്രൻസ് മീറ്റിൽ മാനന്തവാടി രൂപതയിൽ നിന്ന് 100-ൽ അധികം

കുട്ടികൾ പങ്കെടുത്തു. കൽപ്പറ്റ മേഖല മിഷൻലീഗ് ഡയറക്ടർ റവ. ഫാ. ജെയിംസ് മാങ്കോട്ടിലിന്റെ നേതൃത്വത്തിൽ 50 കുട്ടികൾ പങ്കെടുത്തു. കുട്ടികളെ പറഞ്ഞുവിട്ട് സഹകരിച്ച കല്പ്പറ്റ ഫൊറോനയിലെ മുഴുവൻ വികാരിയച്ചന്മാർക്കും പ്രത്യേകിച്ച് ഫൊറോന വികാരി റവ.ഫാ. ജോസ് കൊച്ചറയ്ക്കലിനും രൂപതയുടെ നന്ദി.

നടവയൽ ഫൊറോന മിഷൻലീഗ് ഡയറക്ടർ റവ. ഫാ. ജെയിംസ് ചക്കിട്ടകുടിയുടെ നേതൃത്വത്തിൽ ഫൊറോനയിലെ വിവിധ ഇടവകകളിൽ നിന്നും 50 കുട്ടികൾ ചിൽഡ്രൻസ് മീറ്റിൽ പങ്കെടുത്തു. കുട്ടികളെ കൊണ്ടു പോയ ബഹു. ജെയിംസ് അച്ചനും കുട്ടികളെ പറഞ്ഞുവിട്ട് സഹകരിച്ച ഫൊറോനയിലെ മുഴുവൻ വൈദികർക്കും പ്രത്യേകിച്ച് ഫൊറോന വികാരി ബഹു. ജെയിസ് കുന്നത്തേട്ടച്ചനും പ്രേഷിത വർഷാചരണ രൂപതാ കമ്മി റ്റിയുടെ പേരിൽ നന്ദി പറയുന്നു.

## ഉജ്ജയിൻ രൂപതാ ബിഷപ്പിന്റെ സന്ദർശനം

പ്രേഷിതവർഷാചരണത്തിന്റെ ഭാഗമായി നടത്തുന്ന മിഷൻസന്ധ്യാ പ്രോഗ്രാമിൽ പങ്കെടുത്ത് സന്ദേശം നൽകുന്നതിനും പ്രേഷിതവർഷപ്രവർത്ത നങ്ങൾ വിലയിരുത്തുന്നതിനുമായി ഉജ്ജയിൻ രൂപതാ മെത്രാനും, പ്രേഷി തവർഷ സെൻട്രൽ കമ്മിറ്റി കൺവീനറുമായ മാർ സെബാസ്റ്റ്യൻ വടക്കേൽ പിതാവ് നമ്മുടെ രൂപതയിൽ 5 ഇടവകകളിൽ സന്ദർശനം നടത്തി. വി. കുർബാന അർപ്പിക്കുകയും, മിഷൻ അനുഭവങ്ങൾ പങ്കുവെയ്ക്കുകയും ചെയ്ത് ദൈവജനത്തെ അനുഗ്രഹിച്ച അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വട ക്കേൽ പിതാവിന് മാനന്തവാടി രൂപതാ കുടുംബത്തിന്റെ നന്ദി അറിയിക്കുന്നു. പിതാവിന്റെ സന്ദർശന പരിപാടികൾ ചുവടെ ചേർക്കുന്നു.

## മുതിരേരി ഇടവകയിൽ

ജനുവരി 2-ാം തീയതി രാവിലെ 7.45 ന് മുതിരേരി ലിറ്റിൽ ഫ്ളവർ ദേവാലയത്തിൽ എത്തിയ പിതാവിനെ ഇടവക വികാരി റവ. ഫാ. ജോണി പെരുമാട്ടിക്കുന്നേലും ദൈവജനവും ചേർന്ന് സ്വീകരണം നൽകി. വി. കുർബാനയ്ക്ക് ശേഷം നടന്ന മീറ്റിംഗിൽ റവ. ഫാ. ജോണി പെരുമാട്ടിക്കു ന്നേൽ അദ്ധ്യക്ഷത വഹിച്ചു. കൈക്കാരൻ ജോയി കുളങ്ങര, സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർ തോമസ് കാരക്കട, ജോസിയ പാലത്തുംതലയ്ക്കൽ, ബ്രദർ ബിനോയി കളപ്പുരയ്ക്കൽ, ജിബിൻ മോളേക്കുന്നേൽ തുടങ്ങിയവർ പ്രസംഗിച്ചു. ജോസ് മേനാച്ചേരി ഇടവകയുടെ മിഷൻഫണ്ട് RS.10,000 പിതാ വിന് കൈമാറി. തുടർന്ന് രണ്ടാമത്തെ കുർബാനയ്ക്ക് മുമ്പ് നടന്ന മീറ്റിം ഗിൽ പിതാവ് കുട്ടികൾക്ക് മിഷൻ സന്ദേശം നൽകി. മിഷൻലീഗ് അംഗ ങ്ങൾ സ്വരൂപിച്ച മിഷൻസഹായനിധി മിഷൻലീഗ് അംഗങ്ങൾ പിതാവിന് കൈമാറി. പ്രേഷിതവർഷാചരണ രൂപതാ കോർഡിനേറ്റർ റവ. ഫാ. ടോമി പുത്തൻപുരയ്ക്കൽ ഇടവകാംഗങ്ങൾക്ക് രൂപതയുടെ പേരിൽ നന്ദി അറി യിച്ചു. പിതാവിന്റെ സന്ദർശന പരിപാടി ഏറെ മനോഹരമാക്കിയ ഇടവക

വികാരി റവ. ഫാ. ജോണി പെരുമാട്ടിക്കുന്നേലിനും, സിസ്റ്റേഴ്സിനും, കൈക്കാരന്മാർക്കും, കമ്മിറ്റി അംഗങ്ങൾക്കും ഇടവകകാർക്കും രൂപതാ കുടുംബത്തിന്റെ നന്ദി.

**ചെറുകാട്ടൂർ ഇടവകയിൽ**

ജനുവരി 1-ാം തീയതി വൈകുന്നേരം 4.15 ന് ഇടവകയിലെത്തിയ പിതാവിന് ഇടവക വികാരി റവ. ഫാ. ജോർജ്ജ് ആലുക്കയും ഇടവകജനങ്ങളും ചേർന്ന് വാദ്യമേളങ്ങളുടെ അകമ്പടിയോടെ സ്വീകരണം നൽകി. തുടർന്ന് നടന്ന ദിവ്യബലിക്ക് അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വടക്കേൽ പിതാവ് മുഖ്യ കാർമ്മികത്വം വഹിച്ചു. ഇടവകയിൽ നിന്ന് സ്വരൂപിച്ച മിഷൻസഹായ ഫണ്ട് RS. 20,000 കൈക്കാരൻ ഷാജി ഇടയകൊണ്ടാട്ട് പിതാവിന് കൈമാറി. മിഷൻലീഗ് രൂപതാ ഡയറക്ടർ റവ. ഫാ. സോണി വടയാപറമ്പിൽ ഇടവകാംഗങ്ങൾക്ക് നന്ദി പറഞ്ഞു. അഭിവന്ദ്യ പിതാവിന്റെ സന്ദർശനം വളരെ ഭംഗിയായി ഏറ്റെടുത്ത് നടത്തിയ റവ. ഫാ. ജോർജ്ജ് ആലുക്കയ്ക്കും, കൈക്കാരന്മാർക്കും, സിസ്റ്റേഴ്സിനും, മതാദ്ധ്യാപകർക്കും സംഘടനാഭാരവാഹികൾക്കും, ഇടവകാംഗങ്ങൾക്കും സ്നേഹപൂർവ്വം രൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുന്നു.

**പോരൂർ ഇടവകയിൽ**

ജനുവരി 2-ാം തീയതി പോരൂർ ഇടവകയിൽ എത്തിയ ഉജ്ജയിൻ രൂപതാ മെത്രാൻ അഭിവന്ദ്യ സെബാസ്റ്റ്യൻ വടക്കേൽ പിതാവിനെ ഇടവക വികാരി റവ. ഫാ. തോമസ് മണക്കുന്നേലിന്റെ നേതൃത്വത്തിൽ താളമേളങ്ങളോടെ സ്വീകരിച്ചാനയിച്ചു. തുടർന്ന് അഭിവന്ദ്യ സെബാസ്റ്റ്യൻ വടക്കേൽ പിതാവ് ദിവ്യബലി അർപ്പിച്ച് സന്ദേശം നൽകി. തുടർന്ന് പൊതുസമ്മേളനത്തിൽ സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ.ബാബു ചിറമുഖം ആശംസകൾ അർപ്പിച്ചു. ഇടവകാംഗങ്ങൾ സ്വരൂപിച്ച ഉജ്ജയിൻ മിഷൻ സഹായനിധിയായ RS.15,000 കൈക്കാരൻ ബാബു മഠത്തിപറമ്പിൽ പിതാവിന് കൈമാറി. മിഷൻലീഗ് അംഗങ്ങൾ സ്വരൂപിച്ച മിഷൻഫണ്ട് RS.3000 പ്രസിഡന്റ് അരുൺ കുഴിക്കാലായിൽ പിതാവിന് നൽകി. പ്രേഷിതവർഷ സെൻട്രൽ കമ്മിറ്റിയുടെ ചെയർമാനായ പിതാവിനെ വികാരിയച്ചൻ പൊന്നാടയണിയിച്ച് ആദരിച്ചു. മിഷൻലീഗ് രൂപതാ ഡയറക്ടർ റവ. ഫാ. സോണി വടയാപറമ്പിൽ, പ്രേഷിതവർഷ രൂപതാ കൺവീനർ ശ്രീ. ജോൺസൺ ചിറായിൽ തുടങ്ങിയവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. പ്രേഷിതവർഷ ആന്തത്തോടെ പരിപാടികൾ സമാപിച്ചു. തുടർന്ന് അഭിവന്ദ്യ പിതാവ് മധുരപലഹാര വിതരണം ചെയ്തു. പിതാവിന്റെ സന്ദർശന പരിപാടി ഭംഗിയായി നടത്തിയ പോരൂർ ഇടവക വികാരി റവ. ഫാ. തോമസ് മണക്കുന്നേലിനും പോരൂർ ഇടവക സമൂഹത്തിനും രൂപതാ കുടുംബത്തിന്റെ നന്ദി അറിയിക്കുന്നു.

**തെനേരി ഇടവകയിൽ**

ജനുവരി 3-ാം തീയതി തെനേരി ഇടവകയിൽ എത്തിയ അഭിവന്ദ്യ പിതാവിനെയും വികാരി ജനറാൾ പെരിയ ബഹു. മാത്യു മാടപ്പള്ളിക്കുന്നേൽ

അച്ചനേയും വികാരി റവ. ഫാ. സജി കോട്ടായിലും ഇടവക ജനങ്ങളും ചേർന്ന് വാദ്യമേളങ്ങളുടെ അകമ്പടിയോടെ ഹൃദ്യമായ സ്വീകരണം നൽകി. തുടർന്ന് വി. കുർബാന അർപ്പണത്തിന് മുമ്പായി ഫാത്തിമ മാതാവിന്റെ തിരുസ്വരൂപം പ്രതിഷ്ഠിച്ച് 'മരിയൻ തീർത്ഥം' വെഞ്ചരിച്ച് പിതാവ് വിശ്വാസികൾക്കായി തുറന്നുകൊടുത്തു. വി.കുർബാനയ്ക്കുശേഷം നടന്ന പൊതുസമ്മേളനത്തിൽ മിഷൻലീഗ് അന്തർദേശീയ പ്രസിഡന്റ് ശ്രീ.തോമസ് ഏറണാട്ട് ആശംസകൾ നേർന്നു. ഇടവകാംഗങ്ങൾ സ്വരൂപിച്ച RS.20,000 കൈക്കാരൻ സൈമൺ തുറപ്പാട്ട് പിതാവിന് കൈമാറി. പ്രേഷിതവർഷ ക്വിസ് മത്സരത്തിൽ വിജയികളായവർക്ക് പിതാവ് ക്യാഷ് അവാർഡുകൾ സമ്മാനിച്ചു. പ്രോട്ടോ സിഞ്ചെല്ലൂസ് മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ ആശംസകളും നന്ദിയും അറിയിച്ചു. പ്രേഷിതവർഷാചരണത്തിന്റെ ഭാഗമായി തെനേരി ഇടവകയെ "സമ്പൂർണ്ണ വചനോത്സവ ഇടവകയായി" പ്രഖ്യാപിച്ചു. തുടർന്ന് പള്ളിയങ്കണത്തിൽ 'പ്രേഷിതമരം' നടുകയും ചെയ്തു. സ്നേഹവിരുന്നോടുകൂടി പരിപാടികൾ സമാപിച്ചു. രൂപതാ കോ-ഓർഡിനേറ്റർ റവ. ഫാ. ടോമി പുത്തൻപുരയ്ക്കൽ, കൺവീനർ ജോൺസൺ ചിറായിൽ തുടങ്ങിയവർ പിതാവിനെ അനുഗമിച്ചു. സന്ദർശന പരിപാടി ഏറെ മനോഹരമാക്കി തീർത്ത വികാരി ബഹു. സജി കോട്ടായിലച്ചനും ഇടവക സമൂഹത്തിനും രൂപതാ കുടുംബത്തിന്റെ നന്ദി അറിയിക്കുന്നു.

**അമ്പലവയൽ ഇടവകയിൽ**

ജനുവരി 4-ാം തീയതി അമ്പലവയൽ ഇടവകയിൽ എത്തിയ ഉജ്ജയിൻ രൂപതാ മെത്രാൻ അഭിവന്ദ്യ സെബാസ്റ്റ്യൻ വടക്കേൽ പിതാവിനെ വികാരി റവ. ഫാ. ഫ്രാൻസീസ് നെല്ലിക്കുന്നേൽ അസി. വികാരി റവ. ഫാ. ബിജു പുന്നയ്ക്കാപടവിൽ എന്നിവരും ഇടവക ജനങ്ങളും ചേർന്ന് സ്വീകരിച്ചാനയിച്ചു. തുടർന്ന് പിതാവ് ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി. ഇടവകയുടെ മിഷൻസഹായനിധി RS.5000 ബഹു. വികാരിയച്ചൻ പിതാവിന് കൈമാറിക്കൊണ്ട് ആശംസകൾ അർപ്പിച്ച് സംസാരിച്ചു. തുടർന്ന് മിഷൻ അനുഭവങ്ങൾ ഇടവകാംഗങ്ങൾക്ക് കൂടുതലായി പകർന്നുകൊടുക്കുക എന്ന ലക്ഷ്യത്തോടെ സി. റാണി മരിയായുടെ ജീവിതം, പ്രവർത്തനങ്ങൾ, കൊലപാതകം, പ്രതിയുടെ മാനസാന്തരം എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ട് പുറത്തിറക്കിയ 'ഇൻഡോർ റാണി' എന്ന ഡോക്യുമെന്ററി ഫിലിം പ്രദർശിപ്പിച്ചത് വിശ്വാസികൾക്ക് നവ്യാനുഭവമായി. പ്രേഷിതവർഷ രൂപതാ കോർഡിനേറ്റർ റവ. ഫാ. ടോമി പുത്തൻപുരയ്ക്കൽ ഇടവക സമൂഹത്തിന് നന്ദി പറഞ്ഞു. പിതാവിന്റെ സന്ദർശന പരിപാടി ഏറെ മനോഹരമാക്കിതീർത്ത വികാരി ബഹു. ഫ്രാൻസിസ് നെല്ലിക്കുന്നേലച്ചനും, അസി. വികാരി ബഹു. ബിജു പുന്നയ്ക്കാപടവിലച്ചനും ഇടവക സമൂഹത്തിനും രൂപതാ കുടുംബത്തിന്റെ നന്ദി അറിയിക്കുന്നു.

എന്ന്,

**ജോൺസൺ ചിറായിൽ**
കൺവീനർ

**ഫാ. ടോമി പുത്തൻപുരയ്ക്കൽ**
പ്രേഷിതവർഷം കോർഡിനേറ്റർ

# ദൈവവിളി ക്യാമ്പുകൾ

മാനന്തവാടി രൂപതാ വൊക്കേഷൻ ബ്യൂറോയിൽ നിന്നും സ്നേഹാശംസകൾ. എസ്.എസ്.എൽ.സി, പ്ലസ്ടൂ പരീക്ഷകൾക്ക് ശേഷം നമ്മുടെ കുട്ടികൾക്കായി നടത്തുന്ന ദൈവവിളി ക്യാമ്പുകളെ സംബന്ധിക്കുന്ന വിശദാംശങ്ങൾ അറിയിക്കട്ടെ. ആൺകുട്ടികൾക്കായി രണ്ട് ക്യാമ്പുകളും പെൺകുട്ടികൾക്കായി ഒരു ക്യാമ്പും നമ്മുടെ മൈനർ സെമിനാരിയിൽ വെച്ചും, ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും ഒരുമിച്ച് ഒരു ക്യാമ്പ് മണിമൂളി പാസ്റ്ററൽ സെന്ററിൽ വെച്ചുമാണ് നടത്തപ്പെടുന്നത്. ക്യാമ്പ് നടത്തപ്പെടുന്ന തീയതികളും, പങ്കെടുക്കേണ്ട ഫൊറോനകളും, മറ്റു വിവരങ്ങളും താഴെ ചേർത്തിരിക്കുന്നു.

**ആൺകുട്ടികൾക്കായുള്ള ക്യാമ്പ് I**

**സ്ഥലം :** മൗണ്ട് മേരി കോളേജ് (മൈനർ സെമിനാരി, മാനന്തവാടി)

**പങ്കെടുക്കേണ്ട ഫൊറോനകൾ :** ചുങ്കക്കുന്ന്, മാനന്തവാടി, കല്ലോടി, പയ്യമ്പള്ളി, തരിയോട്.

**തീയതി :** 2012 മാർച്ച് 26-ാം തീയതി വൈകുന്നേരം 4 മണിമുതൽ 28-ാം തീയതി ഉച്ചയ്ക്ക് 12. 30 വരെ.

**ആൺകുട്ടികൾക്കായുള്ള ക്യാമ്പ് II**

**സ്ഥലം :** മൗണ്ട് മേരി കോളേജ് (മൈനർ സെമിനാരി, മാനന്തവാടി)

**പങ്കെടുക്കേണ്ട ഫൊറോനകൾ :** കൽപ്പറ്റ, മുള്ളൻകൊല്ലി, നടവയൽ, സുൽത്താൻ ബത്തേരി

**തീയതി :** 2012 മാർച്ച് 28-ാം തീയതി വൈകുന്നേരം 4 മണിമുതൽ 30-ാം തീയതി ഉച്ചയ്ക്ക് 12. 30 വരെ.

**ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമുള്ള ക്യാമ്പ്**

**സ്ഥലം :** റീജണൽ പാസ്റ്ററൽ സെന്റർ മണിമൂളി

**പങ്കെടുക്കേണ്ട ഫൊറോനകൾ :** നീലഗിരി റീജിയൺ, നിലമ്പൂർ, മണിമൂളി

**തീയതി :** 2012 മാർച്ച് 26-ാം തീയതി വൈകുന്നേരം 4 മണിമുതൽ 28-ാം തീയതി ഉച്ചയ്ക്ക് 12. 30 വരെ.

**പെൺകുട്ടികൾക്കായുള്ള ക്യാമ്പ്**

**സ്ഥലം :** മൗണ്ട് മേരി കോളേജ്

**പങ്കെടുക്കേണ്ട ഫൊറോനകൾ :** നിലമ്പൂർ, മണിമൂളി, ഫൊറോന കൾ ഒഴികെയുള്ള രൂപതയിലെ മറ്റ് ഫൊറോനകൾ.

**തീയതി :** 2012 ഏപ്രിൽ 2–ാം തീയതി വൈകുന്നേരം 4 മണിമുതൽ 4–ാം തീയതി രാവിലെ 10 മണി വരെ.

**ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

1. പേന, നോട്ടുബുക്ക് എന്നിവ കൊണ്ടുവരണം.
2. ക്യാമ്പവസരത്തിൽ വൊക്കേഷൻ പ്രൊമോട്ടേഴ്സ് കുട്ടികളെ കാണാനാഗ്രഹിക്കുന്നെങ്കിൽ മുൻകൂട്ടി അനുവാദം വാങ്ങിച്ചിരിക്കണം. അവരുടെ സന്ദർശന സമയം ക്യാമ്പുകളുടെ രണ്ടാമത്തെ ദിവസം ഉച്ചകഴിഞ്ഞ് 2.00 – 2.30 വരെയാണ്.
3. ഏതെങ്കിലും രൂപതയിലോ, സന്യാസസമൂഹത്തിലോ ചേരാനാഗ്രഹിക്കുന്നവർ നിർബന്ധമായും ഈ ക്യാമ്പിൽ സംബന്ധിച്ചിരിക്കണം.
4. രജിസ്ട്രേഷൻ ഫീസ് 150/– രൂപയായിരിക്കും.
5. തമിഴ്നാട്ടിലെ പരീക്ഷകൾ താമസിച്ച് നടക്കുന്നതിനാൽ നീലഗിരി റീജിയനിലെ വിദ്യാർത്ഥികൾക്ക് രൂപതയിലെ മറ്റ് ഏത് ദൈവവിളി ക്യാമ്പിലും (മൈനർ സെമിനാരിയിൽ വച്ച് നടക്കുന്ന) പങ്കെടുക്കാവുന്നതാണ്.

നല്ല താൽപര്യമുള്ള കുട്ടികളെ പറഞ്ഞയയ്ക്കുവാൻ ബഹു. അച്ചന്മാർ ശ്രദ്ധിക്കുമല്ലോ. സഹകരണം പ്രതീക്ഷിച്ചുകൊണ്ട്,

**വൊക്കേഷൻ പ്രൊമോട്ടേഴ്സ്**

Address:

**Mount Mary College**
P.B. No.1, Mananthavady
Wayanad - 670645

**Fr. Thomas Kachirayil**
Ph: 9446892434

**Fr. Sebin Aikkarathazhath**
Ph: 9744801625

# മതബോധനരംഗം

## HDC പരീക്ഷകൾ

കാലിക്കറ്റ് യൂണിവേഴ്സിറ്റി ചെയർഫോർ ക്രിസ്റ്റ്യൻ സ്റ്റഡീസ് നടത്തുന്ന HDC കോഴ്സിന്റെ എഴുത്തുപരീക്ഷ ഫെബ്രുവരി 11–ന് ശനിയാഴ്ച രാവിലെ 10.00 മുതൽ 1.00 വരെ ദ്വാരക യു.പി. സ്കൂൾ, മണിമൂളി സ്കൂളിലുമായി രണ്ട് സെന്ററുകളിലായി നടത്തുന്നു. വാചാപരീക്ഷ ദ്വാരകയിൽ ഫെബ്രുവരി 20, 25, 26 തീയതികളിലും, മണിമൂളിയിൽ ഫെബ്രുവരി 18–നും ആയിരിക്കും.

## HCC (Plus One, Tlus Two) പരീക്ഷകൾ

HCC പരീക്ഷകൾ മുൻകൂട്ടി അറിയിച്ചതുപോലെ ഫെബ്രുവരി 12–ന് ഞായറാഴ്ച രാവിലെ 10.00 മുതൽ ഉച്ചകഴിഞ്ഞ് 1.00 വരെ നിശ്ചയിച്ച പരീക്ഷാ കേന്ദ്രങ്ങളിൽ നടത്തുന്നു. ഫൊറോന ടീം അംഗങ്ങളും, പരീക്ഷാ സെന്ററിലുള്ളവരും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുമല്ലോ. ഹാൾ ടിക്കറ്റ് ഇല്ലാതെ വരുന്നവരെ പരീക്ഷ എഴുതുവാൻ അനുവദിക്കുന്നതല്ല.

## ചോദ്യപേപ്പർ

HCC കുട്ടികൾക്ക് പരീക്ഷ എഴുതുവാനുള്ള Answer Book, Additional Sheet മുതലായവ ഫെബ്രുവരി 10–ാം തീയതി ഫൊറോന സെക്രട്ടറിമാർ രൂപതാ ഓഫീസിൽ നിന്നും എടുക്കേണ്ടതാണ്.

## ഇന്റേണൽ അസ്സസ്സ്മെന്റ്

XI, XII ക്ലാസ്സുകളിലെ കുട്ടികളുടെ ഇന്റേണൽ അസ്സസ്സ്മെന്റ് മാർക്ക് രൂപതാ ഓഫീസിൽനിന്നും തന്നിരിക്കുന്ന നിശ്ചിത ഫോറത്തിൽ പരീക്ഷാദിവസം തന്നെ ഫൊറോന സെക്രട്ടറിയുടെ കൈവശം ഏല്പിക്കണം.

**SMCC പ്രതിഭാസംഗമം**

സീറോ മലബാർസഭ മതബോധന കമ്മറ്റി എറണാകുളം, മൗണ്ട് സെന്റ് തോമസിൽ വച്ച് നടത്തിയ പ്രതിഭാ സംഗമത്തിൽ നമ്മുടെ രൂപ തയിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ടത് ഗ്ലാഡ്‌വിൻ വടക്കേക്കുടിയിൽ, ജിജോ തകരപ്പിള്ളിൽ, ധന്യ തേവർകാട്ടിൽ, വൃന്ദ നെടുംകല്ലേൽ എന്നി വരായിരുന്നു. സീറോ മലബാർ സഭയിലെ പതിമൂന്ന് രൂപതകളിൽ നിന്നും എത്തിച്ചേർന്ന 52 പ്രതിഭകളുടെ മൂന്ന് ദിവസത്തെ സംഗമം അനിർവ്വചനീയമായ അറിവിലേക്കും അനുഭവത്തിലേക്കും പ്രതിഭകളെ നയിച്ചു. സംഗമത്തിനൊടുവിൽ നമ്മുടെ രൂപതയുടെ പ്രതിഭകളായി ഗ്ലാഡ്‌വിൻ, ധന്യ എന്നിവരെ തിരഞ്ഞെടുത്തു. നാലുപേർക്കും പ്രത്യേ കിച്ച് രൂപത പ്രതിഭകളായി തെരഞ്ഞെടുക്കപ്പെട്ട ഗ്ലാഡ്‌വിനും, ധന്യക്കും രൂപതയിലെ വിശ്വാസപരിശീലകരുടെ അഭിനന്ദനങ്ങൾ. കുട്ടികളെ ഇതി നായി ഒരുക്കിയ മാതാപിതാക്കൾ, വികാരിയച്ചന്മാർ, അധ്യാപകർ, രൂപത മതബോധന ടീം അംഗങ്ങൾ എല്ലാവർക്കും ഹൃദയപൂർവ്വം നന്ദി അറി യിക്കുന്നു.

**പ്രധാനാധ്യാപക സമ്മേളനം**

ജനുവരി 14– ശനിയാഴ്ച രൂപതാ പാസ്റ്ററൽ സെന്ററിൽ രൂപതാ വികാരിജനറാൾ ബഹു. മാത്യു മാടപ്പള്ളിക്കുന്നേലച്ചന്റെ അദ്ധ്യക്ഷത യിൽ രൂപതയിലെ ബഹു. വികാരിയച്ചന്മാരുടെയും പ്രധാനാധ്യാപക രുടെയും സംയുക്ത സമ്മേളനം നടത്തി. യോഗത്തിന് രൂപതാ മത ബോധന ഡയറക്ടർ ബഹു. ബെന്നി മുതിരക്കാലായിൽ അച്ചൻ സ്വാഗതം പറഞ്ഞു. ക്രിസ്തീയ വിശ്വാസം തത്വാധിഷ്ഠിതമായി മാത്രം നിൽക്കാതെ പ്രായോഗിക ജീവിതത്തിൽ പ്രതിഫലിക്കേണ്ടതിന്റെ ആവ ശ്യകത സ്വാഗത പ്രസംഗത്തിന്റെ കാതലായി.

ബഹു. മാത്യു അച്ചൻ ഇന്നത്തെ ലോകത്തിൽ മനുഷ്യജീവിതം വിശ്വാസത്തിന്റെ ആഴങ്ങൾ തേടേണ്ട കാര്യങ്ങൾ വ്യക്തമാക്കി. അനു സരണം അധികാരത്തിന്റെ ശുശ്രൂഷയുടെ അടിത്തറയാണെന്നും, പ്രത്യാശയുണ്ടെങ്കിലെ ദൈവത്തിലാശ്രയിക്കുകയുള്ളൂവെന്നും തന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ അച്ചൻ വ്യക്തമാക്കി.

SMCC പ്രതിഭാ അവാർഡ് നേടിയവരെ രൂപത മതബോധന സെക്രട്ടറി ശ്രീ. തോമസ് ഏറണാട്ട് രൂപതയുടെ മുഴുവൻ അഭിനന്ദ നവും അറിയിച്ച് സംസാരിച്ചു. രൂപതാ പ്രതിഭ തേവർകാട്ടിൽ ധന്യ യുടെ ശ്രുതിമധുരമായ ഗാനത്തിനുശേഷം ബഹു. മാത്യു അച്ചൻ അവർക്ക് ട്രോഫികൾ നൽകി ആദരിച്ചു. ഗ്ലാഡ്‌വിൻ എല്ലാവരുടെയും

പ്രതിനിധിയായി SMCC പ്രതിഭാസംഗമത്തെ വിശദീകരിച്ച് തങ്ങളെ സഹായിച്ചവർക്ക് നന്ദി പറഞ്ഞു.

കുട്ടികളുടെ പഠനം ലക്ഷ്യമാക്കി, കൂദാശകളെ അധികരിച്ച് ബഹു. ജോർജ് മുതിരക്കാലായിലച്ചൻ തയ്യാറാക്കിയ 'വഴിവിളക്കുകൾ' എന്ന പുസ്തകം കത്തീഡ്രൽ വികാരി ബഹു. ജോർജ് മൈലാടൂർ അച്ചൻ യവനാർകുളം ഹെഡ്മിസ്ട്രസ് ശ്രീമതി മേരി പറയിടത്തിന് നൽകി പ്രകാശനം ചെയ്തു.

ഇടവകയുടെ വിശ്വാസ വളർച്ചയിൽ മതാദ്ധ്യാപകരുടെ പങ്കിനെപ്പറ്റി ബഹു. മൈലാടൂർ അച്ചൻ ക്ലാസ് നയിച്ചു. ശക്തിയും, കുറവും, അവസരവും, ഭീഷണിയും കണ്ടറിഞ്ഞ് വ്യക്തമായ ധാരണയോടെ, പദ്ധതിയോടെ, ഇടവകയിലെ പ്രവർത്തനങ്ങളെ ക്രോഡീകരിക്കേണ്ട ആവശ്യകത അച്ചൻ എടുത്തുപറഞ്ഞു.

തുടർന്ന് അധ്യയനവർഷത്തെ കാര്യങ്ങളെക്കുറിച്ചുള്ള പൊതു അവലോകനമായിരുന്നു. കൂടുതൽ ക്രിയാത്മകമായി പ്രവർത്തനപന്ഥാവിൽ ആയിരിക്കുവാൻ പൊതുവിശകലനം സഹായിച്ചു. അടുത്തവർഷത്തെക്കുള്ള ചില നിർദ്ദേശങ്ങൾ കോൺഫ്രൻസിൽ രൂപപ്പെട്ടു. രൂപതാ ടീം അംഗം ബഹു. സി. ആൻസി തോമസ് യോഗത്തിന് നന്ദി പറഞ്ഞു.

### ഫൊറോന സെക്രട്ടറിമാരുടെ സംഗമം

ഫൊറോന സെക്രട്ടറിമാരുടെ സംഗമം 14-ന് ഉച്ചകഴിഞ്ഞ് രൂപത മതബോധന കേന്ദ്രത്തിൽ നടത്തി. അധ്യയനവർഷാവസാനം വരുന്ന പരീക്ഷകൾ, അവയുടെ നടത്തിപ്പ് എന്നിവയായിരുന്നു ചർച്ചാവിഷയങ്ങൾ.

### ഫൊറോന വാർത്തകൾ

### ബത്തേരി ഫൊറോന

2011-2012 അധ്യയനവർഷത്തിൽ ബത്തേരി മേഖലയിൽ വിശ്വാസ പരിശീലനം നടത്തുന്ന 5 മുതൽ 12 വരെയുള്ള കുട്ടികൾക്കായി 2011 ഡിസംബർ 26-ന് അമ്പലവയലിൽ വെച്ച് നടത്തിയ എന്റെ വചന ഡയറി ക്വിസ് മത്സരത്തിൽ വിജയിച്ചവർ

**V**

1. അമൽ കൂട്ടുങ്കൽ, അലീന മച്ചുകുഴിയിൽ - ചിത്രഗിരി I
2. ഡെനിക്ക് മാങ്കുഴി - മൂലങ്കാവ് II, സോണിയ പടമാടൻ -പഴൂർ III

**VI**

1. ആൻസെബാസ്റ്റ്യൻ വാരിക്കാട്ട്, അനുഷ് പുറക്കാട്ടിൽ - മീനങ്ങാടി I

2. മാർട്ടിൻ വരകുകാലായിൽ, ചെറിയാൻ തറപ്പേൽ - അമ്പലവയൽ II
3. മിനുല എളമ്പാശ്ശേരി, അലീന പരുന്തനയൽ - മൂലങ്കാവ് II

**VII**

1. അജ്വൽ പുഞ്ചയിൽ, അന്നമ്മ കളമ്പൂക്കാട്ട് - മൂലങ്കാവ് I
2. നിഖിൽ നീലപ്പടവിൽ, റോഷിൻ വട്ടക്കുന്നേൽ - വടക്കനാട് II
3. ഡൊമിനിക് വടാശ്ശേരി, ബ്രിജീത്ത വരകുകാല, ശോശാമ്മ മുള്ളൻമടക്കൽ, കുര്യാക്കോസ് പടിഞ്ഞാറേക്കൂറ്റ് - വടക്കനാട് - III

**VIII**

1. അനറ്റ് വടക്കൂട്ട്, ജസ്റ്റിൻ പുലിയളക്കൽ - തോമാട്ടുചാൽ - I
2. മേരി പയ്യമ്പള്ളി, മരിയ മാളിയേക്കൽ - അമ്പലവയൽ - II
3. അഞ്ചലി കച്ചിപ്പറമ്പിൽ, എബിൻ പുലിക്കോട്ടിൽ - ചിത്രഗിരി - III

**IX**

1. അജിറ്റ കന്നുകെട്ടിയിൽ, അനീറ്റ കന്നുകെട്ടിയിൽ- കടൽമാട് - I
2. മേരി ഐക്കരോട്, അന്ന ചെറുകര - ബത്തേരി - II
3. ഷാരോൺ ചാലിൽ, സ്നേഹ കാരക്കാട്ട്, മീനങ്ങാടി - III
   ഡെൽന ചിറയത്ത്, മിലാന്റ വിളയാപ്പള്ളി - ചുള്ളിയോട് - III

**X**

1. മിലു കളച്ചുക്കാട്ട്, റോസ് മാമൂട്ടിൽ - മൂലങ്കാവ് - I
2. ജൂലിയ മൂഴയിൽ, ആഗിൻ മരിയ ഉപ്പുവീട്ടിൽ - ബത്തേരി - II
3. അനുഷ കണ്ടത്തികുടിയിൽ, ആൻമരിയ പൈകട- ബത്തേരി - III

**XI**

1. എൽബിൻ പുത്തൻപുരയിൽ, അനൂപ് ജോണി പൂക്കളം - മൂലങ്കാവ് - I
2. ബിനു മാതേക്കൽ, മോൾബി ചാമക്കാലായിൽ - ബത്തേരി - II
3. ജെറ്റിൻ ചക്കിശേരി, പ്രിൻസ് കുറ്റിത്താനത്ത് - മീനങ്ങാടി - III

**XII**

1. അന്നമ്മ ഏലൂർ, റ്റീന പാലിയത്ത് - അമ്പവയൽ - I
2. ആഷ്ലി പ്ലവനാക്കുഴി, ആൻസില മങ്കുഴി - ചിത്രഗിരി - II
3. അനിൽ മഠത്തിൽ, നാഷി പുളിക്കായത്ത് - മീനങ്ങാടി - III

**ഫാ. ബെന്നി മുതിരക്കാലായിൽ**
മതബോധന ഡയറക്ടർ

# ചെറുപുഷ്പ മിഷൻലീഗ്

പ്രിയ മിഷൻലീഗ് അംഗങ്ങളെ,

മനുഷ്യനായി അവതരിച്ച്, പാവപ്പെട്ടവനായി ജീവിച്ച്, മരക്കുരിശിൽ മരിച്ചുയർത്ത ക്രിസ്തുനാഥന്റെ ത്യാഗദർശനം സ്വന്തം ജീവിതത്തിൽ പകർത്തിയ അനേകം പുണ്യപുഷ്പങ്ങൾ സഭയുടെ അഭിമാനം ഉയർത്തുന്നവരായുണ്ട്. അവരുടെ മഹത്തായ മാതൃക പ്രത്യേകമായി സ്മരിക്കുന്ന തിരുനാളുകൾ കൊണ്ട് അനുഗ്രഹീതമാണ് ജനുവരി, ഫെബ്രുവരി മാസങ്ങൾ. ഇടവക മദ്ധ്യസ്ഥർ നമുക്ക് വലിയമാതൃകയാണ്. ഈ പ്രേഷിതവർഷത്തിൽ ക്രൈസ്തവ സാക്ഷ്യത്തിനായ് സധൈര്യം മുന്നേറുവാൻ, വേണ്ടി വന്നാൽ സ്വയം ഹോമിക്കുവാൻ തയ്യാറാകണമെന്ന് അവർ നമ്മോട് ആഹ്വാനം ചെയ്യുന്നു. ഈ ആഹ്വാനം സ്വന്തം ജീവിതത്തിൽ സ്വീകരിച്ച് നമ്മുടെ തിരുനാളാഘോഷങ്ങൾ അർത്ഥപൂർണ്ണമാക്കാം. തിരുനാളുകൾക്കൊപ്പം ക്രമീകരിക്കുന്ന വാർഷിക ആഘോഷങ്ങൾ ഒരു തിരിഞ്ഞുനോട്ടത്തിനുള്ള അവസരമാണ്. സംഘടനാപ്രവർത്തനങ്ങളിൽ എന്റെ ഭാഗഭാഗിത്വം എന്തുമാത്രമാണ്. ദൈവം ദാനമായി നൽകിയ കഴിവുകൾ സഹോദര നന്മക്കു വേണ്ടി ഞാൻ എങ്ങനെ വിനിയോഗിക്കുന്നു. വാർഷികാഘോഷങ്ങൾ സംഘടനാ പ്രവർത്തനങ്ങളെ കൂടുതൽ ശക്തിപ്പെടുത്താൻ സഹായിക്കട്ടെ.

ഒത്തിരി സ്നേഹത്തോടെ,

**സോണിയച്ചൻ**

**രോഗീസന്ദർശനവാരം**

രോഗികൾക്ക് സാന്ത്വനമേകിക്കൊണ്ട് അശരണർക്ക് ആശ്രയമായിക്കൊണ്ട് ഫെബ്രുവരി മാസത്തിൽ രോഗീസന്ദർശനവാരം ആചരിക്കുന്നു.

6. തിങ്കൾ – മാനന്തവാടി, കൊട്ടിയൂർ മേഖലകൾ
7. ചൊവ്വ – പയ്യംമ്പള്ളി, ബത്തേരി മേഖലകൾ
8. ബുധൻ – കല്ലോടി മേഖല
9. വ്യാഴം – നിലമ്പൂർ, തരിയോട് മേഖലകൾ
10. വെള്ളി – മണിമൂളി, നടവയൽ മേഖലകൾ
11. ശനി – പുൽപ്പള്ളി, ഗൂഡല്ലൂർ മേഖലകൾ
12. ഞായർ – കൽപ്പറ്റ മേഖല

ഈ ദിവസങ്ങളിൽ എല്ലാ ശാഖകളും രോഗീസന്ദർശനം നടത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

**മിഷൻഞായർ വിഹിതം, സംസ്ഥാന വിഹിതം**

വിഹിതങ്ങൾ രൂപതയിൽ ഇനിയും ഏൽപ്പിക്കാത്ത ശാഖകൾ എത്രയും പെട്ടെന്ന് തന്നെ രൂപതാ കേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതാണ്.

**പ്രേഷിതവർഷം – മിഷൻ സന്ധ്യകൾ**

പ്രേഷിത വർഷത്തോടനുബന്ധിച്ച് മുതിരേരി, ചെറുകാട്ടൂർ, അമ്പലവയൽ, പോരൂർ, തെനേരി എന്നീ ശാഖകളിൽ മിഷൻസന്ധ്യ നടത്തി. പ്രേഷിതവർഷത്തിന്റെ സെന്ററൽ ഓർഗനൈസിംഗ് കമ്മിറ്റി ചെയർമാനും ഉജ്ജയിൻ രൂപതാ മെത്രാനുമായ മാർ സെബാസ്റ്റ്യൻ വടക്കേൽ മിഷൻസന്ധ്യയിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകുകയും മിഷൻ അനുഭവങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു. മിഷൻ സന്ധ്യ സംഘടിപ്പിച്ച ബഹു.വികാരിയച്ചൻമാർക്കും മിഷൻലീഗ് ഭാരവാഹികൾക്കും എല്ലാവിധ ആശംസകളും നന്ദിയും അറിയിക്കുന്നു.

**കെ.സി.വൈ.എം. പുതിയ നേതൃത്വത്തിന് അഭിനന്ദനങ്ങൾ**

കെ.സി.വൈ.എം. പുതിയ ഭാരവാഹികൾക്ക് സി.എം.എൽ. രൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങളും പുതിയ പ്രവർത്തനവർഷത്തിൽ എല്ലാവിധ ആശംസകളും നേരുന്നു.

**ക്രിസ്തുമസ് ലഹരിവിരുദ്ധ സന്ദേശം**

ചെറുപുഷ്പ മിഷൻലീഗ് കെ.സി.വൈ.എം. സംയുക്തമായി ഡിസംബർ 23–ാം തീയതി മാനന്തവാടി ഗാന്ധി പാർക്കിൽ വച്ച് നടത്തിയ ക്രിസ്തുമസ് ലഹരിവിരുദ്ധ സന്ദേശത്തിൽ അല പള്ളത്ത്, അജയ് ആന്റോ കൈതാരം, മെർളിൻ തുമ്പക്കാനായിൽ എന്നിവർ പ്രസംഗിച്ചു. ഈ ക്രിസ്തുമസ് സന്ദേശ പരിപാടി വൻവിജയമാക്കി തീർത്ത എല്ലാ

വർക്കും ചെറുപുഷ്പ മിഷൻലീഗിന്റെ എല്ലാവിധ ആശംസകളും നന്ദിയും അറിയിക്കുന്നു.

**ബൈബിൾവാക്യ പഠനമത്സര വിജയികൾ**

രൂപതാ നേതൃത്വത്തിൽ നടത്തിയ ബൈബിൾവാക്യ പഠനമത്സരത്തിൽ പങ്കെടുത്തവർക്കും വിജയിച്ചവർക്കും അഭിനന്ദനങ്ങൾ. മത്സരാർത്ഥികളെ ഒരുക്കി പറഞ്ഞുവിട്ട ഡയറക്ടറച്ചൻമാർക്കും സിസ്റ്റേഴ്സിനും ഭാരവാഹികൾക്കും നന്ദി.

**ജൂണിയർ വിഭാഗം**

I അനു അബ്രാഹം തടത്തിൽ - മുണ്ടേരി - മണിമൂളി

II ടിന്റോ ചെറിയതറപ്പേൽ - പുൽപ്പള്ളി - പുൽപ്പള്ളി

III രാഗിൻമരിയ വട്ടക്കാമൂളയിൽ - കാവുംമന്ദം - തരിയോട്

**സീനിയർ വിഭാഗം**

I റ്റിൽന മടപ്പള്ളിൽ - ആടിക്കൊല്ലി - പുൽപ്പള്ളി

II ആൻമരിയ പൈകട - ബത്തേരി - ബത്തേരി

III അഞ്ചലി ഏറത്ത്മലയിൽ - യവനാർകുളം - മാനന്തവാടി

**മേഖലാ വാർത്തകൾ**

**ഗൂഡല്ലൂർ:-** എല്ലാ ശാഖയിലും പുൽക്കൂട് നിർമ്മാണ മത്സരം നടത്തി. ഇതിൽ കൽപ്ര, ധർമ്മഗിരി, മച്ചിക്കൊല്ലി എന്നീ ശാഖകൾ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി.

**കൊട്ടിയൂർ:-** കൊട്ടിയൂർ മേഖലയിൽ ഏയ്ഞ്ചൽമീറ്റ് നടത്തി. ഏയ്ഞ്ചൽമീറ്റ് സംഘടിപ്പിച്ച ഡയറക്ടറച്ചനും, ജോ.ഡയറക്ടർക്കും, മേഖലാ ഭാരവാഹികൾക്കും ക്ലാസ്സിന് നേതൃത്വം നൽകിയ സി. ലിസായ്ക്കും ഒത്തിരി നന്ദി.

**ശാഖാ വാർത്തകൾ**

*അമ്പായത്തോട്:-* പ്രേഷിത വർഷാചരണത്തിന്റെ ഭാഗമായി ഇടവകയിൽ നിന്നും ദൈവവിളി സ്വീകരിച്ചവർക്കും ഇടവകയിൽ സേവനം ചെയ്ത് കടന്നുപോയവർക്കും ക്രിസ്തുമസ് സന്ദേശം അയച്ചു.

*ചൂരൽമല:-* തിരുപ്പിറവിക്ക് ഒരുക്കമായി സ്പിരിച്ച്വൽ കാർഡിലെ സൂക്തങ്ങൾ എല്ലാ ദിവസവും പൂരിപ്പിച്ചു.

*കുറുമ്പാല:-* ഇടവകയിലെ 16 കുടുംബങ്ങൾക്ക് ക്രിസ്തുമസ് കിറ്റ് കൊടുത്തു. പൂന്തോട്ടം വൃത്തിയാക്കി.

*ആടിക്കൊല്ലി:-* മുൻശാഖാ ഡയറക്ടറായ ജോണച്ചന്റെ ജൂബിലി ആഘോഷിച്ചു. ബൈബിൾ വാക്യപഠന മത്സരത്തിലും കരോൾഗാന

മത്സരത്തിലും പങ്കെടുത്തു. പുൽക്കൂട് നിർമ്മാണം എല്ലാ ഭവനങ്ങളിലും നടത്തി.

*അപ്പപ്പാറ:-* ക്രിസ്തുമസ് ട്രീ ഉണ്ടാക്കി. പുൽക്കൂട് നിർമ്മിച്ചു.

*കുറുമണി:-* ഏയ്ഞ്ചൽമീറ്റിൽ 10 പേർ പങ്കെടുത്തു.

*ജൂഡ്സ്മൗണ്ട്:-* ക്രിസ്തുമസ് കിറ്റ് നൽകി. 12 പേർ അട്ടപ്പാടിയിൽ ധ്യാനത്തിന് പോയി.

*മംഗളം:-* പുൽക്കൂട് നിർമ്മാണം, ക്രിസ്തുമസ് ട്രീ എന്നിവ ഉണ്ടാക്കി. 3 മിഷൻ കേന്ദ്രങ്ങളിലേയ്ക്ക് കാർഡ് അയച്ചു.

*ചെന്നലോട്:-* ഒരു കുടുംബത്തിലെ 7 പേർക്ക് വസ്ത്രവിതരണം നടത്തി. 10 കിലോ അരി നൽകി. 7 കുട്ടികൾക്ക് ക്രിസ്തുമസ് സമ്മാനമായി പുതിയ വസ്ത്രം നൽകി.

*ഏലപ്പീടിക:-* കരോൾഗാന മത്സരം നടത്തി. ബൈബിൾവാക്യ പഠന മത്സരം നടത്തി.

*മുതിരേരി:-* വൈത്തിരി ജെയിൽ സന്ദർശനം നടത്തി. മീഡിയ കമ്മീഷൻ സംഘടിപ്പിച്ച കരോൾഗാന മത്സരത്തിൽ മുതിരേരി മൂന്നാംസ്ഥാനം നേടുകയും ചെയ്തു. ഏയ്ഞ്ചൽ മീറ്റിൽ പങ്കെടുത്തു. ക്രിസ്തുമസ് സന്ധ്യ ഒരുക്കി.

*കോട്ടത്തറ:-* സി.എം.എൽ., കെ.സി.വൈ.എം., വിൻസെന്റ് ഡി പോൾ അംഗങ്ങൾ ചേർന്ന് ഓരോ വീടും കയറി പഴയ പ്ലാസ്റ്റിക് പാത്രങ്ങൾ, പത്രങ്ങൾ etc. ശേഖരിച്ച് വിറ്റ് കിട്ടിയ തുക പാവപ്പെട്ടവർക്ക് വേണ്ടി വികാരിയച്ചന്റെ നേതൃത്വത്തിൽ ദാനം ചെയ്തു. ബൈബിൾ വാക്യ പഠന മത്സരം നടത്തി.

*അമരക്കുനി:-* കുഞ്ഞുമിഷനറിമാർ 25 ദിവസവും മുടങ്ങാതെ പള്ളിയിൽ വന്നു.

*മംഗലശ്ശേരി:-* ശാഖയുടെ വ്യക്തവും കൃത്യവുമായ ഇടവക ചരിത്രം പ്രസിദ്ധീകരിച്ചു.

*കയ്യൂന്നി:-* പാവപ്പെട്ട 10 വീട്ടുകാർക്ക് ക്രിസ്തുമസ് കിറ്റ് നൽകി. ബഹു. വികാരിയച്ചന്റെയും കൊച്ചച്ചന്റെയും നാമഹേതുകതിരുനാൾ ആഘോഷിച്ചു.

*തവിഞ്ഞാൽ:-* കോളയാട് അഗതിമന്ദിരം സന്ദർശിച്ചു. കരോൾഗാന മത്സരം നടത്തി. പുൽക്കൂട് നിർമ്മാണ മത്സരം സംഘടിപ്പിച്ചു.

*മുണ്ടേരി:-* മണിമൂളിയിൽ വച്ചു നടന്ന ബൈബിൾ കൺവെൻഷനിൽ സി.എം.എൽ. അംഗങ്ങൾ പങ്കെടുത്തു. ഏയ്ഞ്ചൽ മീറ്റിൽ കുട്ടികൾ പങ്കെടുത്തു.

*വടക്കനാട്:-* സുകൃതമഞ്ചരി നിർമ്മിച്ച് ഉണ്ണിയേശുവിന് നൽകി. ക്രിസ്തുമസ് സന്ദേശം നൽകാൻ വേണ്ടി കരോൾഡാൻസ് എല്ലാ വാർഡുകളിലും ക്രിസ്തുമസ് രാത്രിയിലും അവതരിപ്പിച്ചു.

*നരിവാലമുണ്ട:-* മാധ്യമദിനം ആഘോഷിച്ചു. ബൈബിൾവാക്യ പഠന മത്സരം നടത്തി. കരോൾഗാന മത്സരം നടത്തി.

*വാളവയൽ:-* ക്രിസ്തുമസിനായിട്ടുള്ള ഒരുക്കത്തിൽ പുൽക്കൂട് നിർമ്മാണത്തിന് സഹായിച്ചു. ദിവ്യകാരുണ്യ പ്രദക്ഷിണത്തിനാവശ്യമായ പരിശീലനം ബഹു.വികാരിയച്ചൻ കുട്ടികൾക്ക് നൽകി.

*കൽപ്ര:-* ക്രിസ്റ്റീൻ ധ്യാനം നടത്തി. ബൈബിൾക്വിസ് Phone In Programme- ൽ പങ്കെടുത്തു. അഭിജിത്ത് പിട്ടാപ്പിള്ളി രണ്ടാംസ്ഥാനം കരസ്ഥമാക്കി.

*പൂളപ്പാടം:-* പ്രേഷിതവർഷത്തോടനുബന്ധിച്ച് കാൻഡമാൻ മിഷൻഗ്രാമം സന്ദർശിച്ച് 2000 രൂപയും വസ്ത്രവും നൽകി.

*പുതിയിടം:-* 'രശ്മി' കയ്യെഴുത്ത് മാസിക പുറത്തിറക്കി. ക്രിസ്തുമസ് സന്ദേശം എല്ലാ ഭവനങ്ങളിലും എത്തിച്ചു.

*പുതിയിടംകുന്ന്:-* കരോൾഗാന പരിശീലനം നടത്തി.

*കേളകം:-* കരോൾഗാന മത്സരം നടത്തി.

*വഞ്ഞോട്:-* ഏകദിന ധ്യാനം നടത്തി. മിഷൻഗ്രാമത്തിന് ക്രിസ്തുമസ് സന്ദേശം അയച്ചു.

*കൊമ്മയാട്:-* അൾത്താര ബാലികാബാലന്മാർ കണ്ണൂർക്ക് വിനോദയാത്ര പോയി. 10-ാം ക്ലാസിലെ കുട്ടികളും അധ്യാപകരും എമ്മാവൂസ് വില്ല സന്ദർശിച്ചു.

*കാട്ടിക്കുളം:-* പുൽക്കൂട് നിർമ്മാണം നടത്തി. ഏയ്ഞ്ചൽ മീറ്റിൽ കുട്ടികൾ പങ്കെടുത്തു.

*ഒലിവുമല:-* മിഷൻസന്ധ്യ, ജാഗരണപ്രാർത്ഥന, കൊളാഷ് മത്സരം, അർദ്ധദിന സെമിനാർ എന്നിവ നടത്തി.

*മണിമൂളി:-* ബിജു പന്തമാക്കലിന്റെ ഭവന നിർമ്മാണത്തിന് 15000 രൂപ നൽകി.

*ആറാട്ടുതറ:-* വസ്ത്രശേഖരണം നടത്തി.

*പോരൂർ:-* ക്രിസ്തുമസ് ട്രീ ഉണ്ടാക്കി. ഇടവകയിൽ പ്രേഷിതവർഷാചരണത്തിൽ സി.എം.എൽ. സീനിയേഴ്സ് സജീവമായി ഭാഗഭാഗിത്വം വഹിച്ചു.

*കൊട്ടിയൂർ:-* ബൈബിൾവാക്യ പഠനമത്സരത്തിൽ പങ്കെടുത്തു. ഗ്രൂപ്പ ടിസ്ഥാനത്തിൽ ക്രിസ്തുമസ് ട്രീ നിർമ്മാണം നടത്തി. കലാ-കായിക മത്സരം ശാഖയിൽ നടത്തി.

**മിഷൻഞായർ വിഹിതം തന്ന ശാഖകൾ**

തവിഞ്ഞാൽ - 500, പൂക്കോട്ടുംപാടം - 350, നടവയൽ - 2000, പുൽപ്പള്ളി - 1000, കോട്ടത്തറ - 400, കൽപ്ര - 400, പാടിച്ചിറ - 600, ബത്തേരി - 1500, പടമല-300, ചുണ്ടക്കര-2000, അമ്പലവയൽ-350, തെനേരി - 2200, മുതിരേരി - 500, അമരക്കുനി - 250, വാഴവറ്റ - 1000, പാറത്തോട്ടം - 300, കയ്യൂന്നി - 1500, എടപ്പെട്ടി - 300.

**പലതുള്ളി തന്ന ശാഖകൾ**

പൂക്കോട്ടുംപാടം-100, കേളകം-120, യവനാർകുളം-150, നെല്ലി യോടി-100, മംഗളം-110, കയ്യൂന്നി-100.

**കാണിക്ക തന്ന ശാഖകൾ**

പ്രശാന്തഗിരി-100, നെല്ലിയോടി-250, കോട്ടത്തറ-200, കയ്യൂന്നി-200.

മിഷൻ അഭിവാദനങ്ങളോടെ,

**ബിനു മാങ്കൂട്ടത്തിൽ** - സി.എം.എൽ. രൂപതാ സെക്രട്ടറി

---

# ബൈബിൾ അപ്പോസ്തലേറ്റ്

## Logos 2011

Logos 2011ന്റെ സർട്ടിഫിക്കറ്റുകളും, സമ്മാനങ്ങളും ഇടവകകളിൽ എത്തിച്ചു കഴിഞ്ഞു. വിജയിച്ചവരെ ഒരുക്കി അയച്ച എല്ലാ വികാരി യച്ചൻമാർക്കും, സഹപ്രവർത്തകർക്കും പ്രത്യേക അഭിനന്ദനങ്ങൾ. Logos 2012 ന് എല്ലാ സഹായസഹകരണങ്ങളും പ്രതീക്ഷിക്കുന്നു.

## Logos 2012

**പാഠഭാഗങ്ങൾ:** പുറപ്പാട് 25-40, മർക്കോസ് 1-16, പത്രോസ് എഴുതിയ രണ്ടാം ലേഖനം

**ഫാ. ഡെന്നീസ് കഴുതാടിയിൽ**

ഡയറക്ടർ, ബൈബിൾ അപ്പോസ്തലേറ്റ്

# കെ. സി. വൈ. എം.

പ്രിയ യുവജന സുഹൃത്തുക്കളെ,

ഒരു ദിവസം വി. ഫ്രാൻസീസ് അസ്സീസി തന്റെ കൂടെ വചന പ്രഘോഷണത്തിന് പോകാനായി ഒരു യുവസന്യാസിയെ കൂടെ കൂട്ടി. യുവസന്യാസിക്ക് വളരെ സന്തോഷമായി. കാരണം വി. ഫ്രാൻസീസ് അസ്സീസിയുടെ കൂടെയാണല്ലോ. ദിവസം മുഴുവനും അവർ രണ്ടുപേരും തെരുവുകളിലൂടെയും ചേരികളിലൂടെയും ചുറ്റി നടന്ന് ഒത്തിരി പേരെ സഹായിച്ചു. വൈകുന്നേരമായപ്പോൾ രണ്ടുപേരും ആശ്രമത്തിലേയ്ക്ക് തിരിച്ചു. അതുവരെയും അസ്സീസി ചുണ്ടുകൊണ്ട് ഒരു വാക്കുപോലും വചനം പ്രസംഗിച്ചിരുന്നില്ല. യുവസന്യാസി അസന്തുഷ്ടിയോടെ ചോദിച്ചു. "ഗുരോ ഞാൻ വിചാരിച്ചു നമ്മൾ പോയത് വചനം പ്രസംഗിക്കാനാണ് എന്ന്." അപ്പോൾ വി. ഫ്രാൻസീസ് പ്രതിവചിച്ചു. "അല്ലയോ മകനെ നമ്മൾ പ്രസംഗിച്ചിരുന്നു. നാം നടക്കുമ്പോൾ നാം പ്രഘോഷിക്കുകയായിരുന്നു. നമ്മുടെ പെരുമാറ്റവും പ്രവർത്തികളുമെല്ലാം യഥാർത്ഥത്തിൽ കണ്ടുനിന്നവർക്ക് വചന പ്രഘോഷണം തന്നെയായിരുന്നു. നമ്മുടെ യാത്ര തന്നെ പ്രഘോഷണമാകുന്നില്ലെങ്കിൽ എവിടെയൊക്കെ നടന്നാലും അത് പ്രഘോഷണമാകില്ല." പ്രിയമുള്ളവരെ ഈ പ്രേഷിത വർഷത്തിൽ നമ്മുടെ വാക്കുകൾ മാത്രമല്ല പ്രവൃത്തികളും പ്രഘോഷണമാക്കാൻ നമുക്ക് പരിശ്രമിക്കാം.

**കെ.സി.വൈ.എം. ന് ആവേശമായി പുതുനേതൃത്വം**

2012 വർഷത്തിൽ പ്രസ്ഥാനത്തെ നയിക്കാൻ ഒരു പുതിയ നേതൃത്വം കടന്നുവന്നിരിക്കുന്നു. ശ്രീ. ബിനോയ് പാനികുളത്തിന്റെ നേതൃത്വത്തിൽ ഫ്രൻസി മണ്ണിശ്ശേരി, അനീഷ് ഓമക്കര, ശ്രുതി നെടുങ്ങോട്ടുകുടിയിൽ, ജസ്റ്റിൻ ചെഞ്ചട്ടയിൽ, ബിബിൻ ചമ്പക്കര, എബിൻ മുട്ടപ്പള്ളി എന്നിവരുടെ പുതുനേതൃത്വം കെ.സി.വൈ.എം. മാനന്തവാടി രൂപതയ്ക്ക് കരുത്ത് പകരും എന്നതിന് സംശയമില്ല. പുത്തൻ പ്രതീക്ഷകളോടെ ഉൾക്കാഴ്ചയോടെ പ്രസ്ഥാനത്തെ ധീരതയോടെ

നയിക്കുവാൻ പുതിയ ഭാരവാഹികൾക്ക് സാധിക്കട്ടെ എന്ന് പ്രാർത്ഥി ക്കുന്നു. മോശയുടെ ധൈര്യത്തോടെ ഏലിയായുടെ തീക്ഷ്ണത യോടുകൂടി യുവജനശുശ്രൂഷയ്ക്കായ് സ്വയം സമർപ്പിക്കുവാൻ നിങ്ങൾക്കാകട്ടെ എന്ന് ആശംസിക്കുന്നു. തിരഞ്ഞെടുക്കപ്പെട്ട രൂപതാ നേതൃത്വത്തിന് അഭിനന്ദനങ്ങൾ... വിജയാശംസകൾ....

സ്നേഹപൂർവ്വം,
**ടോമിയച്ചൻ**

**നന്ദിയോടെ... പ്രതീക്ഷയോടെ...**

പ്രിയ യുവജനസുഹൃത്തേ,

"ഭാവിയെക്കുറിച്ചുള്ള സ്വപ്നങ്ങൾ തകർന്നടിയും; വർത്തമാന കാലം പ്രയോജനപ്രദമാകാതിരുന്നാൽ" തോമസ് ഡ്രൈഡന്റെ വാക്കു കൾ പുതുവർഷത്തിൽ കർമ്മോത്സുകരാകാൻ നമ്മെ പ്രേരിപ്പിക്കുന്നു. ഏത് സമൂഹത്തിന്റെയും മുന്നോട്ടുള്ള പ്രയാണം ആ സമൂഹത്തിലെ യുവതലമുറയുടെ സർഗ്ഗാത്മക ചിന്തകളെ ആശ്രയിച്ചിരിക്കുന്നു. അതിനവർ ഭാവിയെക്കുറിച്ച് ധാരാളം സ്വപ്നം കാണേണ്ടിയിരിക്കുന്നു. സ്വപ്നങ്ങളാണ് ആശയങ്ങളായി മാറുന്നത്. ആശയങ്ങൾ കർമ്മങ്ങൾക്ക് വഴിയൊരുക്കുന്നു. പ്രശ്നങ്ങൾക്കും പരാധീനതകൾക്കും പരിഹാരം കാണാൻ മാത്രമല്ല, ആധുനിക ശാസ്ത്രസാങ്കേതിക വിദ്യകൾ നൽകുന്ന സൗകര്യങ്ങളുടെ സഹായത്തോടെ, സമൂഹത്തിന്റെ അല്ലെ ങ്കിൽ രാഷ്ട്രത്തിന്റെ ഭാവി ശോഭനമാക്കാനുള്ള പരിപാടികൾക്ക് തുടക്കം കുറിക്കാനും യുവത്വത്തിന്റെ സ്വപ്നങ്ങൾക്ക് കഴിയും.

പുതിയ സ്വപ്നങ്ങളും പുത്തൻ ആശയങ്ങളുമായി യുവജന പ്രേഷിതഭൂമിയിൽ കർമ്മനിരതരാകാൻ എല്ലാ യുവജനങ്ങളെയും കർമ്മ മണ്ഡലങ്ങളിലേക്ക് സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു. ഉത്തരവാദിത്വങ്ങളേറ്റെടുത്ത് പുതിയ പ്രവർത്തനപദ്ധതികൾ വിഭാവനം ചെയ്ത് സംഘബോധത്തോടെ മുന്നേറാനൊരുങ്ങുന്ന എല്ലാ യൂണിറ്റ്, മേഖലാ ഭാരവാഹികൾക്കും രൂപതാ സിന്റിക്കേറ്റ് അംഗങ്ങൾക്കും വിജ യാശംസകൾ. "ക്രിസ്തീയ യുവത്വം വിശ്വസാഹോദര്യത്തിന്" എന്ന പഠനവിഷയവുമായി ധീരമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ 2011-ലെ ഭരണസമിതികൾക്ക് നന്ദിയും അഭിനന്ദനങ്ങളും. ഉത്സവ്-2012 ലെ രണ്ടാം സ്ഥാനം, ത്രിവർണ്ണം യുവജനചങ്ങല, പന്തക്കുസ്താദിന ജാഗരണ പ്രാർത്ഥന.... നേട്ടങ്ങളുടെ വർഷമാണ് പിന്നിട്ടത്. മുന്നിൽ നിന്ന് നയിച്ച രൂപതാ ഡയറക്ടർമാരായ റവ.ഫാ. സണ്ണി കൊല്ലാർതോട്ടം, റവ.ഫാ. ടോമി പുത്തൻപുരയ്ക്കൽ, ആനിമേറ്റർമാ രായ സി. ജെസ്ലീമ SD, സി. വിൻസി ജോൺ FCC, പ്രസിഡന്റ് സജിൻ ജോസ് ചാലിൽ, ജന.സെക്രട്ടറി ഷംജിത്ത് ചേലയ്ക്കൽ, സെക്ര ട്ടറിമാരായ ആന്റണി മങ്കടപ്ര, ശ്രുതി നെടുങ്ങോട്ടുകുടിയിൽ, വൈസ്

പ്രസിഡന്റ് സൻസി, ഹർഷ, ട്രഷറർ ജിതേഷ് മുളക്കകുന്നേൽ, കോർഡിനേറ്റർ ഡിന്റോ മുണ്ടുപാലക്കൽ, മേഖലാ ഡയറക്ടർമാർ ആനിമേറ്റർമാർ എല്ലാവർക്കും യുവജനസഭയുടെ നന്ദി.... പ്രണാമം....

**'യുവഗാഥ-2011' - കെ.സി.വൈ.എം. രൂപതാ വാർഷികം**

കെ.സി.വൈ.എം. മാനന്തവാടി രൂപതാ വാർഷികം 'യുവഗാഥ -2011' കൽപ്പറ്റ ലളിത് മഹൽ ഓഡിറ്റോറിയത്തിൽ വച്ച് ഡിസംബർ 27,28 തീയതികളിൽ നടന്നു. വാർഷിക സമ്മേളനത്തിന്റെ തുടക്കമായ ഡിസംബർ 27 ലെ പ്രതിനിധി സമ്മേളനത്തിന് രൂപതാ പ്രസിഡന്റ് സജിൻ ജോസ് ചാലിൽ പതാക ഉയർത്തിയതോടുകൂടി ആരംഭം കുറിച്ചു. കൽപ്പറ്റ ഫൊറോനാ ചർച്ച് വികാരി റവ.ഫാ. ജോസ് കൊച്ചറയ്ക്കൽ ബൈബിൽ പ്രതിഷ്ഠ നടത്തുകയും വൈസ് പ്രസിഡന്റ് സൻസി പൊട്ടയിലിന്റെ അദ്ധ്യക്ഷതയിൽ യോഗം ആരംഭിക്കുകയും ചെയ്തു. വയനാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ.എൽ. പൗലോസ് ഉദ്ഘാടനം ചെയ്ത പ്രതിനിധി സമ്മേളനത്തിൽ രൂപതാ ആനിമേറ്റർ സി. വിൻസി ജോൺ അഭിസംബോധന ചെയ്ത് സംസാരിച്ചു. രൂപതാ ജന.സെക്രട്ടറി ഷംജിത്ത് ചേലയ്ക്കൽ സ്വാഗതവും രൂപതാ ട്രഷറർ ജിതേഷ് മുളയ്ക്കക്കുന്നേൽ നന്ദിയും പറഞ്ഞു. തുടർന്ന് 'യുവജന നേതൃത്വം - ക്രിസ്തീയ കാഴ്ചപ്പാടുകൾ' എന്ന വിഷയത്തെക്കുറിച്ച് ക്യാപ്റ്റൻ ജെയ്സൺ തോമസ് (ഇൻഡോർ) ക്ലാസ് നയിച്ചു.

**'യുവഗാഥ-2011' - പൊതുസമ്മേളനം**

28-ന് രാവിലെ 9.00 മണിക്ക് പ്രവർത്തകർക്കായ് 'യുവജന പ്രേഷിതത്വം നവഭാരത സൃഷ്ടിയ്ക്ക്' എന്ന വിഷയത്തെക്കുറിച്ച് ക്യാപ്റ്റൻ ജെയ്സൺ തോമസ് ക്ലാസ് എടുത്തു. ഉച്ചകഴിഞ്ഞ് 1.30 ന് ആരംഭിച്ച പൊതുസമ്മേളനത്തിൽ രൂപതാ പ്രസിഡന്റ് സജിൻ ജോസ് ചാലിൽ അദ്ധ്യക്ഷത വഹിച്ചു. ബത്തേരി എം.എൽ.എ. ശ്രീ. ഐ.സി. ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. മാനന്തവാടി രൂപതാ ബിഷപ്പ് മാർ ജോസ് പൊരുന്നേടം അനുഗ്രഹപ്രഭാഷണം നടത്തുകയും രൂപതാ ഡയറക്ടർ റവ.ഫാ. ടോമി പുത്തൻപുരയ്ക്കൽ ആമുഖപ്രഭാഷണം നടത്തുകയും ചെയ്തു. വയനാട് ജില്ലാ കലക്ടർ ശ്രീ. ഗോപാലകൃഷ്ണ ഭട്ട് ആശംസ അർപ്പിച്ച് സംസാരിക്കുകയും രൂപതാ വികാരി ജനറാൾ മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ മികച്ച പ്രവർത്തകർക്കുള്ള അവാർഡുകൾ നൽകി അനുമോദിക്കുകയും ചെയ്തു. കെ.സി.വൈ.എം. സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ. അനീഷ് ഓമക്കര, റവ.ഫാ. ജോസ് കൊച്ചറയ്ക്കൽ, കൽപ്പറ്റ യൂണിറ്റ് പ്രസിഡന്റ് അനീഷ് മാന്തോട്ടം തുടങ്ങിയവർ പ്രസംഗിക്കുകയും രൂപതാ ജന.സെക്രട്ടറി ശ്രീ. ഷംജിത്ത് ചേലയ്ക്കൽ സ്വാഗതവും രൂപതാ കോഡിനേറ്റർ ശ്രീ. ഡിന്റോ മുണ്ടുപാലയ്ക്കൽ നന്ദി പറയുകയും ചെയ്തു.

## പ്രവർത്തക അവാർഡുകൾ

2011 വർഷത്തെ മികച്ച കെ.സി.വൈ.എം. പ്രവർത്തനത്തിനുള്ള അവാർഡുകൾ രൂപതാ വാർഷികത്തിൽ വച്ച് നൽകി.

മികച്ച മേഖല - തരിയോട്

മികച്ച യൂണിറ്റുകൾ - പുതിയിടംകുന്ന്, പ്രശാന്തഗിരി

മികച്ച മേഖലാ പ്രവർത്തകൻ -

ബിജു പുത്തൻകണ്ടത്തിൽ (മാനന്തവാടി മേഖല)

ബിബിൻ ചെമ്പക്കര (പുൽപ്പള്ളി മേഖല)

മികച്ച മേഖലാ പ്രവർത്തക -

ഫ്രൻസി മണ്ണിശ്ശേരി (മാനന്തവാടി മേഖല)

മികച്ച യൂണിറ്റ് പ്രവർത്തകൻ -

ജെസ്റ്റിൻ ചെഞ്ചട്ടയിൽ (കല്ലോടി മേഖല)

## വാർഷികസെനറ്റ് - ഡിസംബർ 31, ദ്വാരക

വിശ്വസാഹോദര്യത്തിനായി മുന്നേറിയ ക്രിസ്തീയ യുവത്വത്തിന്റെ 2011–ലെ പ്രവർത്തന വഴിയിലെ നാൾവഴികളെ വിലയിരുത്തുന്നതിനും പുതിയവർഷത്തെക്കുള്ള സ്വപ്നങ്ങൾക്ക് നിറം പകരുന്നതിനും രൂപതാ വാർഷികസെനറ്റ് 2011 ഡിസംബർ 31 ന് ദ്വാരക യു.പി. സ്കൂളിൽ വച്ച് ചേർന്നു. രൂപതാ പ്രസിഡന്റ് ശ്രീ. സജിൻ ജോസ് ചാലിൽ അദ്ധ്യക്ഷത വഹിച്ചു യോഗത്തിൽ റേഡിയോ മാറ്റൊലി അസി. ഡയറക്ടർ റവ.ഫാ. ജെയ്സ് ചെട്ട്യാശ്ശേരി, സെനറ്റ് ഉദ്ഘാടനം ചെയ്തു. രൂപതാ ആനിമേറ്റർ സി. വിൻസി എഫ്.സി.സി. വചനപ്രതിഷ്ഠയും, ഡയറക്ടർ റവ.ഫാ. ടോമി പുത്തൻപുരയ്ക്കൽ ആമുഖ പ്രഭാഷണവും നടത്തിയ യോഗത്തിന് ജനറൽ സെക്രട്ടറി ഷംജിത്ത് ചേലയ്ക്കൽ സ്വാഗതവും ട്രഷറർ ജിതേഷ് നന്ദിയും പറഞ്ഞു. തുടർന്ന് മേഖലകളുടെ റിപ്പോർട്ടവതരണവും വിലയിരുത്തലും നടന്നു. ഉച്ചഭക്ഷണശേഷം രൂപതാ സമിതിയുടെ 2011 വർഷത്തെ വാർഷിക റിപ്പോർട്ടും കണക്കും അവതരിപ്പിച്ച് പാസ്സാക്കി. തുടർന്ന് 2012 വർഷത്തേക്കുള്ള സെക്രട്ടറിയേറ്റ് സിന്റിക്കേറ്റംഗങ്ങളുടെ തിരഞ്ഞെടുപ്പ് നടന്നു. മുൻരൂപതാ പ്രസിഡന്റ് ശ്രീ. റെജിമോൻ പുന്നോലിൽ തിരഞ്ഞെടുപ്പിന് നേതൃത്വം നൽകി. 2012 വർഷത്തേക്കുള്ള രൂപതാ ഭാരവാഹികളായി താഴെ പറയുന്നവർ തിരഞ്ഞെടുക്കപ്പെട്ടു.

പ്രസിഡന്റ് : ശ്രീ. ബിനോയി പാനികുളം - കൽപ്പറ്റ

വൈ.പ്രസിഡന്റ് : കുമാരി ഫ്രൻസി മണ്ണിശ്ശേരി - മാനന്തവാടി

ജനറൽ സെക്രട്ടറി : അനീഷ് ഓമക്കര - നടവയൽ

സെക്രട്ടറിമാർ : ശ്രുതി നെടുങ്ങോട്ടുകുടിയിൽ - ബത്തേരി

ജസ്റ്റിൻ ചെഞ്ചട്ടേൽ - കല്ലോടി

ട്രഷറർ : ബിബിൻ ചമ്പക്കര - പുൽപ്പള്ളി
കോഡിനേറ്റർ : എബിൻ മുട്ടപ്പള്ളി - തരിയോട്

2012 വർഷത്തെ രൂപതാ സിന്റിക്കേറ്റംഗങ്ങളായി തിരഞ്ഞെടുക്കപ്പെട്ടവർ.

ബത്തേരി :
ഗൂഡല്ലൂർ : സുബിൻ അമ്പാശ്ശേരി
കൽപ്പറ്റ : പ്രിൻസി പെരിങ്ങാറപ്പള്ളി
കല്ലോടി : മെലീസ മാത്യു പീച്ചാട്ട്
കൊട്ടിയൂർ : അരുൺഘോഷ് മാളിയേക്കപ്പറമ്പിൽ
മണിമൂളി : വിനേഷ് മൂലംകുന്നത്ത്
മാനന്തവാടി : ബിജു പുത്തൻകണ്ടത്തിൽ
നടവയൽ : ജോയ്സി പെരുവാഴയിൽ
നിലമ്പൂർ : ജിനു വെള്ളാങ്കൽ
പയ്യമ്പള്ളി : സജേഷ് കടിയിങ്കൽ
പുൽപ്പള്ളി : മിൽഡ ചെറുകുന്നേൽ
തരിയോട് : സൗമ്യ പാലമറ്റം

## സംയുക്ത സിന്റിക്കേറ്റ് - ഡിസംബർ 31

2012 വർഷത്തെ സംസ്ഥാന സെനറ്റ്, സിന്റിക്കേറ്റംഗങ്ങളെ തിരഞ്ഞെടുക്കുന്നതിനുള്ള സംയുക്ത സിന്റിക്കേറ്റ് യോഗം 2011 ഡിസംബർ 31 ന് ദ്വാരകയിൽ നടന്നു. സംസ്ഥാന സിന്റിക്കേറ്റംഗങ്ങളായി ശ്രീ. സജിൻ ജോസ് ചാലിൽ, പ്രിൻസി പെരിങ്ങാരപ്പിള്ളി എന്നിവരെയും സെനറ്റംഗങ്ങളായി ജിതേഷ് മുളക്കകുന്നേൽ, വിപിൻ പനമട, ജോൺസൺ ചക്കാലക്കൽ, സൻസി പൊട്ടയിൽ എന്നിവരെയും തിരഞ്ഞെടുത്തു.

തിരഞ്ഞെടുപ്പ് നടപടികൾക്ക് നേതൃത്വം നൽകിയ ശ്രീ. റെജിമോൻ പുന്നോലിലിനും മേഖലാ ഡയറക്ടർമാർ, ആനിമേറ്റേഴ്സ്, സെനറ്റ്, സിന്റിക്കേറ്റംഗങ്ങൾ എന്നിവർക്കും ഹൃദ്യമായ നന്ദി.

## സംസ്ഥാന വാർഷിക സെനറ്റ് - ജനുവരി 5,6,7,8 - കൊച്ചി

കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ വാർഷിക സെനറ്റ് സമ്മേളനം 2012 ജനുവരി 5,6,7,8 തീയതികളിൽ കൊച്ചി ലത്തീൻ രൂപതയുടെ ആതിഥേയത്വത്തിൽ ഇടക്കൊച്ചി ആൽഫ പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. കേരളത്തിലെ 30 കത്തോലിക്കാ രൂപതകൾ പങ്കെടുത്ത സെനറ്റ് സമ്മേളനത്തിൽ കേന്ദ്രമന്ത്രി കെ.വി.തോമസ്, സംസ്ഥാന എക്സൈസ് മന്ത്രി കെ. ബാബു, യൂത്ത് കമ്മീഷൻ ചെയർമാൻ റൈറ്റ്.റവ.ഡോ. മാർ ജോസഫ് പണ്ടാരശ്ശേരി, കൊച്ചി രൂപതാ മെത്രാൻ മാർ ജോസഫ് കരിയിൽ എന്നിവർ മുഖ്യാതിഥികളായിരുന്നു. രൂപതയെ പ്രതിനിധീകരിച്ച് സംസ്ഥാന വൈസ് പ്രസിഡന്റ്

അനീഷ് ഓമക്കര, ഡയറക്ടർ റവ.ഫാ. ടോമി പുത്തൻപുരയ്ക്കൽ, ആനിമേറ്റർ സി. വിൻസി FCC, സംസ്ഥാന സെനറ്റ്, സിന്റിക്കേറ്റംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു. കഴിഞ്ഞവർഷം പ്രസ്ഥാനത്തെ നയിച്ച സംസ്ഥാന സമിതിക്ക് ഹൃദ്യമായ നന്ദി. മാനന്തവാടി രൂപതയെ പ്രതി നിധീകരിച്ച് സംസ്ഥാന സമിതിയിൽ സ്തുത്യർഹമായ പ്രവർത്തനങ്ങൾ കാഴ്ചവച്ച സംസ്ഥാന വൈസ് പ്രസിഡന്റ് അനീഷ് ഓമക്കരക്ക് രൂപതാ സമിതിയുടെ നന്ദി. പുതിയതായി തിരഞ്ഞെടുക്കപ്പെട്ട് ചുമതലയേറ്റ ശ്രീ. സോണി പവേലിൽ (കൊച്ചി) ന്റെ നേതൃത്വത്തിലുള്ള സമിതിക്ക് സർവ്വവിധ പിൻതുണയും ആശംസകളും.

## സംയുക്ത സിന്റിക്കേറ്റും ഉത്തരവാദിത്വ കൈമാറ്റവും

രൂപതാ സമിതിയുടെ ഉത്തരവാദിത്വ കൈമാറ്റവും സംയുക്ത സിന്റിക്കേറ്റും 2012 ജനുവരി 11 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. പ്രസിഡന്റ് സജിൻ ചാലിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോത്തിൽ റവ.ഫാ. ടോമി പുത്തൻപുരയ്ക്കൽ ആമുഖ പ്രഭാഷണം നടത്തി. തുടർന്ന് പുതിയതായി തിരഞ്ഞെടുക്കപ്പെട്ട സമിതിക്ക് ചുമതലകൾ കൈമാറി. നിയുക്ത പ്രസിഡന്റ് ബിനോയി പാനികുളത്തിന്റെ അദ്ധ്യക്ഷതയിൽ പുനരാരംഭിച്ച യോഗത്തിൽ മുൻവർഷങ്ങളിലെ സ്തുത്യർഹമായ സേവനങ്ങൾക്കുശേഷം സിന്റിക്കേറ്റിൽ നിന്നും പുറത്തുപോകുന്ന സന്തോഷ് ഞാറക്കുളം, ജസ്സോയ് മൂങ്ങനാനിയിൽ, ലിജി കളരിക്കൽ എന്നിവർക്ക് സിന്റിക്കേറ്റ് നന്ദിയർപ്പിച്ചു. തുടർന്ന് വഴി -2012 നെക്കുറിച്ചുള്ള ചർച്ചകൾ നടന്നു. നിർദ്ദേശങ്ങൾക്കൊണ്ടും സാന്നിദ്ധ്യംകൊണ്ടും സിന്റിക്കേറ്റിനെ ധന്യമാക്കിയ എല്ലാവർക്കും ഹൃദ്യമായ നന്ദി.

## ക്രിസ്തുമസ് ലഹരിവിരുദ്ധ സന്ദേശം

ഡിസംബർ 23-ന് കെ.സി.വൈ.എമ്മും സി.എം.എൽ. ഉം സംയുക്തമായി മാനന്തവാടി ഗാന്ധിപാർക്കിൽ സംഘടിപ്പിച്ച ക്രിസ്തുമസ് ലഹരിവിരുദ്ധ സന്ദേശ പ്രോഗ്രാമിൽ രൂപതാ ഭാരവാഹികൾ പങ്കെടുത്തു. രൂപതാ പ്രസിഡന്റ് സജിൻ ജോസ് ചാലിൽ പ്രസംഗിച്ചു. പ്രശാന്തഗിരി യൂണിറ്റ് ലഹരിക്കെതിരെ തെരുവ് നാടകം അവതരിപ്പിച്ചു.

## 'ത്രിവേണി-2012' - മേഖലാ നേതൃസംഗമം

പുതിയ പ്രവർത്തന വർഷത്തിൽ ദിശാബോധത്തോടെ പ്രസ്ഥാനത്തെ നയിക്കുന്നതിന് നിയുക്തരായ യൂണിറ്റ്, മേഖലാ, രൂപതാ നേതാക്കളുടെ സംഗമങ്ങൾ 'ത്രിവേണി-2012' എന്ന പേരിൽ വിവിധ മേഖലകളിൽ നടത്തപ്പെടുന്നു. മേഖലാ പ്രസിഡന്റുമാരും സെക്രട്ടറിമാരും സംഗമം നടക്കുന്ന സ്ഥലം മുൻകൂട്ടി നിശ്ചയിച്ച് യൂണിറ്റ് ഭാരവാഹികളെയും രൂപതാ ഓഫീസിലും അറിയിക്കുമല്ലൊ. പുതിയ വർഷത്തെ

പ്രവർത്തന വിഷയത്തെക്കുറിച്ചുള്ള ചർച്ചയും 'വഴി-2012' വിശകല നവും അന്നേദിവസം നടത്തപ്പെടുന്നതാണ്. വിവിധ മേഖലകളിൽ ത്രിവേണി-2012 ന്റെ തീയതി താഴെ കാണിച്ചിരിക്കുന്നു.
(സമയം 2-30 p.m. 4.30 p.m.)

ജനുവരി 29 - മാനന്തവാടി, പയ്യമ്പള്ളി, കല്ലോടി
ഫെബ്രുവരി 5 - തരിയോട്, കൽപ്പറ്റ
ഫെബ്രുവരി 12 - നടവയൽ, പുൽപ്പള്ളി
ഫെബ്രുവരി 19 - കൊട്ടിയൂർ, ബത്തേരി

### 'YOUCAT' നേതൃസംഗമം - ഫെബ്രുവരി 25

നവസുവിശേഷ വൽക്കരണത്തിനായി ലോകത്തെ ആഹ്വാനം ചെയ്യുന്ന ബനഡിക്ട് 16-ാമൻ മാർപ്പാപ്പ ആ ദൗത്യം യുവജനങ്ങളെ ഭരമേൽപ്പിച്ചിരിക്കുന്നു. മാനന്തവാടി രൂപതയിലെ യുവജനസഭ നവ സുവിശേഷവൽക്കരണത്തിന്റെയും വിശ്വാസ വർഷത്തിന്റെയും ഉത്തര വാദിത്വം പേറി പുതിയ പ്രവർത്തന വർഷത്തിന്റെ ഉദ്ഘാടനത്തിനായി ഒരുമിച്ച് ചേരുന്നു. ഫെബ്രുവരി 25-ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ യൂണിറ്റ്, മേഖലാ, രൂപതാ ഭാരവാഹികളും എല്ലാ യൂണിറ്റ്, മേഖല ഡയറക്ടേഴ്സും, ആനിമേറ്റേഴ്സും നേതൃസംഗമത്തിൽ പങ്കെടുക്കു മല്ലോ. 9.30 ന് പതാക ഉയർത്തലോടെ ആരംഭിക്കുന്ന നേതൃസംഗമ ത്തിൽ 2012 ലെ കർമ്മപദ്ധതി 'വഴി-2012' പ്രകാശനം ചെയ്യപ്പെടുന്നു. എല്ലാവരേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

### രൂപതാ പ്രവർത്തകഫണ്ട് സ്വരൂപണം

കെ.സി.വൈ.എം. രൂപതാ പ്രവർത്തകഫണ്ട് സ്വരൂപിക്കുന്നതി നായി ഒരു സ്ക്രാച്ച് കൂപ്പൺ പുറത്തിറക്കുകയും എല്ലാ യൂണിറ്റുക ളിലും വിതരണം ചെയ്യുകയും ചെയ്തിരുന്നു. ഇനിയും തിരിച്ച് ഏൽപ്പി ക്കാത്ത യൂണിറ്റുകൾ എത്രയും വേഗം തുക രൂപതാ ഓഫീസിൽ തിരി ച്ചേൽപ്പിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

### കുറുമ്പാലക്കോട്ട കെ.സി.വൈ.എം. യൂണിറ്റ് ആരംഭിച്ചു

2012 പ്രവർത്തന വർഷാരംഭത്തിൽ തന്നെ പുതിയതായി ജന്മംകൊണ്ട കുറുമ്പാലക്കോട്ട കെ.സി.വൈ.എം. യൂണിറ്റിന് രൂപതാ സമിതിയുടെ ആശംസകൾ. കെ.സി.വൈ.എം. യൂണിറ്റ് രൂപീകരണത്തിന് നേതൃത്വം നൽകി വേണ്ട ക്രമീകരണങ്ങൾ ചെയ്ത ഇടവക വികാരി റവ.ഫാ. ജോസഫ് പരുവുമ്മേലിന് രൂപതാ സമിതിയുടെ ഹൃദ്യമായ നന്ദി. ജനുവരി 5-ന് നടന്ന യൂണിറ്റ് ഉദ്ഘാടനത്തിന് രൂപതാ ജനറൽ സെക്രട്ടറി അനീഷ് ഓമക്കര നേതൃത്വം നൽകി. പുതിയ യൂണിറ്റ് ഭാരവാഹികൾക്ക് പ്രവർത്തന വീഥിയിൽ എല്ലാവിധ വിജയങ്ങളും നേരുന്നു.

## യൂണിറ്റ് വാർത്തകൾ - പുതിയിടംകുന്ന് യൂണിറ്റ്

പുതിയിടംകുന്ന് യൂണിറ്റിന്റെ 2012 വർഷത്തേക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുത്തു.

പ്രസിഡന്റ് - ജോഷി ഓണിശ്ശേരിൽ, വൈസ് പ്രസിഡന്റ് - ലിറ്റി വെണ്ടർമ്യാലിൽ, സെക്രട്ടറി - റോഷിൻ മാത്യു ഇഞ്ചപ്ലാക്കൽ, ജോയിന്റ് സെക്രട്ടറി - ജോമിഷ അറക്കൽ, ട്രഷറർ - ഷാറ്റിൻ ചക്കാലക്കുടിയിൽ, മേഖലാ സെനറ്റ് മെമ്പർമാർ - അനൂപ് ചക്കാലക്കുടിയിൽ, നിൻസി ഇല്ലിമൂട്ടിൽ.

ദ്വാരകയിൽ വച്ചുനടന്ന കല്ലോടിമേഖലാ ഇലക്ഷൻ സെനറ്റിൽ യൂണിറ്റിൽ നിന്നും ജെസ്റ്റിൻ ചെഞ്ചട്ടയിലിനെ മേഖലാ പ്രസിഡണ്ടായും, ലിറ്റി വെണ്ടർമ്യാലിലിനെ രൂപതാ സെനറ്റ് മെമ്പറായും തിരഞ്ഞെടുത്തു.

ആകുലരാകാതെ ദൈവപരിപാലനയിൽ ആശ്രയിക്കുക എന്ന ദൈവവചന സന്ദേശത്തെ ആസ്പദമാക്കി 'മുല്ലപ്പെരിയാറിൽ ഉണ്ണി യേശു' എന്ന ആശയം വിളിച്ചോതുന്ന പുൽക്കൂടൊരുക്കി യുവജനങ്ങൾ ക്രിസ്മസ് വിസ്മയമാക്കി.

വാർഡ് അടിസ്ഥാനത്തിൽ നടന്ന ക്രിസ്തുമസ് ട്രീ മത്സരത്തിലും കരോൾ പിരിവിലും മറ്റുമത്സര പരിപാടികളിലും യുവജനങ്ങൾ സജീവമായിരുന്നു.

'യുവഗാഥ-2011' രൂപതാ വാർഷികത്തിൽ യൂണിറ്റിൽ നിന്നും 20 ഓളം പേർ പങ്കെടുത്തു. ഈ സമ്മേളനത്തിൽ വച്ച് പുതിയിടംകുന്ന് യൂണിറ്റിനെ കെ.സി.വൈ.എം. മാനന്തവാടി രൂപതയിലെ ഏറ്റവും മികച്ച യൂണിറ്റായും ജെസ്റ്റിൻ ചെഞ്ചട്ടയിലിനെ മികച്ച യൂണിറ്റ് പ്രവർത്തകനായും തിരഞ്ഞെടുത്തു. കൂടാതെ കെ.സി.വൈ.എം. പുതിയിടംകുന്ന് യൂണിറ്റ് യോഗത്തിൽ വച്ച് വർഗ്ഗയുവജന സംഘടനകൾ ക്രിസ്തുവിന്റെ ചിത്രം ക്രിസ്തീയ മതവികാരം വ്രണപ്പെടുത്തുന്ന രീതിയിൽ പോസ്റ്ററുകളിലും ബാനറുകളിലും മറ്റും നിരീശ്വരവാദികൾക്കൊപ്പം ഉപയോഗിക്കുന്നതിനെതിരെ ശക്തമായി അപലപിച്ച് പ്രമേയം പാസാക്കി.

## ഒലിവുമല യൂണിറ്റ്

രൂപതാ വാർഷികമായ 'യുവഗാഥ-2011' ൽ യൂണിറ്റിൽ നിന്നും 18 അംഗങ്ങൾ പങ്കെടുത്തു. യൂണിറ്റിൽ ജനുവരി 1-ാം തീയതി പുതുവത്സര ആഘോഷം നടത്തി. എല്ലാ അംഗങ്ങളും സജീവമായി പങ്കെടുത്തു. ഒലിവുമല പ്രദേശത്തേയ്ക്ക് എത്തുന്നതിനുള്ള പ്രധാന റോഡായ ചുണ്ടേൽ-ഒലിവുമല റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കണം എന്നാവശ്യപ്പെട്ട് പത്രമാധ്യമങ്ങളിൽ വാർത്ത നൽകി.

നിറഞ്ഞ സ്നേഹത്തോടെ,

**അനീഷ് ഓമക്കര**

ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹത്തിനൊരുക്കമായുള്ള കോഴ്സുകൾ**

ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് ഡിസംബർ 28 മുതൽ 31 വരെ നടന്ന കോഴ്സിൽ 97 പേരും, ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് ജനുവരി 08 മുതൽ 11 വരെ നടന്ന കോഴ്സിൽ 95 പേരും, ജനുവരി 20 മുതൽ 23 വരെ നടന്ന കോഴ്സിൽ 98 പേരും പങ്കെടുത്തു. കോഴ്സുകളുടെ വിജയത്തിനായി യത്നിച്ച എല്ലാ വൈദികരെയും കുടുംബ പ്രേഷിതത്വടീം അംഗങ്ങളെയും നന്ദിപൂർവ്വം സ്മരിക്കുന്നു.

**അടുത്ത മാസങ്ങളിലെ കോഴ്സുകൾ**

| | | | |
|---|---|---|---|
| ഫെബ്രുവരി | 17–20 | – | പാസ്റ്ററൽ സെന്റർ ദ്വാരക |
| മാർച്ച് | 04–07 | – | പാസ്റ്ററൽ സെന്റർ ദ്വാരക |
| മാർച്ച് | 16–19 | – | പാസ്റ്ററൽ സെന്റർ മണിമൂളി |

**പ്രത്യേക ശ്രദ്ധയ്ക്ക്**

മാർച്ച് 16 തുടങ്ങി 19 വരെ മണിമൂളി പാസ്റ്ററൽ സെന്ററിൽ നടക്കുന്ന കോഴ്സിനെക്കുറിച്ച് മണിമൂളി, നിലമ്പൂർ, നീലഗിരി പ്രദേശങ്ങളിലെ ഇടവകകളിൽ നേരത്തെ തന്നെ വിളിച്ചു പറയുമല്ലോ. ഈ പ്രദേശങ്ങളിൽ കോഴ്സ് കൂടാൻ ആഗ്രഹിക്കുന്നവരോട് 16–19 ന്റെ കോഴ്സിൽ സംബന്ധിക്കുവാൻ ഓർമ്മിപ്പിക്കുമല്ലോ.

**ആദാരഞ്ജലികൾ**

കഴിഞ്ഞ വർഷങ്ങളിൽ രൂപതാ കുടുംബപ്രേഷിതത്വത്തിന്റെ കീഴിലുള്ള മരിയൻ സിംഗിൾസിന്റെ ആനിമേറ്ററായിരുന്ന സി. പോൾമരിയായുടെ (പോളമ്മ) വേർപാടിൽ രൂപതാ കുടുംബപ്രേഷിതത്വത്തിന്റെ കീഴിലുള്ള എല്ലാ സംഘടനയുടെയും പ്രാർത്ഥനയും, ആദാരഞ്ജലികളും അർപ്പിക്കുന്നു.

**അഭിനന്ദനങ്ങൾ.....ആശംസങ്ങൾ**

ഡൽഹിയിൽ റിപ്പബ്ലിക് ദിന ആഘോഷത്തിൽ പങ്കെടുക്കാൻ പോയ മാതൃസംഘടനയുടെ രൂപതാ പ്രസിഡണ്ട് ശ്രീമതി മോളി കരിമ്പനാക്കുഴി, വാഴവറ്റ ഇടവകയിലെ ശ്രീമതി റോസമ്മ മണിക്കുറ്റി ഇവർക്ക് രൂപതാ കുടുംബപ്രേഷിതത്വത്തിന്റെ പ്രത്യേക അഭിനന്ദനങ്ങൾ... പ്രാർത്ഥനകൾ ....

## കത്തോലിക്ക മാതൃസംഘടന

ജനുവരി 07 ന് മാതൃസംഘടനയുടെയും, വനിതാ കമ്മീഷന്റെയും സംയുക്ത എക്സിക്യൂട്ടീവ് ദ്വാരകപാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെട്ടു. രൂപതാ ഡയറക്ടർ ബഹു. ഡെന്നിസച്ചന്റെയും, ബഹു. ബിനുഅച്ചന്റെയും നേതൃത്വത്തിൽ പ്രാർത്ഥനയോടെ ആരംഭിച്ചു. പ്രസി. മോളി സ്വാഗതമാശംസിക്കുകയും തുടർന്ന് വാർഷികത്തിന്റെ റിപ്പോർട്ട് അവതരണവും നടത്തി. തുടർന്ന് നടന്ന ചർച്ചയിൽ ഈ വർഷം നടത്തേണ്ട വനിതാ സംഗമ ക്ലാസിനെക്കുറിച്ചും, കഴിഞ്ഞ വാർഷികത്തെക്കുറിച്ചുള്ള വിലയിരുത്തലും നടത്തി. ശ്രീമതി ഷീജ നന്ദിയർപ്പിച്ചു. വനിതാ കമ്മീഷൻ സെക്രട്ടറി ജിഷ പറയിടത്തിന്റെ പരേതനായ ഭർത്താവ് ഷൈബിയെ അനുസ്മരിക്കുകയും ഒപ്പീസ് ചൊല്ലി കാഴ്ചവെയ്ക്കുകയും ചെയ്തു. അടുത്ത രൂപതാ എക്സിക്യൂട്ടീവ് ഫെബ്രുവരി 15 ന് 10 മണിക്ക്.

**നിലമ്പൂർ ഫൊറോന**

ഡിസംബർ 10 ന് നിലമ്പൂർ ഫൊറോനയിലെ എല്ലാ ഇടവകയിലെയും തിരഞ്ഞെടുക്കപ്പെട്ട എല്ലാ ദമ്പതികൾക്കുമായി ഒരു സെമിനാർ നടത്തി. 113 പേർ പങ്കെടുത്തു. ഡോ.സുരേഷ് കുമാർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ക്ലാസ്സുകൾ വളരെ സജീവമായിരുന്നു. ഉച്ചഭക്ഷണത്തോടെ സെമിനാർ സമാപിച്ചു.

**കാവുംമന്ദം യൂണിറ്റ്**

വികാരിയച്ചന്റെയും, ആനിമേറ്ററിന്റെയും നേതൃത്വത്തിൽ യൂണിറ്റിൽ മാതൃസംഘടനയുടെ വാർഷികം ആഘോഷിച്ചു. പ്രാർത്ഥനയോടെ ആരംഭിച്ച പരിപാടിയിൽ ആദ്യം 10 വാർഡുകളിൽ നിന്നുമുള്ള കരോൾഗാനമത്സരമായിരുന്നു. തുടർന്ന് കായികമത്സരങ്ങളും നടത്തി. വിജയികൾക്ക് ബഹു.റെജിയച്ചൻ സമ്മാനങ്ങൾ വിതരണം ചെയ്തു. 100-ൽ അധികം അമ്മമാർ പങ്കെടുത്തു. കഴിഞ്ഞ 12 മാസങ്ങളിൽ കൃത്യമായി നടത്തിയിരുന്ന ബൈബിൾക്വിസിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടിയ അമ്മമാർക്ക് ഇടവക തലത്തിലും വാർഡുതലത്തിലും സമ്മാനങ്ങൾ നൽകി. ഏറ്റവുംകൂടുതൽ പോയിന്റ് നേടിയ വാർഡുകൾക്കും സമ്മാനങ്ങൾ കൊടുത്തു.

**ബത്തേരി യൂണിറ്റ്**

ഡിസംബർ 10 ന് മേഖലാ ഡയറക്ടർ ജോണിയച്ചന്റെ നേതൃത്വത്തിൽ മേഖല സെമിനാർ ആരംഭിച്ചു. മേഖല ആനിമേറ്റർ സി. ബനിഞ്ഞ എല്ലാവർക്കും സ്വാഗതം പറഞ്ഞു. ഫൊറോന വികാരി റവ.ഫാ. സ്റ്റീഫൻ കോട്ടയക്കൽ സെമിനാർ ഉൽഘാടനം ചെയ്യുകയും സാഹിത്യമത്സരങ്ങൾക്ക് മേഖലയിൽ സമ്മാനം കിട്ടിയവർക്ക് സമ്മാനം നൽകുകയും ചെയ്തു. സി. സൂസി അമ്മമാരുടെ ഉത്തരവാദിത്വത്തെകുറിച്ചും വ്യക്തിത്വ വികസനത്തെകുറിച്ചും ക്ലാസ്സെടുത്തു. ഒരു മണിക്കൂർ ആരാധനയും ഉണ്ടായിരുന്നു.മേഖലയിലെ എല്ലാ ശാഖകളിലും നിന്ന് അമ്മമാർ പങ്കെടുത്തു. ഫോറോന വനിത കമ്മീഷൻ സെക്രട്ടറി ചിന്നമ്മ റാത്തപ്പിള്ളി എല്ലാവർക്കും നന്ദി പറഞ്ഞു.

**മുള്ളൻകൊല്ലി യൂണിറ്റ്**

ഡിസം 27 ന് സീതാമൗണ്ട് ഇടവകയിൽ വെച്ച് ക്രിസ്തുമസ്സ് ആഘോഷം നടത്തി. സമ്മേളനത്തിൽ പ്രസി. സെലിൻ ഫ്രാൻസിസ് അദ്ധ്യക്ഷയായിരുന്നു. മേഖലാ ഡയറക്ടർ ഫാ.ജോണി കുന്നത്ത് ക്രിസ്തുമസ്സ് സന്ദേശം നൽകി. കരോൾഗാന മത്സര വിജയികൾക്കും, സാഹിത്യമത്സര വിജയികൾക്കും സമ്മാനദാനം നടത്തി. സി. അർച്ചന ഏവർക്കും നന്ദി പറഞ്ഞു.

**പയ്യമ്പള്ളി ഫൊറോന**

ഡിസംബർ 22 ന് മാതൃസംഘടനയുടെ വാർഷികവും, ക്രിസ്തുമസ്സ് ആഘോഷവും കാട്ടിക്കുളം ഇടവകയിൽ വെച്ച് നടത്തപ്പെട്ടു.105 അംഗങ്ങൾ പങ്കെടുത്തു. ജപമാലയോടെ ആരംഭിച്ചു. രൂപതാ ഡയറക്ടർ ബഹു. ഡെന്നീസച്ചൻ വി. ബലിയർപ്പിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു. തുടർന്ന് സി. മേരിയുടെ ബോധവത്കരണ ക്ലാസും, കരോൾഗാന മത്സരവും നടത്തി. പൊതു സമ്മേളനത്തിൽ മേഖലാ ഡയറക്ടർ റവ. ഫാ. ചാക്കോച്ചൻ വാഴക്കാലായിൽ സ്വാഗതം ആശംസിച്ചു. രൂപതാ ഡയറക്ടർ ബഹു. ഡെന്നീസച്ചൻ ഉൽഘാടന കർമ്മം നിർവ്വഹിച്ചു. സെക്രട്ടറി ഫിലോ 2011-ലെ പ്രവർത്തന റിപ്പോർട്ടും, ട്രഷറർ സെലിൻ കാട്ടിക്കുളം കണക്കും അവതരിപ്പിച്ചു. പ്രസിഡന്റ് മോളി ആശംസകൾ നേർന്നു. സാഹിത്യമത്സര വിജയികൾക്കും, ലോഗോസിന് മേഖലയിൽ കുടുതൽ മാർക്കുനേടിയവർക്കും കരോൾ ഗാനത്തിൽ സമ്മാനങ്ങൾ നേടിയ ആറാട്ടുതറ, കാട്ടിക്കുളം, ഒണ്ടയങ്ങാടി എന്നീ യൂണിറ്റുകൾക്കും വ്യക്തിഗതചാമ്പ്യൻഷിപ്പ് നേടിയ ഫിലോ ചേലയ്ക്കലിനും ബഹു. ജോസഫ് നെച്ചിക്കാട്ടച്ചനും, ബഹു. ഡെന്നീസച്ചനും സമ്മാനങ്ങൾ വിതരണം ചെയ്തു. വാർഷികത്തിൽ പങ്കെടുത്ത് വിജയിപ്പിച്ചവർക്കും പ്രത്യേകമായി മേഖലക്കു വേണ്ടി എല്ലാ ക്രമീകരണങ്ങളും ചെയ്ത വികാരിയച്ചനും, മറ്റെല്ലാവർക്കും മേഖല ആനിമേറ്റർ നന്ദിയർപ്പിച്ചു. വാർഷികത്തോടനുബന്ധിച്ച് മേഖലാ തലത്തിൽ 2500 രൂപ അഗതി മന്ദിരത്തിന് സംഭാവന നൽകി.

**ഏലപ്പീടിക യൂണിറ്റ്**

ബഹു. സജി കൊച്ചുപാറയച്ചന്റെ നേതൃത്വത്തിൽ യൂണിറ്റിൽ മീറ്റിംഗ് നടത്തി. റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. കഴിഞ്ഞ മാസത്തെ പ്രവർത്തനങ്ങൾ വിലയിരുത്തി. പുതിയ തീരുമാനങ്ങൾ എടുത്തു. പ്രേഷിതവർഷാചരണത്തിന്റെ ഭാഗമായും ക്രിസ്റ്റീൻ ധ്യാനത്തിന്റെ വിജയത്തിനായി അമ്മമാരുടെ നേതൃത്വത്തിൽ രാവിലെ 9 മുതൽ 4 വരെ മദ്ധ്യസ്ഥപ്രാർത്ഥന നടത്തി. ഫണ്ട് ശേഖരണാർത്ഥം അമ്മമാരുടെ നേതൃത്വത്തിൽ കുറിനടത്തുന്നു.

**നെടുമ്പാല യൂണിറ്റ്**

വാർഡ് വാർഷികങ്ങൾ നടത്തി അവയ്ക്ക് നേതൃത്വം വഹിക്കുവാനും കലാപരിപാടികളൊക്കെ ആസൂത്രണം ചെയ്യുവാനും അമ്മമാർ സജീവമായി സഹകരിച്ചു. എല്ലാ ദിവസവും പള്ളിയിൽ വന്ന അമ്മമാർക്ക് സമ്മാനങ്ങൾ കൊടുത്തു. പള്ളി നിർമ്മാണത്തോടനുബന്ധിച്ച് അടിച്ചിറക്കിയ സമ്മാന കൂപ്പൺ വിറ്റഴിക്കുന്നതിനായി സഹായിക്കുന്നു.

**ചൂരൽമല യൂണിറ്റ്**

ഡിസംബറിൽ എല്ലാ വെള്ളിയാഴ്ചകളിലും ഉച്ചഭക്ഷണം ഉപേക്ഷിച്ച് സ്വരൂപിച്ച രൂപയിൽനിന്നും ഡിസംബർ 11-ന് 15 അമ്മാർ ക്യാൻസർ രോഗി യായ മുല്ലയ്ക്കൽ ഓമനയ്ക്ക് 1000 രൂപ നൽകി. ഈ മാസം 16 ന് ദേവാല യത്തിൽ സംഘടിപ്പിച്ച ജാഗരണപ്രാർത്ഥനയിൽ ഇടവകയിലെ അമ്മമാർ വളരെ നന്നായി സഹകരിച്ചു.

**ദ്വാരക യൂണിറ്റ്**

പ്രേഷിതവർഷം പ്രമാണിച്ച് ദ്വാരകയൂണിറ്റ് ഭാരവാഹികൾ ഡിസംബർ 16 ന് വികാരിയച്ചന്റെയും, ആനിമേറ്ററിന്റെയും നേതൃത്വത്തിൽ മണ്ഡ്യ മിഷൻ സന്ദർശിക്കുകയും അവരെകുറിച്ച് കൂടുതൽ മനസ്സിലാക്കുകയും ചെയ്തു.

**കൊളവയൽ യൂണിറ്റ്**

**പുതിയ ഭാരവാഹികൾ**

ഡയറക്ടർ - റവ.ഫാ.തോമസ് മണ്ണൂർ, ആനിമേറ്റർ - സി. ജാന്റി മരിയ സി. എം.സി, പ്രസിഡന്റെ - ശ്രീമതി ബിജി നെല്ലിക്കുന്നേൽ, സെക്രട്ടറി - ശ്രീമതി ലിസ്സി വിലങ്ങുപ്പാറ, ട്രഷറർ - ശ്രീമതി അന്നക്കുട്ടി പാറേപ്പറമ്പിൽ, കൗൺസിലേഴ്സ് - ശ്രീമതി ട്രീസാ പിണ്ടിപ്പുഴ, ശ്രീമതി ഗ്രേസി മനയത്ത്, ശ്രീമതി ഷില്ലി മനയത്ത്.

നവംബർ 11 ന് ബഹു. വിജിൽ കിഴക്കേക്കാട്ടിൽ അച്ചൻ ദിവ്യബലി യർപ്പിച്ച് സന്ദേശം നൽകി. തുടർന്ന് ഇടവകയിലെ 75 വയസിനു മുകളിൽ പ്രായമുള്ള 6 അമ്മമാരെ പുതുതായി വിവാഹം കഴിച്ച യുവതികൾ ഷാൾ പുതപ്പിച്ച് ആദരിച്ചു. ബഹു.പോൾ തോപ്പിൽ സാർ കുടുംബനവീകരണ ത്തിൽ അമ്മമാരുടെ പങ്കിനെക്കുറിച്ച് ക്ലാസ്സ് എടുത്തു. അമ്മമാർ തന്നെ തയ്യാറാക്കികൊണ്ടുവന്ന ഭക്ഷണത്തിനു ശേഷം മത്സര പരിപാടികൾ നട ത്തി. വിജയികളായവർക്ക് ബഹു.വികാരിയച്ചൻ സമ്മാനങ്ങൾ നൽകി. കൈക്കാരന്മാരുടെയും കമ്മറ്റിക്കാരുടെയും സഹകരണവും ഉണ്ടായിരുന്നു.

**മുണ്ടേരി യൂണിറ്റ്**

ഇടവകയിൽ ലോഗോസ്ക്വിസ് പരീക്ഷയിൽ പങ്കെടുത്ത മാതൃസം ഘടനയിലെ എല്ലാ അമ്മമാർക്കും പ്രോത്സാഹന സമ്മാനം ബഹു. ബിനോയി കാശാംകുറ്റിയച്ചൻ വിതരണം ചെയ്തു. പാവപ്പെട്ട 2 കുടുംബ ങ്ങൾക്ക് ക്രസ്തുമസ്സിന് 1000 രൂപ നൽകി സഹായിച്ചു, രോഗീ സന്ദർശനം നടത്തി. പുതിയ ദേവാലയനിർമ്മാണത്തിന് പൊതുപണിചെയ്തു സഹാ യിച്ചു.

**മരിയൻ സിംഗിൾസ്**

19 ന് ബഹു. ഡയറക്ടറിന്റെയും, സി. മരീനയുടെയും നേതൃത്വ ത്തിൽ ഏകസ്ഥ കൂട്ടായ്മ നടന്നു. അന്നേ ദിവസം പോളമ്മയ്ക്ക് വേണ്ടി ദിവ്യബലി അർപ്പിക്കുകയും സിമിത്തേരിയിൽ ഒപ്പീസ് നടത്തി പ്രാർത്ഥിക്കു കയും ചെയ്തു. 15 പേർ പങ്കെടുത്തു. അടുത്ത മീറ്റിംഗ് ഫെബ്രുവരി 14-ന് 10 മണിക്ക്.

**ഫാ. ഡെന്നീസ് കഴുതാടിയിൽ** - ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സിയോൻ വാർത്തകൾ

2012 ജനുവരി 6 ആദ്യവെള്ളി സോണൽ മീറ്റിംഗിനായി 81 ശുശ്രൂഷകർ സിയോൻ ചാപ്പലിൽ ഒന്നിച്ചുചേർന്നു. 9.30 ന് ജപമാലയും 10 ന് കുരിശിന്റെ വഴിയും നടത്തി പ്രാർത്ഥിച്ചു. 11.30 ന് ശ്രീ. ആന്റണി പള്ളത്ത് വചനം പങ്കുവച്ച് ക്ലാസ് എടുത്തു. 12 മണിക്ക് സിയോന്റെ മുൻ ഡയറക്ടർ ബഹു. സെബാസ്റ്റ്യൻ പാറയിൽ അച്ചനും ബഹു. അഗസ്റ്റിൻ താന്നിയിൽ അച്ചനും ഒരുമിച്ച് വി.ബലി അർപ്പിച്ചു. ബഹു. അഗസ്റ്റിൻ അച്ചൻ കഴിഞ്ഞ 7 വർഷക്കാലം സീയോനെ നയിച്ച ബഹു. പാറയിൽ അച്ചന് നന്ദിയും ആശംസകളും അർപ്പിച്ചു. ബഹു. പാറയിൽ അച്ചൻ ശുശ്രൂഷകർക്ക് സഹകരണത്തിനും പ്രാർത്ഥനയ്ക്കും എല്ലാം നന്ദി പറഞ്ഞു.

വി.ബലിക്കുശേഷം ഗ്രൂപ്പിനായി ലഭിച്ച സന്ദേശം സുഭാ.16/1-7 ബഹു. അഗസ്റ്റിനച്ചൻ വ്യാഖ്യാനിച്ചുതന്നു. ഒരു ശുശ്രൂഷകന്റെ ലക്ഷ്യം സ്വന്തം സന്തോഷമല്ല സ്വർഗ്ഗത്തിന്റെ സന്തോഷമാണ്. നമ്മുടെ ആരോഗ്യമോ സമയമോ നോക്കാതെ ശുശ്രൂഷചെയ്യണം. തുടർന്ന് സിയോൻ ശുശ്രൂഷകർക്കായുള്ള നിർദ്ദേശങ്ങൾ തന്നു. 3.30 ന് മീറ്റിംഗ് അവസാനിച്ചു. തുടർന്ന് 6.30 വരെയുള്ള സമയം എൽഡറിംഗിനും ആദ്യശനി ഒരുക്കങ്ങൾക്കുമായി വിനിയോഗിച്ചു.

**ജാഗരണപ്രാർത്ഥന**

6.30 ന് ജപമാല ശ്രീമതി മറിയാമ്മ മുപ്രാപ്പള്ളിൽ നയിച്ചു. 7.p.m. ന് ബഹു. സെബാസ്റ്റ്യൻ പാറയിൽ അച്ചൻ വി.ബലി അർപ്പിച്ചു. വചനം പങ്കുവച്ചു. ദിവ്യബലിക്കും അത്താഴത്തിനും ശേഷം കുരിശിന്റെ വഴി ഓരോ സ്ഥലത്തിനും നിയോഗം വച്ച് സമർപ്പിച്ച് നടത്തി. ബഹു. അഗസ്റ്റിൻ താന്നിയിൽ അച്ചനാണ് 12 മണിവരെയുള്ള ആരാധന നയിച്ചത്. മ്യൂസിക് ടീം ഭക്തിനിർഭരമായ ഗാനങ്ങൾ ആലപിച്ചു. ഗ്രൂപ്പിനായി ലഭിച്ച സന്ദേശങ്ങൾ അറിയിച്ചു. 12-ന് പ്രാർത്ഥന അവസാനിപ്പിച്ച് എല്ലാവരും വിശ്രമത്തിനായി പോയി.

**ആദ്യശനി ഏകദിനകൺവെൻഷൻ**

പ്രഭാതത്തിലുണർന്ന് 6 a.m. ന് തന്നെ ശുശ്രൂഷകർ പരി.അമ്മയുടെ സന്നിധിയിൽ അണഞ്ഞു. സിയോനു ചുറ്റും നടന്ന് അർപ്പിച്ച ജപമാല പരിശുദ്ധ അമ്മയുടെ തിരുസ്വരൂപവും വഹിച്ചുകൊണ്ടായിരുന്നു. ബഹു. അച്ചൻ വചനസന്ദേശം നൽകി. വി.ജലം തളിച്ച് ശുശ്രൂഷകരേയും ഹാളിനേയും വിശുദ്ധീകരിച്ചു. ഒരുക്കശുശ്രൂഷയ്ക്കും പ്രഭാതഭക്ഷണത്തിനും ശേഷം 8.30-ന് സ്റ്റേജിൽ ശുശ്രൂഷകൾ ആരംഭിച്ചു. പ്രഭാതപ്രാർത്ഥന, ജപമാല, സ്തുതിആരാധന എന്നിവ പതിവുപോലെ നടത്തി. 11 മണിക്ക് ബഹു. സാബു കുമ്പുക്കൽ അച്ചൻ വി.കുർബാനയെപ്പറ്റി വിശദമായി വചനബദ്ധമായി ക്ലാസ് എടുത്തു. 12 മണിക്ക് അഭിവന്ദ്യ തൂങ്കുഴി പിതാവും ബഹു. അഗസ്റ്റിൻ താന്നിയിൽ അച്ചനും ബഹു. സെബാസ്റ്റ്യൻ പാറയിൽ അച്ചനും ഒരുമിച്ച് സമൂഹബലി അർപ്പിച്ചു. അഭിവന്ദ്യ തൂങ്കുഴി പിതാവ് വചനം പങ്കുവച്ചു. ബലിമദ്ധ്യേ ബഹു. പാറയിൽ അച്ചൻ തന്റെ വിടവാങ്ങൽ പ്രഭാഷണം നടത്തി. ബഹു. താന്നിയിൽ അച്ചൻ ആശംസകൾ അർപ്പിച്ചു. സിയോൻ കോ-ഓർഡിനേറ്റർ ശ്രീ. ബേബി മൂത്തേടം, ബഹു.പാറയിൽ അച്ചന് നന്ദിയർപ്പിച്ച് സംസാരിച്ചു. ദിവ്യബലിക്കുശേഷം ലഘുഭക്ഷണം, അനുഭവസാക്ഷ്യങ്ങൾ ഇവയായിരുന്നു. തുടർന്ന് ദിവ്യകാരുണ്യആരാധന, സൗഖ്യആരാധന, ദിവ്യകാരുണ്യ പ്രദക്ഷിണം എന്നിവ ഏറ്റവും അനുഭവപരമായിരുന്നു. ഈശോ വരുന്ന വഴിയിൽ കുട്ടികൾ പൂക്കൾ വിതറി. ഇന്നത്തെ കൺവെൻഷൻ ദിവ്യകാരുണ്യ ആരാധന സന്യാസിനി സഭാ സ്ഥാപകനായ അഭിവന്ദ്യ മാർ കുര്യാളശ്ശേരി പിതാവിന്റെ ധന്യപദവിലബ്ദി അനുസ്മരിച്ച് SABS സിസ്റ്റേഴ്സാണ് ബലിപീഠവും ഹോളും സ്റ്റേജും എല്ലാം കമനീയമായി അലങ്കരിച്ചതും മറ്റ് ക്രമീകണങ്ങൾ ചെയ്തതും. കുമ്പസാരത്തിനായി ധാരാളം ബഹു. വൈദികർ കടന്നുവന്നു. എല്ലാ ശുശ്രൂഷകളിലും ബഹു. വൈദികരുടെ സാന്നിദ്ധ്യവും പ്രാർത്ഥനയും അനുഗ്രഹമായി. കൗൺസിലിംഗിനും സൗകര്യമൊരുക്കി. 3.30 ന് ശുശ്രൂഷകൾ അവസാനിച്ചു. അനുഗ്രഹം ഏറ്റുവാങ്ങി ജനം ദൈവസ്തുതിപാടി ഭവനങ്ങളിലേയ്ക്ക് മടങ്ങി.

**രണ്ടാംശനി ശുശ്രൂഷകൾ 14-1-2012**

ദമ്പതീകൂട്ടായ്മ - 10 മണിക്ക് ജപമാല ആരംഭിച്ചു. ശ്രീമതി മേരി പേര്യക്കോട്ടിൽ നേതൃത്വം നൽകി. 11 മണിക്ക് ബഹു.ജേക്കബ് മുണ്ടക്കൽ കുടുംബജീവിതത്തെക്കുറിച്ച് ക്ലാസെടുത്തു. ജീവിതപങ്കാളിയുടെ കുറവുകൾ അവഗണിച്ച് നന്മകൾ കണ്ടെത്താൻ ശ്രമിക്കണം എന്നും പങ്കാളിയുടെ കുറവുകൾ നികത്താനുള്ള കഴിവ് ഓരോ വ്യക്തിക്കും നൽകിയിട്ടുണ്ട്, കുടുംബത്തിലുള്ള ഓരോ വ്യക്തിയേയും അംഗീകരിച്ച് സ്നേഹിക്കണം. ദൈവഹിതപ്രകാരമുള്ള സഹനങ്ങൾ നമ്മുടെ നന്മക്കായി ഭവിക്കും എന്നും ബഹു. അച്ചൻ അനുസ്മരിപ്പിച്ചു. ഉച്ചഭക്ഷണത്തിനുശേഷം ഗ്രൂപ്പ് ഷെയറിംഗും ആരാ

ധനയും നടത്തി. ഗാനശുശ്രൂഷയ്ക്ക് സി. ലിന്റ FCC നേതൃത്വം നൽകി. കൂട്ടായ്മയിൽ 30 പേർ പങ്കെടുത്തു.

**കൗൺസിലിംഗ് ദിനം**

കൗൺസിലേഴ്സ് തലേരാത്രി പ്രാർത്ഥിച്ച് ഒരുങ്ങി. 40 പേർ വന്ന് കൗൺസിലിംഗ് നടത്തിപോയി.

**മൂന്നാംവെള്ളി – 20–1–2012 – സൗഖ്യദിനം ജാഗരണപ്രാർത്ഥന**

10 മണിക്ക് കുരിശിന്റെ വഴി ആരംഭിച്ചു. തുടർന്ന് ദിവ്യകാരുണ്യ ആരാധന, സ്തുതിപ്പ് എന്നിവ നടത്തി. ശ്രീ. ചാക്കോച്ചൻ പുത്തൻപുര പ്രാർത്ഥന നയിച്ചു. ബഹു.താന്നിയിൽ അച്ചൻ സൗഖ്യപ്രാർത്ഥന നടത്തി. 12.15 ന് വി.കുർബാന അർപ്പിച്ചു. വലിയ സൗഖ്യാനുഭവം നൽകി ഈശോ അനുഗ്രഹിച്ചു. 6.pm മുതൽ ജാഗരണ പ്രാർത്ഥന ആരംഭിച്ചു. വെളുപ്പിന് അഞ്ചുമണിയോടുകൂടി അവസാനിച്ചു. ജാഗരിച്ചു പ്രാർത്ഥിച്ച മക്കളെയും സിയോനേയും തമ്പുരാൻ ശക്തിപ്പെടുത്തി അനുഗ്രഹങ്ങളാൽ നിറച്ചു.

**സിയോൻ ഫെബ്രുവരി മാസത്തിൽ**

| | | |
|---|---|---|
| ഫെബ്രു. 3 ആദ്യവെള്ളി | - | സോണൽ മീറ്റിംഗ്, ജാഗരണ പ്രാർത്ഥന |
| 4 ആദ്യശനി | - | ഏകദിന കൺവെൻഷൻ,<br>ക്രിസ്റ്റീൻ കൺവെൻഷൻ, കൗൺസിലിംഗ് |
| 11 രണ്ടാംശനി | - | യുവജന കൂട്ടായ്മ, ദമ്പതീകൂട്ടായ്മ<br>കൗൺസിലിംഗ് |
| 17 മൂന്നാംവെള്ളി | - | സൗഖ്യദിനം, ജാഗരണപ്രാർത്ഥന |
| 24 നാലാം വെള്ളി | - | ജാഗരണപ്രാർത്ഥന (സുവിശേഷമുന്നണി) |

**ഫാ. അഗസ്റ്റിൻ താന്നിയിൽ**
സിയോൻ ഡയറക്ടർ

## ജീസസ് യൂത്ത്, ക്രിസ്റ്റീൻ

**1) Jesus Youth-Family Gathering**

2011 ഡിസംബർ 26-ന് മാനന്തവാടി രൂപതയിലെ ജീസസ് യൂത്ത് ലീഡേഴ്സിന്റെ കുടുംബാംഗങ്ങൾ ദ്വാരക, സിയോൻ ചാപ്പലിൽ ഒരുമിച്ചു കൂടി. ജീസസ് യൂത്ത് ഡയറക്ടർ റവ.ഫാ. മനോജ് കാക്കോനാൽ, സി. സാൽവിൻ SKD, സി.റ്റീന S.H, സി. അനിജ CMC, ജീസസ് യൂത്ത് കോ-ഓർഡിനേറ്റർ ജോബി ജോസ് കൈതമന എന്നിവരുടെ സജീവസാന്നിദ്ധ്യത്തിൽ നടത്തിയ കുടുംബകൂട്ടായ്മ രാവിലെ 10 മണിക്ക് ജപമാലയോടുകൂടെ ആരംഭിച്ചു. ദിവ്യബലിക്കും ദിവ്യകാരുണ്യ ആരാധനയ്ക്കും വചനം പങ്കുവെയ്ക്കപ്പെട്ട നിമിഷങ്ങൾക്കുമൊപ്പം കുടുംബാംഗങ്ങൾക്ക് പരസ്പരം പരിചയപ്പെടുവാനുള്ള അവസരവും ഒരുക്കിയിരുന്നു. ഉച്ചഭക്ഷണത്തോടെ പരിപാടി അവസാനിച്ചു.

**2)** ഡിസംബർ 27,28,29 തീയതികളിൽ സെന്റ് ജോസഫ്സ് ചർച്ച്, നെയ്കുപ്പയിൽവെച്ച് ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ ക്രിസ്റ്റീൻ ധ്യാനം നടത്തി. ഇടവകയിലെ 50 ഓളം കുട്ടികൾ ധ്യാനത്തിൽ പങ്കെടുത്തു. റവ.ഫാ. മനോജ് കാക്കോനാൽ, സി.അനിജ സി.എം.സി., സി.സാൽവിൻ SKD, കുമാരി ജെസ്ന ജോസ് കുറിച്യാത്ത് എന്നിവർ ക്ലാസുകൾ നയിച്ചു.

**3)** 2011 ഡിസംബർ 30 മുതൽ 2012 ജനുവരി 1 വരെ സെന്റ് തോമസ് ചർച്ച്, ആറാട്ടുതറയിൽവെച്ച് ഇടവകയിലെ 80 കുട്ടികൾ പങ്കെടുത്ത ക്രിസ്റ്റീൻ ധ്യാനം നടത്തി. റവ.ഫാ.മനോജ് കാക്കോനാൽ, റവ.ഫാ. മനോജ് കറുത്തേടത്ത്, സി.റ്റീന SH, സി. അനിജ CMC, സി. സാൽവിൻ SKD, ബ്ര. നിധീഷ് തലച്ചിറ എന്നിവർ ക്ലാസുകൾ നയിച്ചു. ജീസസ് യൂത്ത് ടീം അംഗങ്ങൾ ധ്യാനത്തിന് നേതൃത്വം നൽകി.

**4)** 2012 ജനുവരി 7-ാം തീയതി ദ്വാരക, സിയോൻ ചാപ്പലിൽവെച്ച് കുട്ടികൾക്കായുള്ള ക്രിസ്റ്റീൻ പ്രോഗ്രാം നടത്തി. 50 കുട്ടികൾ പങ്കെടുത്തു. ജീസസ് യൂത്ത് ലീഡേഴ്സ് പരിപാടിക്ക് നേതൃത്വം നൽകി.

**5) Jesus Youth Campus Retreat - Follow up**

2011 ഒക്ടോബർ 4 മുതൽ 9 വരെ ദ്വാരക, സിയോൻ ധ്യാനകേന്ദ്രത്തിൽ വെച്ച് 'Deep in Christ' എന്ന പേരിൽ നടത്തിയിരുന്ന Jesus Youth Campus Retreat ന്റെ Follow-up ദ്വാരക, സിയോൻ ചാപ്പലിൽ വെച്ച് ജനുവരി 13,14 തീയതികളിലായി നടത്തി. 50 യുവജനങ്ങൾ പരിപാടിയിൽ പങ്കെടുത്തു. റവ.ഫാ. സെബാസ്റ്റ്യൻ പാറയിൽ, റവ.ഫാ. മനോജ് കാക്കോനാൽ, ബൈജു ജോസ് കൊച്ചുകുടിയിൽ എന്നിവർ ക്ലാസുകൾ നയിച്ചു. റവ.ഫാ. മനോജ് കറുത്തേടത്ത് ദിവ്യബലിയർപ്പിച്ചു.

ഡയറക്ടർ

**ഫാ. മനോജ് കാക്കോനാൽ**

**ഫാ. മാത്യു കറുത്തേടത്ത്**

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

കർത്താവിനാൽ സ്നേഹിക്കപ്പെടുന്ന പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളേ,

തിരുനാളുകളുടെ ആഘോഷത്തിരക്കിനിടയിൽ നമ്മുടെ ഉത്തരവാദിത്വങ്ങളും, പരസ്നേഹപ്രവർത്തനങ്ങളും മറക്കാതെ ഉത്സാഹപൂർവ്വം പ്രവർത്തനപന്ഥാവിൽ ഉണ്ടാകണമെന്ന് എല്ലാ വിൻസെൻഷ്യൻ അംഗങ്ങളോടും സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. ഈ മാസം 20 ന് വലിയ നോമ്പ് (50 നോമ്പ്) ആരംഭിക്കുകയാണല്ലോ. നമ്മുടെ കർത്താവിന്റെ പീഢാസഹനങ്ങളെ ഓർക്കുന്ന ഈ അവസരത്തിൽ പാവങ്ങളോടും, ദുരിതമനുഭവിക്കുന്നവരോടുമുള്ള നമ്മുടെ സമീപനം, യേശുനാഥന്റെ പ്രബോധനങ്ങൾക്കും, നമ്മുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. വിൻസെന്റിന്റെ പ്രവർത്തനശൈലിയ്ക്കും അനുസൃതമാകുവാൻ എല്ലാവരും ശ്രദ്ധിക്കുക. ഈ നോമ്പുകാലത്ത് നമ്മുടെ സമ്പത്തിന്റെയും, സമയത്തിന്റെയും ഒരോഹരി പാവങ്ങൾക്കും, രോഗികൾക്കും, ആലംബഹീനർക്കും വേണ്ടി മാറ്റിവയ്ക്കണമെന്ന് എല്ലാവരേയും പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

**കേരളാ റീജണൽ വാർത്തകൾ**

കേരളാ റീജണൽ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ 2012 മാർച്ച് 10-ന് കോഴിക്കോട് വച്ച് ഒരു നേതൃത്വ പരിശീലന പരിപാടി നടക്കുന്നു. ആയതിലേയ്ക്ക് ഓരോ എ.സി. യിൽ നിന്നും ഒരു വനിതാ പ്രതിനിധിയേയും, ഒരു യുവജന പ്രതിനിധിയേയും നിർബന്ധമായും പങ്കെടുപ്പിക്കേണ്ടതാണ്. പങ്കെടുക്കുന്നവരുടെ ലിസ്റ്റ് എ.സി. തലത്തിൽ തീരുമാനിച്ച് പേരും, അഡ്രസ്സും, ഫോൺനമ്പർ സഹിതം 25-2-12 ന് മുമ്പ് സി.സി. ഓഫീസിൽ രേഖാമൂലവും, സി.സി. പ്രസിഡണ്ടിനെ ഫോണിലും അറിയിക്കേണ്ടതാണ്.

**ഓസ്സാനാംഭവൻ സന്ദർശനം**

നമ്മുടെ സംഘടനയുടെ സംഭാവനകളും, പ്രവർത്തനങ്ങളുംകൊണ്ട് മാത്രം നടക്കുന്ന ഓസ്സാനാംഭവൻ സന്ദർശനത്തിന് രൂപതാ ബുള്ളറ്റിനിലൂടെ നിർദ്ദേശിക്കുന്ന ദിവസങ്ങളിലോ/അതേമാസംതന്നെയെങ്കിലും എല്ലാ കോൺഫ്രൻസുകാരും സന്ദർശിച്ച് സംഭാവനകൾ നൽകുകയും, അന്തേ

വാസികളെ ശുശ്രൂഷിക്കുകയും ചെയ്യേണ്ടതാണ്. ഇക്കാര്യത്തിൽ എ.സി. പ്രസിഡണ്ടുമാർ പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**സ്കോളർഷിപ്പ്**

നമ്മുടെ സി.സി. ക്ക് വിവിധ ഇനങ്ങളിലായി 45 സ്കോളർഷിപ്പുകൾ നാഷണൽ കൗൺസിൽ 2011-12 വർഷത്തേക്ക് അനുവദിച്ചിട്ടുണ്ട്. അവയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു. സ്കോളർഷിപ്പ് തുക നാഷണൽ കൗൺസിലിൽ നിന്ന് ലഭിക്കുന്ന മുറയ്ക്ക് 2012 മാർച്ച് 31 ന് മുമ്പ് വിതരണം നടത്തുന്നതാണ്.

**HES: (1) (RS.4000+1000)**

1. ജോക്കിൻസ് ജോൺസൺ സെന്റ് മേരീസ് പുഴമുടി

**TTS: (14) (RS. 2700+300)**

1. അമൃത സ്റ്റീഫൻ - സെന്റ് മേരീസ്, നടവയൽ
2. ഷിജി വർക്കി - സെന്റ് മരിയ ഗൊരേത്തി, കല്ലോടി
3. ദിൽഷാ ജോൺ - സെന്റ് മേരീസ്, ചുണ്ടക്കര
4. അനു പ്രിയ തോമസ് - സെന്റ് സെബാസ്റ്റ്യൻസ്, വിളമ്പുകണ്ടം
5. മെൽബി പോൾ - സെന്റ് തെരേസ, പാൽച്ചുരം
6. ജിൻസി ജോൺ - സെന്റ് അൽഫോൻസ, ദീപ്തിഗിരി
7. ജസ്ന. പി. കെ. - സെന്റ് ജോസഫ്, കുറുമ്പാല
8. ജിൻസി ജെയിംസ് - സെന്റ് ജോസഫ്സ്, അപ്പപാറ
9. ടീനാ. പി.ടി. - ബ്ല. മദർ തെരേസ
10. ജിത്തു തോമസ് - ലിറ്റിൽ ഫ്ളവർ, ചെറുകാട്ടൂർ
11. അരുൺ. ഇ. യൂ. - ക്രൈസ്റ്റ് കിംഗ്, പുതുശ്ശേരിക്കടവ്
12. സോഫി മാത്യു - സെന്റ് അൽഫോൻസ, ദ്വാരക
13. സാന്ദ്രാ സേവ്യർ - സെന്റ് ഫ്രാൻസിസ് അസ്സിസി, മഞ്ഞൂറ
14. ആതിര ഷാജി - സെന്റ് ജോസഫ്സ്, ബാലുശ്ശേരി

**AAS: (RS.2325+300)**

1. മഞ്ജുഷ സി. എസ്. - സെന്റ് ജോസഫ്സ്, കല്ലുവയൽ
2. അനുമോൾ ജേക്കബ് - സെന്റ് മേരീസ്, കല്ലുവയൽ
3. ഹർഷ തങ്കച്ചൻ - സെന്റ് ജോർജ്ജ്, ചുള്ളിയാന
4. ജെസ്ന. കെ. യൂ. - സെന്റ് ജോർജ്ജ്, കല്ലോടി
5. ജെൻസി ജോൺ - മേരി മാതാ, കബനിഗിരി
6. നീതു മാത്യു - സെന്റ് അൽഫോൻസ, ചുള്ളിയാന
7. റ്റിന്റു ജോസഫ് - സെന്റ് ആഗ്നസ്, മുള്ളൻകൊല്ലി
8. ജെസ്ന. ടി ജോൺ - സെന്റ് മേരീസ്, ഒണ്ടയങ്ങാടി
9. സ്റ്റെഫിൻ പോൾ - സെന്റ് ജോസഫ്സ്, (ജൂനിയർ) കല്ലോടി
10. അഞ്ജു തോമസ് - സെന്റ് ജോസഫ്സ്, സീതാമൗണ്ട്
11. രഞ്ചി ജോസഫ് - സെന്റ് അൽഫോൻസ, ഒറ്റപ്ലാവ്
12. ലിൻജാ ജോർജ്ജ് - സെന്റ് സെബാസ്റ്റ്യൻസ്, കേണിച്ചിറ

13. ആര്യാ ഷാജി - സെന്റ് മേരീസ്, മുള്ളൻകൊല്ലി
14. സിബിൻ അബ്രാഹം - സെന്റ് ഫ്രാൻസീസ് അസ്സീസി മീനങ്ങാടി
15. ചിഞ്ചു. സി. ജെ - ലിറ്റിൽ ഫ്ളവർ, മുതിരേരി

**V.T.S: (RS. 1350+150)**

1. ഷിമിൽ ജോസ് - സെന്റ് മേരീസ്, കേണിച്ചിറ
2. അഞ്ചു വർഗ്ഗീസ് - സെന്റ് ജോസഫ്സ്, ചുണ്ടക്കര
3. നിബിൻ മാത്യു - സെന്റ് മേരീസ്, കണിയാമ്പറ്റ
4. നീതു ഫിലിപ്പ് - സെന്റ് തോമസ്, അരിഞ്ചേർമല
5. സ്റ്റീൻലിയ ജോർജ്ജ് - സെന്റ് സെബാസ്റ്റ്യൻസ്, കൊട്ടിയൂർ
6. ജിബിൻ കെ. സി. - ക്രൈസ്റ്റ് കിംഗ്
7. ബെൻസി. പി. ബി - സെന്റ് സെബാസ്റ്റ്യൻസ്, ആടിക്കൊല്ലി
8. ആന്റോസ്. കെ. ഡി. - വിമല, ചെന്നലോട്
9. അനു തോമസ് - സെന്റ് തോമസ്, തരിയോട്
10. റാണി. ഏ. ടി - സെന്റ് മേരീസ്, ബത്തേരി
11. ജിൽനാ സാബു - സെന്റ് മേരീസ്, വാളവയൽ
12. ജീനാ ജോൺ - മേരി മാതാ, ശിശുമല
13. ടെസ്‌ലി ജോർജ്ജ് - സെന്റ് തെരേസാ, കൊമ്മയാട്
14. ജെനിമോൾ തങ്കച്ചൻ - സെന്റ് ജോസഫ്സ്, മരക്കടവ്
15. സജന സേവ്യർ - ക്രൈസ്റ്റ് കിംഗ്, കരണി

**ഓസ്സാനാംഭവൻ സന്ദർശനം**

**കുറുമ്പാല, മാനന്തവാടി എ.സികൾ**

1. സെന്റ് സെബാസ്റ്റ്യൻസ്, വിളമ്പുകണ്ടം - 15-2-12
2. സെന്റ് മേരീസ്, കുറുമ്പാല - 18-2-12
3. സെന്റ് ജോസഫ്സ്, കുറുമ്പാല - 20-2-12
4. വാ. മദർ തെരേസാ, മംഗളം - 23-2-12
5. സെന്റ് അൽഫോൻസാ, പുതുശ്ശേരിക്കടവ് - 25-2-12
6. ക്രിസ്തുരാജ, പുതുശ്ശേരിക്കടവ് - 27-2-12
7. സെന്റ് മേരീസ്, ആലാറ്റിൽ - 29-2-12
8. സെന്റ് ഫിലോമിനാ, ആലാറ്റിൽ - 2-3-12
9. ലിറ്റിൽ ഫ്ളവർ, മുതിരേരി - 4-3-12
10. ലിറ്റിൽ ഫ്ളവർ, പുതിയിടം - 7-3-12
11. മൗണ്ട് കാർമ്മൽ, തലപ്പുഴ - 10-3-12
12. ലിറ്റിൽ ഫ്ളവർ, മാനന്തവാടി - 13-3-12
13. വാ. മദർ തെരേസ, വിമലനഗർ - 16-3-12

എല്ലാവർക്കും നല്ല ഒരു നോമ്പുകാലം ആശംസിച്ചുകൊണ്ട്,

**ബ്രദർ എം.സി. തോമസ് മാങ്ങൻ**
(സി.സി. പ്രസിഡന്റ്)

# കെ.സി.ബി.സി. മദ്യവിരുദ്ധസമിതി

**മദ്യവിരുദ്ധ പ്രചരണ വാഹന ജാഥ**

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി ചുങ്കക്കുന്ന് യൂണിറ്റിന്റെ നേതൃത്വത്തിൽ 2012 ജനുവരി 7 ന് ചുങ്കക്കുന്ന് ഇടവകാതിർത്തിക്കുള്ളിൽ മദ്യവിരുദ്ധ പ്രചരണ വാഹനജാഥ നടത്തി. രാവിലെ 10 മണിക്ക് ഇരട്ടത്തോട് വെച്ച് ഇടവക വികാരി ബഹു. ഫാ. തോമസ് ചേറ്റാനി വാഹന ജാഥ ഉദ്ഘാടനം ചെയ്തു. അനേകം വാഹനങ്ങളുടെ അകമ്പടിയോടെ ഇടവകയുടെ പ്രധാന കേന്ദ്രങ്ങളായ പൊയ്യാമല, മീശക്കവല, കോലാഞ്ചി, സ്നേഹതീരം, ഒറ്റപ്ലാവ്, ഒറ്റപ്ലാവ് ഭജനമഠം കവല, പള്ളിയറ, വേങ്ങലോടി കിഴക്ക്, വേങ്ങലോടി പടിഞ്ഞാറ്, പൊട്ടൻതോട് – ഒന്നാംപാലം, മാടത്തുംകാവ് എന്നിവിടങ്ങളിൽ പ്രചരണപരിപാടികൾ നടത്തി. കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി ചുങ്കക്കുന്ന് ഇടവക യൂണിറ്റ് പ്രസിഡന്റ് ശ്രീ. സ്റ്റാനി തട്ടാപറമ്പിൽ ജാഥാ ക്യാപ്റ്റനായിരുന്നു. രൂപതാ പ്രസിഡണ്ട് ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ, സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ. പി. എ. ജെയിസ് എന്നിവർ വിവിധ കേന്ദ്രങ്ങളിൽ മദ്യവിരുദ്ധ സന്ദേശം നൽകി. ഇടവക, മേഖല ഭാരവാഹികളായ ശ്രീ.ജോസഫ് കോച്ചേരി, ശ്രീ. ജോണി കണിയാപറമ്പിൽ, ശ്രീ. ആന്റണി വെട്ടത്ത്, ജോസ് മണ്ഡപത്തിൽ, ശ്രീ. ജോയി കൈപ്പകശ്ശേരി, ടോം ഉള്ളോപ്പള്ളിൽ, ശ്രീമതി വത്സമ്മ തട്ടാപറമ്പിൽ, ബിന്ദു കൈപ്പകശ്ശേരി, മിനി കണിയാപറമ്പിൽ, ഷിബു താന്നിക്കൽ എന്നിവർ വിവിധ കേന്ദ്രങ്ങളിൽ ആശംസകളർപ്പിക്കുകയും ജാഥയ്ക്ക് നേതൃത്വം നൽകുകയും ചെയ്തു.

**മദ്യവിരുദ്ധ റാലിയും പൊതുസമ്മേളനവും**

കെ.സി.ബി.സി. മദ്യവിരുദ്ധസമിതി ചുങ്കക്കുന്ന് ഇടവകയുടെ നേതൃത്വത്തിൽ വാഹന പ്രചരണ ജാഥയോടനുബന്ധിച്ച് വൈകുന്നേരം 4 മണിക്ക് ദേവാലയാങ്കണത്തിൽ നിന്ന് ചുങ്കക്കുന്ന് ടൗണിലേക്ക് മദ്യ

വിരുദ്ധ റാലി നടത്തി. നൂറുകണക്കിന് ആളുകൾ റാലിയിൽ പങ്കാളികളായി. റാലിക്കുശേഷം ചുങ്കക്കുന്ന് ടൗണിൽ ചേർന്ന മദ്യവിരുദ്ധ പൊതുയോഗം തലശ്ശേരി റീജണൽ ഡയറക്ടർ റവ. ഫാ. തോമസ് തൈത്തോട്ടം ഉദ്ഘാടനം ചെയ്തു. ഇടവക വികാരി റവ. ഫാ. തോമസ് ചേറ്റാനി അദ്ധ്യക്ഷത വഹിച്ചു. പഞ്ചായത്ത് പ്രസിഡന്റ് മദ്യവിരുദ്ധ പ്രതിജ്ഞ ചൊല്ലി. ജനപ്രതിനിധികൾ, സാമൂഹ്യപ്രവർത്തകർ, മേഖല ഇടവക യൂണിറ്റ് ഭാരവാഹികൾ, മദ്യവിരുദ്ധ സമിതി സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ. പി. എ. ജെയിംസ് എന്നിവർ പ്രസംഗിച്ചു.

ഇടവകയുടെ നേതൃത്വത്തിൽ വമ്പിച്ച മദ്യവിരുദ്ധ മുന്നേറ്റത്തിന് നേതൃത്വം നൽകിയ ഇടവക വികാരി റവ. ഫാ. തോമസ് ചേറ്റാനി, അസി. വികാരി ഫാ. സിജോ ഇടക്കുടി, യൂണിറ്റ് പ്രസിഡന്റ് ശ്രീ. സ്റ്റാനി എന്നിവരെ വളരെ ആത്മാർത്ഥമായി രൂപതാ സമിതി അനുമോദിക്കുകയും നന്ദി അറിയിക്കുകയും ചെയ്യുന്നു.

**സംസ്ഥാന സമ്മേളനം**

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി സംസ്ഥാന സമ്മേളനം ജനുവരി 27, 28 തീയതികളിൽ കോഴിക്കോട് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി നഗറിൽ നടക്കും. മദ്യവിമുക്തരുടെ കൂട്ടായ്മ, പ്രതിനിധി സമ്മേളനം, പതാക, ഛായാചിത്ര, ജ്വാല പ്രയാണങ്ങൾ, കലാസന്ധ്യ, റാലി, പൊതുസമ്മേളനം എന്നിവ ഉണ്ടായിരിക്കും.

**മദ്യവിരുദ്ധ ഞായർ**

മദ്യവിരുദ്ധ കമ്മീഷന്റെ ആഹ്വാനപ്രകാരം ജനുവരി 29 മദ്യവിരുദ്ധ ഞായറായി ആചരിച്ചുവെന്നും അന്നേദിവസം ഇടവക തലത്തിൽ പ്രത്യേക കർമ്മപരിപാടികൾ ആസൂത്രണം ചെയ്തുവെന്നും കരുതുന്നു.

**അമ്പായത്തോട് യൂണിറ്റ്**

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിക്ക് അമ്പായത്തോട് ഇടവകയിൽ യൂണിറ്റ് സ്ഥാപിതമായി. ഇടവക വികാരി ബഹു. ജോസ് കുളിരാനിയച്ചന്റെ നേതൃത്വത്തിൽ ജനുവരി 5 ന് വൈകുന്നേരം ചേർന്ന യോഗത്തിലാണ് രൂപീകരണം. മേഖല മദ്യവിരുദ്ധ ഭാരവാഹികൾ നേതൃത്വം നൽകി.

**മോചന: ലഹരി വിരുദ്ധ സെമിനാറുകൾ**

**അയ്യൻകൊല്ലി**

അയ്യൻകൊല്ലി ഓർത്തഡോക്സ് ചർച്ചിന്റെ നേതൃത്വത്തിൽ നീലഗിരി മേഖലയിലെ വിവിധ ദേവാലയങ്ങളിലെ യുവജന പ്രതിനിധികൾക്കായി ഏകദിന സെമിനാർ നടത്തി. മേഖല പ്രസിഡന്റ് ഫാ. അതിരമ്പുഴ സെമിനാർ ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ്

ജോൺസൺ തൊഴുത്തുങ്കൽ, ശ്രീമതി ഗ്രേസി ജേക്കബ് എന്നിവർ ക്ലാസുകൾ നയിച്ചു.

**മരക്കടവ്**

N.S.S. പെരിക്കല്ലൂർ യൂണിറ്റിന്റെ വാർഷിക സപ്തദിന ക്യാമ്പിന്റെ ഭാഗമായി മരക്കടവ് ഗവ. എൽ.പി. സ്കൂളിൽ N.S.S. ക്യാമ്പ് അംഗങ്ങൾക്കായി ലഹരി വിരുദ്ധ സെമിനാർ നടത്തി. രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ ക്ലാസുകൾ നയിച്ചു.

**പെരിക്കല്ലൂർ**

N.S.S. ഹയർ സെക്കണ്ടറി സ്കൂൾ പൂതാടിയിലെ N.S.S. യൂണിറ്റിന്റെ വാർഷിക സപ്തദിന ക്യാമ്പിന്റെ ഭാഗമായി പെരിക്കല്ലൂർ ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ വെച്ച് നടന്ന ക്യാമ്പിൽ ലഹരിവിരുദ്ധ സെമിനാർ നടത്തി. രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ നേതൃത്വം നൽകി.

**സംസ്ഥാന വാർഷിക പ്രചരണം**

സംസ്ഥാന വാർഷികത്തോടനുബന്ധിച്ച് എല്ലാ ഇടവകകളിലേയ്ക്കും പോസ്റ്റർ, നോട്ടീസ്, സർക്കുലർ എന്നിവ നൽകി. മതബോധന പ്രധാനാദ്ധ്യാപക യോഗത്തിൽ ഇവ വിതരണം ചെയ്തു. ഹെഡ്മാസ്റ്റർമാർക്കും ബഹു. രൂപതാ ഡയറക്ടർ ബെന്നി മുതിരക്കാലാ അച്ചനും പ്രത്യേകം നന്ദി.

സംസ്ഥാന വാർഷിക പ്രചരണത്തിന്റെ ഭാഗമായി വയനാടിന്റെ വിവിധ പ്രദേശങ്ങളിൽ പോസ്റ്റർ പ്രചരണം നടത്തി. ബാനറുകൾ സ്ഥാപിക്കുകയും ചെയ്തു. ശ്രീ. ബേബി പേടപ്പാട്ട്, ടോമി എൻ. യു, പി.എ. ജെയിംസ്, ജോൺസൺ തൊഴുത്തുങ്കൽ എന്നിവർ നേതൃത്വം നൽകി.

**അനുശോചനങ്ങൾ**

കത്തോലിക്കാ കോൺഗ്രസ് രൂപതാ പ്രസിഡന്റ് ശ്രീ. അഡ്വ. ജോയി വാറുണ്ണിയുടെ നിര്യാണത്തിലും രൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയും, CML അന്തർദേശീയ പ്രസിഡന്റുമായ ശ്രീ. തോമസ് ഏറണാട്ട് സാറിന്റെ മാതാവിന്റെ നിര്യാണത്തിലും രൂപതാ സമിതി അനുശോചനം രേഖപ്പെടുത്തുന്നു.

**അഭിനന്ദനങ്ങൾ**

നടവയൽ സെന്റ് തോമസ് ഹൈസ്കൂളിന്റെ പ്രധാനാദ്ധ്യാപകനായി നിയമിതനായ കെ.സി.ബി.സി. മദ്യവിരുദ്ധസമിതി രൂപതാ സെക്രട്ടറി ശ്രീ. ടോമി എൻ.യു. സാറിന് രൂപതാസമിതിയുടെ പ്രാർത്ഥനാശംസകൾ. പ്രവർത്തന മേഖലകളിൽ വിജയങ്ങൾ ആശംസിക്കുന്നു.

**KCYM രൂപതാ നേതൃത്വം**

KCYM മാനന്തവാടി രൂപതയുടെ 2012 വർഷത്തെ പുതു നേതൃത്വത്തിന് പ്രാർത്ഥനാശംസകൾ. മദ്യവിരുദ്ധ പ്രവർത്തന രംഗത്ത് കൂടുതൽ സജീവമാകുവാൻ KCYM ന് സാധിക്കട്ടെ.

**CML ന് അഭിനന്ദനങ്ങൾ**

മദ്യവിമുക്ത ക്രിസ്തുമസ് എന്ന സന്ദേശവുമായി മാനന്തവാടി ടൗണിൽ ഏറെ ജനശ്രദ്ധ ആകർഷിച്ച മദ്യവിരുദ്ധ സന്ധ്യ സംഘടിപ്പിച്ച CML മാനന്തവാടി രൂപതാ നേതൃത്വത്തിന് പ്രത്യേക അഭിനന്ദനങ്ങൾ. 3 കൊച്ചുകുട്ടികൾ പൊതുജനങ്ങൾക്ക് മുമ്പിൽ മദ്യവിരുദ്ധ സന്ദേശം നൽകിയത് കേൾവിക്കാരെ വല്ലാതെ സ്വാധീനിച്ചു. ഡയറക്ടർക്കും രൂപതാ നേതൃത്വത്തിനും അഭിനന്ദനങ്ങൾ.

**ജോൺസൺ തൊഴുത്തുങ്കൽ**
രൂപതാ പ്രസിഡന്റ്

---

# ജയിൽ മിനിസ്ട്രി



ക്രിസ്തുമസിനോടനുബന്ധിച്ചുള്ള ജയിൽ സന്ദർശനത്തിന് 2011 ഡിസംബർ 18 ന് വൈത്തിരി സബ് ജയിലിൽ വന്നത് മുതിരേരി പള്ളിയിൽ നിന്നും ബഹു. ജോണി പെരുമാട്ടിക്കുന്നേൽ അച്ചന്റെ നേതൃത്വത്തിലുള്ള മിഷൻലീഗ് അംഗങ്ങളായിരുന്നു. തടവറയിലുള്ളവർക്ക് ക്രിസ്മസ്സ്, പുതുവത്സര ആശംസകൾ നേർന്നുകൊണ്ടും ക്രിസ്തുമസ് കേക്ക് മുറിച്ച് വിതരണം ചെയ്തും കരോൾ ഗാനങ്ങൾ പാടിയും തടവറ മക്കളുടെ കലാവിഭവങ്ങളിൽ പങ്കുചേർന്നും സന്ദർശനം ഗംഭീരമാക്കി. വൈത്തിരി സെന്റ് മേരീസ് പള്ളിയിലെ ഗായകസംഘത്തിന്റെ കരോൾഗാനവും ഉണ്ടായിരുന്നു. സന്ദർശനത്തിന് നേതൃത്വം കൊടുത്ത ബഹു. ജോണിയച്ചനും, സിസ്റ്റേഴ്സിനും, മതാദ്ധ്യാപകർക്കും മാനന്തവാടി രൂപത ജയിൽ മിനിസ്ട്രിയുടെ നന്ദി അറിയിക്കുന്നു.

2011 ഡിസംബർ 24 ന് വൈത്തിരി സബ്ജയിലിൽ നടന്ന ജയിൽദിനാഘോഷത്തിൽ മാനന്തവാടി രൂപത Jesus Fraternity യുടെ സാന്നിധ്യം ശ്രദ്ധേയമായി. ആശംസകൾ നേർന്നും സമ്മേളനത്തിൽ പങ്കെടുത്തും ജയിൽ ദിനാഘോഷത്തിൽ പങ്കുചേർന്നു.

**ഫാ. ബിനു പൈനുങ്കൽ** – ഡയറക്ടർ

# സാമൂഹ്യ സേവനരംഗം (WSSS)

**ഓട്ടോറിക്ഷ സ്വയംതൊഴിൽ പദ്ധതി ഉദ്ഘാടനം**

സ്ത്രീ ശാക്തീകരണ സംരഭകത്വ വികസന പദ്ധതിയുടെ ഭാഗമായി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി, മാനന്തവാടി ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകൾ, കാത്തലിക് സിറിയൻ ബാങ്ക്, എഫ്. വി. റ്റി. ആർ. എസ് ബാംഗ്ലൂർ എന്നീ പ്രസ്ഥാനങ്ങളുടെ സംയുക്ത സംരംഭമായി മാനന്തവാടി ബ്ലോക്കിൽപ്പെട്ട 10 വനിതകൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് ഓട്ടോറിക്ഷ ഡ്രൈവിംഗ് പരിശീലനം, വാഹനം വാങ്ങുന്നതിനുള്ള വായ്പ എന്നിവ ക്രമീകരിച്ചു നൽകുകയും, മാനന്തവാടി ബ്ലോക്ക് വനിത വികസന പദ്ധതി പ്രകാരം സംരംഭത്തിന് ഗ്രാന്റ് ലഭ്യമാക്കുകയും ചെയ്തു. പ്രസ്തുത പദ്ധതിയുടെ ഉദ്ഘാടനം WSSS ഓഫീസ് ഓഡിറ്റോറിയത്തിൽ വച്ച് വയനാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ. എൽ. പൗലോസ് നിർവ്വഹിച്ചു. തദവസരത്തിൽ മാനന്തവാടി ബ്ലോക്ക് പ്രസിഡന്റ് സി. അബ്ദുൾ അഷറഫ് മുഖ്യ സന്ദേശം നൽകി. മാനന്തവാടി രൂപത വികാരി ജനറാൾ മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ അദ്ധ്യക്ഷത വഹിച്ചു. ബ്ലോക്ക് വൈസ് പ്രസിഡന്റ് മാർഗരറ്റ് തോമസ് വികസന സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ ബിജു എം. ജി. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഗ്ലാഡിസ് ചെറിയാൻ, ഗ്രാമപഞ്ചായത്ത് മെമ്പർ സിൽവി തോമസ്, കാത്തലിക് സിറിയൻ ബാങ്ക് മാനേജർ ഡേവിസ് തോട്ടാൻ എന്നിവർ ആശംസകൾ നേർന്നു. WSSS ജോയിന്റ് ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ സ്വാഗതവും പ്രോഗ്രാം ഓഫീസർ ഒ. പി. അബ്രാഹം നന്ദിയും രേഖപ്പെടുത്തി.

**WSSS - NABARD - UPNRM പദ്ധതി**

WSSS നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന മെഗാ പ്രോജക്ടായ UMBRELLA PROGRAMME ON NATURAL RESOURSE MANAGEMENT (UPNRM) ന്റെ ഭാഗമായി ഭുവനേശ്വറിൽ സംഘടിപ്പിച്ച 4 ദിവസ പരിശീലന പരിപാടിയിൽ WSSS ഡയറക്ടർ റവ. ഫാ. ജോൺ ചൂരപ്പുഴയിൽ പങ്കെടുത്തു. 10000 കർഷകരിലേയ്ക്ക് ജൈവ കൃഷി സർട്ടിഫിക്കേഷൻ പദ്ധതി വ്യാപിപ്പിക്കുക, ജൈവ ഉൽപന്നങ്ങളുടെ സംസ്കരണത്തിനായി പ്രോസസിംഗ് സെന്റർ സ്ഥാപിക്കുക, ജൈവ ഉല്പ

ന്നങ്ങളുടെ സംഭരണം, സംസ്കരണം, മൂല്യവർദ്ധനവ്, വിപണനം എന്നിവ കാര്യക്ഷമമാക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് UPNRM പദ്ധതി നടപ്പിലാക്കുന്നത്.

**പ്രവർത്തന ഗവേഷണം**

പനമരം ഗ്രാമപഞ്ചായത്തിൽ നടത്തിവരുന്ന പ്രവർത്തന ഗവേഷണവുമായി ബന്ധപ്പെട്ട് ജില്ലാതല ശില്പശാല നടത്തി. ശ്രേയസ് ബത്തേരിയും WSSS ഉം സംയുക്തമായി WSSS ൽ വച്ച് നടത്തിയ ശില്പശാല തൊഴിലിനുവേണ്ടിയുള്ള ആദിവാസികളുടെ കുടിയേറ്റത്തിന്റെ വിവിധ വശങ്ങൾ ചർച്ച ചെയ്തു. വയനാട് ജില്ലാ സബ്കളക്ടർ ശ്രീ. എസ് ഹരികിഷോർ IAS ശില്പശാല ഉദ്ഘാടനം ചെയ്തു. ശ്രേയസ് എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജോർജ്ജ് വെട്ടിക്കാട്ടിൽ മുഖ്യപ്രഭാഷണം നടത്തി. റവ. ഫാ. ജോൺ ചൂരപ്പുഴയിൽ അദ്ധ്യക്ഷത വഹിച്ചു. പനമരം ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ ശ്രീ. ജയൻ ആശംസകളർപ്പിച്ചു. ആശാവർക്കർ, സാക്ഷരതാ പ്രവർത്തകർ, സന്നദ്ധ പ്രവർത്തകർ, രാഷ്ട്രീയ പ്രവർത്തകർ, ആദിവാസികൾ, ഗവേഷണ ടീം അംഗങ്ങൾ എന്നിവർ പങ്കെടുത്തു. റിട്ട. ടി.ഡി.ഓ. ശ്രീ. ഇ.ജി. ജോസഫ് ചർച്ചയിൽ മോഡറേറ്ററായിരുന്നു. ഒ. പി. അബ്രാഹം വിഷയാവതരണം നടത്തി. ശശികുമാർ, ബൈജു ജോസഫ് എന്നിവർ സംസാരിച്ചു. പ്രവർത്തന ഗവേഷണത്തിന്റെ സർവ്വേ വിശകലനവും പഠനങ്ങളും നടന്നുവരുന്നു.

**FVTRS പദ്ധതി**

FVTRS പദ്ധതിയുടെ ഭാഗമായി മാനന്തവാടി WSSS ൽ വച്ച് നടത്തിവന്ന Textile Printing and Fabric Painting പരിശീലന ക്ലാസുകൾ പൂർത്തീകരിച്ചു.

## National Conference & Partners Meet

FVTRS, ഡിസംബർ 15, 16, 17 തീയതികളിൽ കൽക്കട്ടയിൽ വച്ച് നടത്തിയ National Conference ലും National Partners Meet ലും WSSS പ്രൊജക്ട് കോർഡിനേറ്റർ അനൂപ് വർഗ്ഗീസ് പങ്കെടുത്തു.

**SAVE A FAMILY PLAN പദ്ധതി**

2012-13 വർഷത്തേയ്ക്കുള്ള വാർഷിക പദ്ധതി രൂപീകരണം ഓരോ കുടുംബങ്ങളിലും ആനിമേറ്റേഴ്സ് ആരംഭിച്ചു.

SAFP - India യിൽ നിന്നും ലഭിച്ച നിർദ്ദേശ പ്രകാരം ഓരോ മേഖലയിൽ നിന്നും ഓരോ വിജയഗാഥകൾ തയ്യാറാക്കി. പുൽപ്പള്ളി മേഖലയിൽ നിന്നും ഷീബ ജോബിയും, കല്പറ്റ മേഖലയിൽ നിന്നും റീന തങ്കച്ചനും, മാനന്തവാടി മേഖലയിൽ നിന്നും ശാന്ത ഇടത്തിലും മികച്ച കുടുംബങ്ങളായി തിരഞ്ഞെടുക്കപ്പെട്ടു. ഈ കുടുംബങ്ങൾ സഹായം ലഭിച്ച വർഷം മുതൽ നടത്തിയ പുരോഗമന പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിലാണ് ഇത്. തുടർച്ചയായി നടത്തിക്കൊണ്ടിരിക്കുന്ന കുടുംബ സന്ദർശനവും മീറ്റിംഗുകളും നടത്തിവരുന്നു.

# കേരള ലേബർ മൂവ്മെന്റ്

കേരളത്തിലെ അസംഘടിത തൊഴിലാളികളുടെ ക്ഷേമം ലക്ഷ്യം വച്ച് പ്രവർത്തിക്കുന്ന ഒരു പ്രസ്ഥാനമാണ് കേരള ലേബർ മൂവ്മെന്റ് (KLM). കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽ കമ്മീഷന്റെ കീഴിലാണ് ഈ പ്രസ്ഥാനം പ്രവർത്തിക്കുന്നത്. സംഘടനാബലം ഇല്ലാത്ത ബഹുഭൂരിപക്ഷം വരുന്ന തൊഴിലാളികൾക്ക് സർക്കാർ നടപ്പിലാക്കുന്ന വിവിധ ക്ഷേമ പദ്ധതികളുടെ ഗുണം വേണ്ടവിധം പ്രയോജനപ്പെടുത്താൻ സാധിക്കുന്നില്ല. ഈ അസംഘടിത തൊഴിലാളികളെ സഹായിക്കാനുള്ള പരിശ്രമങ്ങളാണ് കെ. എൽ.എം. നടത്തിക്കൊണ്ടിരിക്കുന്നത്.

**വാർഷിക ജനറൽ അസംബ്ലി**

കേരളാ ലേബർ മൂവ്മെന്റിന്റെ വാർഷിക ജനറൽ അസംബ്ലി ജനുവരി 7, 8 തീയതികളിൽ തിരുവനന്തപുരം ലാറ്റിൻ രൂപതയുടെ ആനിമേഷൻ സെന്ററിൽ വച്ച് നടന്നു. പ്രസ്തുത വാർഷിക ജനറൽ അസംബ്ലിയിൽ ഓരോ രൂപതകളിൽ നിന്നും പ്രതിനിധികൾ പങ്കെടുക്കുകയും KLM ന്റെ 2011 വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും, 2012 വർഷത്തേക്കുള്ള പ്രവർത്തന പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തു.

**സ്വാലംബൻ പെൻഷൻ ക്ലിനിക്**

അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച സ്വാലംബൻ പെൻഷൻ ക്ലിനിക് ഊർജ്ജിതമായി മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നു. 2012 ജനുവരി മാസം 12-ാം തീയതി കാട്ടിക്കുളം സെന്റ് സെബാസ്റ്റ്യൻസ് ചർച്ചിൽ സ്വാലംബൻ പെൻഷൻ ക്ലിനിക് സംഘടിപ്പിക്കുകയും ആളുകളെ പെൻഷൻ പദ്ധതിയിൽ ചേർക്കുകയും ചെയ്തു.

**അറിയിപ്പ്**

വിവിധ ഇടവകകളിൽ സേവനം ചെയ്യുന്ന ബഹുമാനപ്പെട്ട വൈദികരുടെയും സിസ്റ്റേഴ്സിന്റെയും സഭാസ്ഥാപന മേലധികാരികളുടെയും ശ്രദ്ധയ്ക്ക് നമ്മുടെ സ്ഥാപനങ്ങളിലും, ഇടവകകളിലും സേവനം ചെയ്യുന്നവരെ, കപ്യാർമാർ, സെക്രട്ടറിമാർ, സ്ഥിരം/താൽക്കാലിക ജീവനക്കാരെ സുരക്ഷാപദ്ധതിയിൽ ചേർക്കുന്ന കാര്യം അഭിവന്ദ്യ പിതാവ് നേരത്തെതന്നെ അറിയിച്ചിരുന്നതാണ്. അപ്രകാരം ഇക്കാര്യം ശ്രദ്ധിച്ച് അവരെ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി, KLM രൂപത ഘടകവുമായി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഫാ. ജോൺ ചൂരപ്പുഴയിൽ**
KLM ഡയറക്ടർ

**ക്ഷീരവാണി - റേഡിയോ പ്രക്ഷേപണ പരമ്പര**

ക്ഷീര വികസന വകുപ്പ് ഗ്രാമീണ വിജ്ഞാന വ്യാപന പദ്ധതി പ്രകാരം കമ്മ്യൂണിറ്റി റേഡിയോ മാറ്റൊലിയിൽ 'ക്ഷീരവാണി' എന്ന പ്രക്ഷേപണ പരമ്പരയ്ക്ക് തുടക്കം കുറിച്ചു. ക്ഷീര മേഖലയിലെ നൂതന സാങ്കേതിക വിദ്യകളും വിജയഗാഥകളും കർഷകരിലേയ്ക്ക് എത്തിക്കുക എന്നതാണ് പരിപാടിയുടെ മുഖ്യലക്ഷ്യം.

**അന്ധക്ഷേമ പക്ഷാചരണം**

കേരള ഫെഡറേഷൻ ഓഫ് ബ്ലൈൻഡിന്റെ ആഭിമുഖ്യത്തിൽ നടത്തി വരുന്ന അന്ധക്ഷേമ പക്ഷാചരണത്തിൽ റേഡിയോ മാറ്റൊലിയും പങ്കാളിയായി. കാഴ്ചയില്ലാത്തവർക്കായി പ്രത്യേക പരമ്പര ജനുവരി 08 മുതൽ 12 വരെ പ്രക്ഷേപണം ചെയ്തു.

**വയനാട് ജില്ലാ സ്കൂൾ കലോത്സവം**

2012 ജനുവരി 3, 4, 5, 6, 7 തിയതികളിൽ ദ്വാരക സേക്രഡ് ഹാർട്ട് ഹയർ സെക്കണ്ടറി സ്കൂളിൽ വെച്ച് നടന്ന 32-ാമത് വയനാട് റവന്യൂ ജില്ലാ സ്കൂൾ കലോത്സവത്തിന്റെ തത്സമയ ഫലപ്രഖ്യാപനം മാറ്റൊലി ഫ്ളാഷിൽ പ്രക്ഷേപണം ചെയ്തു. മാറ്റൊലി ഫ്ളാഷ് എല്ലാ ദിവസവും 10 am , 11 am, 12 am, 2 pm, 3 pm, 4 pm, 5 pm തുടങ്ങിയ സമയങ്ങളിലാണ് പ്രക്ഷേപണം ചെയ്യുന്നത്.

**വിദ്യാവാണി**

സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യുക്കേഷണൽ ടെക്നോളജി (SIET) യുടെ സഹകരണത്തോടെ വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന പഠന പരമ്പരയാണ് വിദ്യാവാണി. ലളിതമായ ഭാഷയിൽ, ആകർഷകമായ രീതിയിൽ, വിദഗ്ദ്ധർ തയ്യാറാക്കിയ പാഠപുസ്തക വിഷയങ്ങളാണ് വിദ്യാവാണിയിലൂടെ പ്രക്ഷേപണം ചെയ്യുക. വിദ്യാർത്ഥികൾക്ക് വീട്ടിൽ ട്യൂഷൻ ലഭ്യമാക്കുന്ന ഈ പരിപാടി രാജ്യത്തെ ആദ്യ സംരംഭമാണ്. വിദ്യാവാണിയുടെ സംസ്ഥാന തല ഉദ്ഘാടനം 2012 ജനുവരി 24 ന് തരുവണ ഗവ. ഹൈസ്കൂളിൽ ബഹു. പട്ടികവർഗ്ഗ-യുവജനക്ഷേമ വകുപ്പു മന്ത്രി കുമാരി പി. കെ. ജയലക്ഷ്മി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ബഹു. വിദ്യാഭ്യാസ വകുപ്പു മന്ത്രി ശ്രീ. പി. കെ. അബ്ദുറബ്ബ് നിർവ്വഹിച്ചു. റേഡിയോ മാറ്റൊലി 90.4 എഫ്. എം. ബാൻഡിൽ എല്ലാ ദിവസവും രാവിലെ 07.00 - 07.30, ഉച്ചക്ക് 01.15 - 01.45, വൈകിട്ട് 9.30 - 10.00 വരെ സമയത്തും കൂടാതെ ഞായറാഴ്ചകളിൽ വൈകിട്ട് 5 മുതൽ 6 വരെയും വിദ്യാവാണി പ്രക്ഷേപണം ചെയ്യും.

**ഫാ. ജോസ് കാവുങ്കൽ**
അസി. ഡയറക്ടർ (ബ്രോഡ്കാസ്റ്റിംഗ്)

## Mary Matha arts & science college

### Tidings, January '12

- The College reopened after Xmas Holidays on 3 January.
- Gokul MA & Usha George found berth in the State Level Power Quiz to be held shortly at Thalassery.
- Ms Jisha Elizabeth Joy, Research Scholar of Maths is awarded PhD by the Kannur University for her thesis: *Study on Topologies Arising from Graphs and Digraphs.* Head of the research centre Sr. Dr. KA Germina guided the Thesis.
- It was Festival-time on Campus from 10-13 January: The Annual Sports Meet of the Year was inaugurated by the Divisional Forest Officer Sri Karthikeyan on 10 January. The Idea Star Singer Season 4 fame, Sri Rahul Srinath inaugurated the Fine Arts Festival, Impact 2012 on 12 January.
- Dr. Rakesh led a Session on Dramaturgy to the Higher Secondary School Teachers on Faculty Improvement Program organized by the Directorate of the Wayanad District Higher Secondary Schools at GHSS Meenangady.
- Our Table tennis Team (Nelson III BA, Muhammed II BCom, Aneesh III BCom, Jijo Prasad I Bcom & Gafoor, II BA & the Team Manager Dr. Martin) brought home this Years' Kannur University Championship. Nelson has bagged the Individual Championship too.
- Hari Murali J. Devadass of I year Maths and Anit Joseph of I year Commerce are awarded the Central Sector Scholarship of Rs. 10,000/- each by the Directorate of Collegiate Education, Thiruvananthapuram.
- The Personnel from the Nigi Institute of Communication Arts & Technology, Calicut led the Final Year Students on an Awareness Session on 19 January on the Kerala Government approved C-Dit Courses on offer. The Placement officer Dr. Rakesh coordinated.
- The Final Years are on Study Tour.

**Dr. Raju George** - Principal

# അറിയിപ്പുകൾ



## 1) ബഹു. വൈദികരുടെയും സിസ്റ്റേഴ്സിന്റെയും ശ്രദ്ധയ്ക്ക്

സീറോ മലബാർസഭ പ്രേഷിതവർഷാചരണത്തിന്റെ ഭാഗമായി പാലാ രൂപതയിലെ രാമപുരം ഇടവകയിൽ വച്ച് 2012 ഏപ്രിൽ 30-ന് നടത്തപ്പെടുന്ന മിഷനറി സംഗമത്തിൽ പങ്കെടുക്കുവാനായി മാനന്തവാടി രൂപതയിൽ സേവനം ചെയ്യുന്ന **പാലാ രൂപതക്കാരായ ബഹു. വൈദികരുടെയും സിസ്റ്റേഴ്സിന്റെയും അഡ്രസ്സും ഫോൺ നമ്പറും** എത്രയും വേഗം താഴെ കൊടുത്തിരിക്കുന്ന ഫോൺ നമ്പറിലോ ഇമെയിൽ അഡ്രസിലോ അറിയിക്കുക.

ഫോൺ : 04822 212216, 212217, 214338

E-mail:aramanapala@gmail.com, aramana@paladiocese.in

• • • • • • • • •

## 2) 2012 ലെ വിശുദ്ധനാട് തീർത്ഥാടനം

1) യേശുവിന്റെ പാദസ്പർശനമേറ്റ് പരിപാവനമായ ഇസ്രായേൽ, ഈജിപ്ത്, ജോർദ്ദാൻ, പാലസ്തീന തുടങ്ങിയ പുണ്യസ്ഥലങ്ങളിലേയ്ക്ക് ഏപ്രിൽ, ഒക്ടോബർ മാസങ്ങളിൽ.

2) പുണ്യപ്രസിദ്ധ മരിയൻ തീർത്ഥാടനകേന്ദ്രമായ ലൂർദ്ദ്, പാരീസ്, മിലാൻ, വെനീസ്, പാദുവ, അസ്സീസ്സി, വത്തിക്കാൻ, റോം എന്നീ പുണ്യസ്ഥലങ്ങളിലേയ്ക്ക് ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലും.

എല്ലാ പുണ്യസ്ഥലങ്ങളിലും തീർത്ഥാടക സംഘം വിശുദ്ധബലി അർപ്പിക്കും. പരിശുദ്ധ പിതാവിനെ നേരിൽ കാണാൻ പ്രത്യേകം സൗകര്യമുണ്ടായിരിക്കും. The land of Jesus എന്ന പേരിൽ പ്രകാശനം ചെയ്യുന്ന വീഡിയോ ചിത്രീകരണം (DVD) തീർത്ഥാടനത്തിന്റെ പച്ചപിടിച്ച ദിവ്യാനുഭവം നിലനിർത്താൻ ഉപകരിക്കും.

കഴിഞ്ഞ 13 വർഷങ്ങളായി Cosmo Pilgrimage (വിശ്വതീർത്ഥാടനം) ഒരുക്കുന്ന തീർത്ഥയാത്രയിലേയ്ക്ക് സ്വാഗതം.

താല്പര്യമുള്ളവർ ഉടൻ ബന്ധപ്പെടുക:-

**Rev. Fr. Vincent Pudussery**
St. Antony's Church, Pazhoor,
Cheeral P.O., S.Bathery 673 595
Phone : 09388431601, Land : 04936-262741
Email : vincentpudussery@gmail.com
Web : www.cosmopilgrimage.com



# Programme

## PASTORAL CENTRE, DWARAKA

## February 2012

| | |
|---|---|
| 03F | Zion CRC: Night Vigil |
| 04S | Zion: Prayer Day, Christeen Prayer Day; KCYM |
| 05S-08W | Marriage Preparation Course |
| 10F | KCYM Syndicate |
| 11S | HDC Written Exam |
| 14T | Marian Singles |
| 15T | CMA Executive |
| 17F-20M | Marriage Preparation Course |
| 20M | HDC Viva |
| 25S | Zion: Exam Preparation; HDC Viva |
| 26S | HDC Viva |
| 27M | Women Religious: Major & Local Superiors Meet |

**Rev. Fr. Mathew Kazhuthadiyil**
Director, Pastoral Centre



# Bishop's Programme

## *February 2012*

| | |
|---|---|
| *Jan 30 Feb.10 Fri* | *Bangalore : CBCI Meeting* |
| *11 Sat 12 Sun ...* | *Vettimattam : Jubilee of the Parish* |
| *14 Tue .............* | *Thonichal :First Profession of SKD Novices, Final Profession & Silver Jubilee of SKD Sisters* |
| *15 Wed 16 Thu..* | *Kunnoth : Seminary Commission* |
| *17 Fri ...............* | *Out of Station* |
| *18 Sat Morning* | *Makkiyad Benedictine Monastery : Ordination of Dn. Shijo Pottankulam OSB & Dn. Sibi Vattapara OSB* |
| *Afternoon* | *Mananthavady : Jubilee Celebration of Deepika* |
| *19 Sun ..............* | *Adikolly : Pastoral Visit* |
| *20 Mon ..............* | *Ash Monday* |
| *21 Tue 23 The ...* | *Aluva Seminary Commission* |
| *24 Fri .................* | *Out of Station* |
| *25 Sat .................* | *Engaged* |
| *26 Sun ................* | *Vadakkanad : Pastoral Visit* |
| *27 Mon ..............* | *Dwaraka Pastoral Centre : Meeting of Religious Superiors Women* |
| *28 Tue ...............* | *Engaged* |

| | | | |
|---|---|---|---|
| 29 Wed | Morning | | Bishop's House : Meeting of Religious Superiors - Men |
| | Evening | | Kaniyaram TTI : School Anniversary & Teachers' Sent off |

## March 2012

| | | |
|---|---|---|
| 01 Thu | ............ | Engaged |
| 02 Fri | ............ | Out of Station |
| 03 Sat | ............ | Dwaraka : Meeting of Large Families organized by Pro-life Movement |
| 04 Sun 05 Mon | .. | Mandya |
| 06 Tue | ............. | Engaged |
| 07 Wed | ............ | Visitors' Day |
| 09 Fri | ............. | Out of Station |
| 10 Sat | ............. | Pastoral Council |
| 11 Sun | ............. | Irinjalakuda |
| 12 Mon | ............. | Visitors' Day |
| 13 Tue | ............. | Engaged |
| 14 Wed | ............. | Manimooly : Joint Curia Meeting |
| 16 Fri | ............. | Out of Station |
| 18 Sun | ............. | Pastoral Visit : Amarakuni |
| 19 Mon | ............. | Visitors' Day |
| 21 Wed | ............ | Visitors' Day |
| 23 Fri | ............ | Out of Station |
| 24 Sat | ............ | Manimooly |
| 25 Sun | ............ | Pastoral Visit : Moolepadam |
| 26 Mon | ............ | Visitors' Day |
| 27 Tue | ............ | Engaged |
| 28 Wed | ............ | Visitors' Day |
| 29 Thu | ............ | Madampam : Bible Convention |
| 30 Fri | ............ | Out of Station |

## വൈദികർക്കും സന്ന്യസ്തർക്കും വേണ്ടിയുള്ള പ്രാർത്ഥന

നിത്യപുരോഹിതനായ ഈശോ, /അങ്ങേ ദാസന്മാരായ വൈദികർക്ക് / യാതൊരു ആപത്തും വരാതെ/ അങ്ങേ തിരുഹൃദയത്തിൽ / അഭയം നല്കണമേ. / അങ്ങേ പരിശുദ്ധമായ ശരീരത്തെ / ദിവസംതോറുമെടുക്കുന്ന/ അവരുടെ പൂശപ്പെട്ട കരങ്ങളെ / മലിനമാകാതെ കാക്കണമേ. / അങ്ങേ വിലയേറിയ തിരുരക്തത്താൽ / നനയുന്ന അവരുടെ നാവുകളെ / നിർമ്മലമായി കാത്തുകൊള്ളണമേ. ശ്രേഷ്ഠമായ അങ്ങേ പൗരോഹിത്യത്തിന്റെ / മഹനീയ മുദ്ര പതിച്ചിരിക്കുന്ന / അവരുടെ ഹൃദയങ്ങളെ / ലോകവസ്തുക്കളിൽ നിന്ന് അകറ്റുകയും / വിശുദ്ധമായി കാത്തുകൊള്ളുകയും ചെയ്യണമേ. / അങ്ങയുടെ മഹത്ത്വത്തിനുവേണ്ടിയുള്ള പ്രയത്നങ്ങൾ / ഫലസമൃദ്ധങ്ങളായി ഭവിക്കട്ടെ./അവരുടെ ശുശ്രൂഷ ലഭിക്കുന്നവർ / ഇഹത്തിൽ അവരുടെ ആനന്ദവും ആശ്വാസവും / പരത്തിൽ നിത്യസൗഭാഗ്യത്തിന്റെ മകുടവുമായിത്തീരട്ടെ./ അങ്ങയോടുകൂടെയായിരിക്കാനും / വചനം പ്രഘോഷിക്കാനും / തിന്മയെ ചെറുക്കാനും / അവർ സദാ ഉത്സുകരാകട്ടെ.

കർത്താവേ, / അങ്ങയുടെ സഭയ്ക്ക് / വിശുദ്ധരായ വൈദികരെയും / സന്ന്യാസിനീ–സന്ന്യാസിമാരെയും / അല്മായ പ്രേഷിതരെയും / പ്രദാനം ചെയ്യണമേ.

ലോകരക്ഷകനായ ഈശോ, അങ്ങേ പുരോഹിതരെയും
വൈദിക ശുശ്രൂഷകരെയും ശുദ്ധീകരിക്കണമേ.

വൈദികരുടെ രാജ്ഞിയായ മറിയമേ,
വൈദികർക്കുവേണ്ടി പ്രാർത്ഥിക്കണമേ.

വിശുദ്ധ അൽഫോൻസാമ്മേ,
സന്ന്യസ്തർക്കുവേണ്ടി പ്രാർത്ഥിക്കണമേ.

തിരുക്കുടുംബമേ,
ഞങ്ങളുടെ കുടുംബങ്ങളെ നിർമ്മലമായി കാക്കണമേ.

---

*This Prayer was approved by the KCBC Meeting held from 13th to 15th Dec. 2011*